M. Reg. No. 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 ‖ 1130 വൃശ്ചികം 8—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 നവംബർ 24 ‖ ലക്കം 15

## മാതൃനിർദ്ദേശം

(റവ. ഫാദർ കെ. എം. കുര്യൻ എസ്. ജെ.)



സംഗീതകലയുടെ മദ്ധ്യസ്ഥയായ വിശുദ്ധ സിസിലിയം

(തിരുനാൾ—നവംബർ 22)

"ഇപ്പോഴെങ്ങനെയിരിക്കുന്നു. ബ്രദർ!" ക്ഷയരോഗബാധിതനായി നോട്ടർഡാം ഹോളിക്രോസ്സ് സെമ്മിനാരിയിലെ ദീനമുറിയിൽ കിടന്നിരുന്ന വൈദികവിദ്യാർത്ഥിയോടു് ആ വൃദ്ധവൈദികൻ ചോദിച്ചു.

"ഫാദർ, ഇന്നലത്തേതിൽനിന്നും വലിയ വ്യത്യാസമില്ല."

"ഡോക്ടർ എന്തുപറഞ്ഞു?"

"ശസ്ത്രക്രിയയല്ലാതെ ഇനി വേറെ മാർഗ്ഗമൊന്നുമില്ലെന്നു്."

"ഓ, അത്രയ്ക്കായോ?" ആ വയോവൃദ്ധൻ എന്തോ ആലോചിക്കുന്നതുപോലെ തോന്നി. രോഗിയായ യുവാവിനെ അദ്ദേഹം സാനുകമ്പം ഒന്നു നോക്കി. അദ്ദേഹത്തിന്റെ മുഖം ശോകമയമായിരുന്നു. എങ്കിലും പെട്ടെന്നു് ഒരാശാകിരണം അവിടെ പ്രത്യക്ഷപ്പെട്ടു, ഉദയസൂര്യന്റെ ആദ്യരശ്മിപോലെ.

"ബ്രദർ, മാതാവിനോടു് പ്രാർത്ഥിക്കുക. ആ അമ്മ ഈ സുഖക്കേടു ഭേദമാക്കാതിരിക്കുകയില്ല."

"ഞാൻ ഒരുപാടു പ്രാർത്ഥിച്ചു. എന്നിട്ടും... ഞാൻ ശസ്ത്രക്രിയക്കു വഴിപ്പെടണമെന്നാണു് മാതാവിന്റെ ആഗ്രഹമെങ്കിൽ...."

"അവൾ ഒരു സ്ത്രീയല്ലേ? അവൾക്കു ഒരു മാതൃഹൃദയമില്ലേ? വീണ്ടും പ്രാർത്ഥിക്കുക, ഭക്തിയോടെ പ്രാർത്ഥിക്കുക. തീർച്ചയായും മാതാവു നിങ്ങളെ സുഖപ്പെടുത്തും."

"എന്നാൽ ഞാൻ ഇനിയും പ്രാർത്ഥിക്കാം", വിദ്യാർത്ഥി സമ്മതിച്ചു.

വൈദികൻ മെല്ലെ ഒന്നു പുഞ്ചിരിതൂകി.

"ഡോക്ടർ എന്നെ കാത്തുനില്ക്കുന്നുണ്ടാവും." അദ്ദേഹം മന്ദസ്മിതത്തോടെ പറഞ്ഞു "ഞാൻ പോകട്ടെ. ബ്രദർ! വേഗം സുഖമാകാൻ നോക്കൂ!'

ചിന്താമഗ്നനായി ആ വൈദികവിദ്യാർത്ഥി ഒന്നുരണ്ടു നിമിഷത്തേക്കു്. തനിക്കെതിരെയായി, ചുവരിൽ തൂങ്ങിക്കിടന്നിരുന്ന അമലോത്ഭവമാതാവിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ പതിഞ്ഞു. പരിശുദ്ധകന്യകയെ സ്നേഹമസൃണമായി നോക്കിക്കൊണ്ടു് താഴ്ന്നസ്വരത്തിൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. "ഓ മറിയമേ, എന്റെ മാതാവേ, ഈ രോഗത്തിൽനിന്നും എന്നെ സുഖപ്പെടുത്തേണമേ. എനിക്കു രോഗശാന്തി ലഭിക്കുന്നതായാൽ, എന്റെ വൈദികജീവിതം ജനങ്ങളുടെ ഇടയിൽ ജപമാലഭക്തി വർദ്ധിപ്പിക്കുന്നതിനായി ഞാൻ വിനിയോഗിക്കുന്നതാണു്. അനുദിനം ജപമാല എത്തിക്കുന്നതിനു് അമേരിക്കൻ കുടുംബങ്ങളെ ഞാൻ പ്രേരിപ്പിക്കും."

ജപമാലയുടെ പ്രേഷിതനെന്നു് ഇന്നു ലോകപ്രസിദ്ധിനേടിയിരിക്കുന്ന ഫാദർ പെയിറ്റനായിരുന്നു ആ യുവാവു്.

* * *

1942 ജൂലൈ രണ്ടാംതീയതി മാതാവിന്റെ തിരുനാളായ ഈ സുദിനത്തിൽ, ജപമാലഭക്തി പ്രചരിപ്പിച്ചുകൊള്ളാമെന്നു് ദൈവജനനിയോടു് താൻ ചെയ്ത വാഗ്ദാനം നിറവേറ്റുവാൻ ആത്മാർത്ഥമായ പരിശ്രമം ഫാദർ പെയിറ്റൻ ആരംഭിച്ചു. അനുദിനം ജപമാല എത്തിക്കുന്നതിനു് ഒരു നൂറുലക്ഷം കുടുംബങ്ങളെ പ്രേരിപ്പിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനലക്ഷ്യം. എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമായിരുന്നില്ല അതു്. ഒരു സുപ്രസിദ്ധ എഴുത്തുകാരനായ ഡോൺ ഷാർക്കി പറയുന്നു: "ഇതിനേക്കാൾ വിഷമമേറിയ ഒരു ജോലി വളരെ അപൂർവ്വമായിട്ടേ ഒരാൾക്കു് നിർവ്വഹിക്കേണ്ടതായി വന്നിട്ടുള്ളു. അദ്ദേഹത്തിനു് (ഫാദർ പെയിറ്റനു്) ഉന്നതസ്ഥാനങ്ങളിൽ സ്നേഹിതന്മാരായി ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു നാണംകുണുങ്ങിയായിരുന്നതിനാൽ മാതാവിനെക്കുറിച്ചോ ജപമാലയെപ്പറ്റിയോ അല്ലാതെ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉച്ചാരണം അസ്പഷ്ടമായിരുന്നു കൂടാതെ "പ്രാർത്ഥന" എന്ന പദോച്ചാരണം പോലും "ഫാഷ"നല്ലാതായിത്തീർന്നിരുന്ന ഒരു കാലത്തു് പ്രാർത്ഥന പഠിപ്പിക്കുകയെന്ന ജോലിയായിരുന്നു അദ്ദേഹത്തിനു് ചെയ്യേണ്ടിയിരുന്നതു്." പക്ഷെ പ്രാതികൂല്യങ്ങൾ നേരിടുമ്പോൾ തിരിഞ്ഞോടുന്ന സ്വഭാവക്കാരനല്ലായിരുന്നു ഫാദർ പെയിറ്റൻ. മാതാവിന്റെ പരിരക്ഷണത്തിൽ ശരണപ്പെട്ടുകൊണ്ടു് അചഞ്ചലമായ വിശ്വാസത്തോടെ അദ്ദേഹം മുന്നേറി.

തന്റെ ലക്ഷ്യപ്രാപ്തിക്കു് ഏറ്റവും ഉപയോഗപ്രദമായ ഒരു മാർഗ്ഗമാണു് റേഡിയോ എന്നു് താമസിയാതെ തന്നെ അദ്ദേഹത്തിനു് ബോധ്യമായി. അതിന്റെ പ്രായോഗികവശത്തെപ്പറ്റി വളരെ പരിമിതമായ അറിവേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. എങ്കിലും ഒന്നു ശ്രമിച്ചുനോക്കുവാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ഫലമോ? അത്ഭുതാവഹം! അനേകം റേഡിയോ ഭാരവാഹികളും പേരുകേട്ട പല സിനിമാതാരങ്ങളും അവരുടെ സഹായഹസ്തങ്ങൾ അദ്ദേഹത്തിന്റെ നേർക്കു് നീട്ടി. അദ്ദേഹത്തിനു ലഭിച്ച സഹകരണം തികച്ചും പ്രോത്സാഹജനകമായിരുന്നു. എന്തിനേറെപ്പറയുന്നു, 1952ൽ 26 സ്റ്റേഷനുകളിൽനിന്നും റേഡിയോവിൽ ദിവസേന ചൊല്ലിയിരുന്ന ജപമാലയിൽ 5000 നഗരങ്ങളിലെ ജനങ്ങൾ സംബന്ധിച്ചിരുന്നു. കൂടാതെ, ഐക്യനാടുകളുടെ ഒരറ്റംമുതൽ മറ്റെ അറ്റംവരെ കേൾക്കത്തക്കവിധത്തിൽ 42സ്റ്റേഷനുകളിൽനിന്നു് ആഴ്ചതോറും ജപമാല ജപിച്ചിരുന്നു. ഈ റേഡിയോ പ്രാർത്ഥന രാജ്യമൊട്ടാകെ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

ഒരിക്കൽ ഒരു സിനിമാക്കമ്പനിക്കാരൻ അത്ഭുതത്തോടെ ഫാദർ പെയിറ്റനോടു് ചോദിച്ചു: "നമ്മുടെ ഗവമ്മെൻറുപോലും പലപ്പോഴും പരാജയമടഞ്ഞിരിക്കുന്ന സ്ഥിതിക്കു്, ഇതെല്ലാം ചെയ്യാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു" എന്നു്. "നമ്മുടെ നാഥയ്ക്കു് ഗവമ്മെൻറിനേക്കാൾ വളരെയധികം നന്നായി ചെയ്യുവാൻ പ്രാപ്തിയുണ്ടു്," ഫാദർ പെയിറ്റൻ പ്രതിവചിച്ചു. വാസ്തവത്തിൽ അദ്ദേഹമല്ല, സ്വർഗ്ഗനാഥയാണു് സകലതും സാധിച്ചതു്.

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും അങ്ങനെ കടന്നുപോയി. ഫാദർ പെയിറ്റന്റെ സംരംഭം അത്ഭുതകരമാംവണ്ണം അഭിവൃദ്ധിപ്പെട്ടു. അമേരിക്കയുടെ അതിർത്തികളെ അതിലംഘിച്ചു്, ആ മഹാനദി ഭൂഗോളത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും പ്രവഹിക്കുവാൻ തുടങ്ങി. ഇംഗ്ലണ്ടിലും ആസ്ട്രേലിയായിലും ഫാദർ പെയിറ്റൻ തന്നെ ജപമാല പ്രസംഗങ്ങൾ നടത്തി, പ്രക്ഷോഭണങ്ങൾ നയിച്ചു. പോയിടങ്ങളിലെല്ലാം അദ്ദേഹത്തിനു് അഭൂതപൂർവ്വമായ വിജയം സിദ്ധിച്ചു. മറിയയുടെ പ്രേഷിതനു് എവിടെയും വിജയം! എല്ലായ്പോഴും വിജയം! പന്ത്രണ്ടു നീണ്ട സംവത്സരത്തെ അദ്ദേഹത്തിന്റെ അവിശ്രാന്തപരിശ്രമഫലമായി, ഇന്നു് ലോകമൊട്ടാകെ ഒരു കോടിയിലധികം കുടുംബങ്ങൾ അനുദിനം ജപമാല എത്തിക്കാമെന്നു് പ്രതിജ്ഞ ചെയ്തിട്ടുണ്ടു്.

കുടുംബജപമാല പ്രചാരണാർത്ഥം ഈ ഭഗീരഥപ്രയത്നം ചെയ്യുന്നതിനു് ഫാദർ പെയിറ്റനെ പ്രേരിപ്പിച്ചതെന്തായിരിക്കാം? ഒരു യുവാവായിരുന്നപ്പോൾ തന്നെ അദ്ദേഹത്തിനു പരിപൂർണ്ണബോധ്യമുണ്ടായിരുന്നു, ഈ ലോകത്തി

ലെ ഓരോ ഭവനവും ഓരോ ക്രിസ്തീയകുടുംബമായി തീരാത്തിടത്തോളംകാലം ലോകം നന്നാവാൻ പോകുന്നില്ലെന്നു്. ഒരു ഭവനം ഒരു ക്രിസ്തീയകുടുംബമായിത്തീരുന്നതിനു്, ആ കുടുംബാംഗങ്ങൾ പ്രാർത്ഥിക്കണം, ഒരുമിച്ചു് പ്രാർത്ഥിക്കണം. എന്നാൽ ജപമാലയേക്കാൾ മഹത്തരമായ ഒരു കുടുംബപ്രാർത്ഥന വേറെയില്ലതന്നെ. ഫാദർ പെയിററൻെറ വാക്കുകൾ തന്നെ കേൾക്കുക: "കുടുംബാംഗങ്ങൾ എൻെറ സന്ദേശം ശ്രവിക്കുകയും അനുദിനജപമാല വഴിയായി അവരുടെ 24 മണിക്കൂറിൽ പത്തു നിമിഷം നമ്മുടെ നാഥയ്ക്കു നൽകുകയും ചെയ്യുമെങ്കിൽ, അവരുടെ ഭവനങ്ങൾ ദൈവാനുഗ്രഹത്താൽ ശാന്തസുന്ദരവും പ്രാർത്ഥനാനിരതവുമായ സ്ഥലങ്ങളായി—കുടുംബജീവിതത്തിൻെറ കർത്താവായ ദൈവം ഉദ്ദേശിച്ചതുപോലെ ചെറിയ ഭൗമികപറുദീസാകളായി— രൂപാന്തരപ്പെടുമെന്നു് അവർക്കു ഞാൻ ഉറപ്പു നൽകുന്നു." ഈ അഭ്യർത്ഥന അനുസരിച്ചു ഓരോ കുടുംബാംഗവും പ്രവർത്തിച്ചാൽ സന്താപതാഴ്‌വരയായ ഈ ലോകം ഒരു സൗഭാഗ്യകൊട്ടമുടിയായിത്തീരും, തീർച്ചയാണു്.

ഇരുപതാംനൂററാണ്ടിൻെറ ഒരു നൂതനസൃഷ്ടിയല്ല കുടുംബജപമാല. അനേകശതാബ്ദങ്ങളായി കത്തോലിക്കാ ഭവനങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു മഹനീയപതിവാണിതു്. പല മാർപ്പാപ്പാമാരും ഇതിനെ പ്രകീർത്തിച്ചിട്ടുണ്ടു്, അധികമധികം പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചിട്ടുമുണ്ടു്. പുണ്യപാദനായ ഒൻപതാംപീയൂസ് ഒരിക്കൽ പ്രസ്താവിക്കയുണ്ടായി: "നിങ്ങളുടെ ഹൃദയങ്ങളിൽ, നിങ്ങളുടെ ഭവനങ്ങളിൽ, നിങ്ങളുടെ രാജ്യത്തിൽ, സമാധാനം വേണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, സായംകാലങ്ങളിൽ ഒരുമിച്ചുകൂടി ജപമാല ജപിക്കുവിൻ." അദ്ദേഹത്തിൻെറ പിൻഗാമിയായ 13-ാം ലെയോ, പാപ്പാമന്ദിരത്തിലെ മററംഗങ്ങളുമൊരുമിച്ചു് ദിവസേന കൊന്തനമസ്കാരം എത്തിച്ചിരുന്നു. ദൃഷ്ടാന്തം പ്രബോധനങ്ങളേക്കാൾ പ്രോത്സാഹജനകമാണല്ലോ! അനുദിനജപമാല കുടുംബജീവിതവിജയത്തിനു് ഏററവും പററിയ മാർഗ്ഗമാണെന്നു് പരിശുദ്ധപിതാവു് പന്ത്രണ്ടാംപീയൂസും ഒരിക്കൽ പറയുകയുണ്ടായി.

നമ്മുടെ ഹൃദയത്തിലും നമ്മുടെ ഭവനത്തിലും നമ്മുടെ രാജ്യത്തിലും നമ്മുടെ ലോകത്തിലും സമാധാനമുണ്ടാകണമെന്നു നാം ഓരോരുത്തരും ആഗ്രഹിക്കുന്നുണ്ടു്. അതിനുവേണ്ടി ഓരോ ദിവസവും ഒരുമിച്ചുകൂടി നമുക്കു ജപമാല എത്തിക്കാം. കലഹംകൊണ്ടും കലാപംകൊണ്ടും കഷ്ടപ്പെട്ടു് നട്ടംതിരിയുന്ന മാനവകുലത്തിനു് ശാശ്വതമായ ശാന്തിയും സമാധാനവും കൈവരുന്നതിനു് ജപമാലരാജ്ഞിയോടു് നമുക്കു് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ആ അമ്മ നമ്മെ തീർച്ചയായിട്ടും സഹായിക്കും. സഹായിക്കാമെന്നു് അവിടുന്നുതന്നെ വാഗ്ദാനം ചെയ്തിട്ടില്ലേ? 1884 മാർച്ചുമാസം 3-ാംനു നേപ്പിൾസിലുള്ള ഫോർത്തുണാ എന്ന ബാലികയ്ക്കു് മാതാവു് പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം പറഞ്ഞു: "എനിക്കു് ഏററവും പ്രിയംകരമായ "ജപമാലരാജ്ഞി" എന്ന അഭിധാനത്താൽ നീ എന്നെ സംബോധനചെയ്യയാൽ നീ ചോദിക്കുന്നതു് തരാതിരിക്കുവാൻ എനിക്കു സാദ്ധ്യമല്ല."

ഇന്നു് ലോകത്തെ ബാധിച്ചിരിക്കുന്ന വ്യാധികൾക്കു് മ[illegible]വു് ഒരു പരിഹാരമാർഗ്ഗം നി[illegible]ശിക്കുന്നു: അനുദിനജപമാല.

# മാതാപിതാക്കന്മാരുടെ ആശിസ്സുകൾ

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

പൈതൃകാശീർവ്വാദത്തിൻെറ മാഹാത്മ്യം കത്തോലിക്കാ വിശ്വാസികളിൽ മൂന്നുലക്ഷത്തോളം ജനങ്ങൾ അനുഭവിച്ചറിഞ്ഞ ദിനമായിരുന്നു 1950 മേയ് 20. പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് അന്നേ ദിവസം വി. പത്രോസിൻെറ ദേവാലയത്തിലേക്കെഴുന്നള്ളി. "ജസ്റ്റാസ്റ്റോറിയാ" എന്ന സിംഹാസനത്തിൽ സ്വിസ്ഭടന്മാർ അവിടുത്തെ വഹിക്കയായിരുന്നു. വീക്ഷകരുടെ കൂട്ടത്തിൽ ഈയുള്ളവനും ഉൾപ്പെട്ടിരുന്നു. മാർപ്പാപ്പായുടെ എഴുന്നള്ളത്തു പ്രതീക്ഷിച്ചു സിലോണിൽനിന്നും വന്നിരുന്ന തീർത്ഥകരും അവിടെ സ്ഥലംപിടിച്ചിരുന്നു. ആ തീർത്ഥകസംഘത്തിൽ അക്രൈസ്തവരുൾപ്പെട്ടിരുന്നു. മാർപ്പാപ്പാ എഴുന്നള്ളുമ്പോൾ തങ്ങൾ മുട്ടുകുത്തുകയില്ലായെന്നുള്ള വ്യവസ്ഥയിലാണു് സിലോണിൽവച്ചു അവർ തീർത്ഥകസംഘത്തിൽ ചേർന്നതു്. പരിശുദ്ധ പിതാവു് മന്ദസ്മിതം തൂകിയും അനുഗ്രഹാശിസ്സുകൾ വർഷിക്കുന്ന വലതുകരം രണ്ടു വശത്തേക്കും തിരിച്ചു വാഴ്‌വു നൽകിയുമാണു് മുന്നോട്ടുഗമിച്ചതു്. ആർപ്പുവിളി, കരഘോഷം എന്നിവയുടെ മദ്ധ്യേ അവിടുന്നു വത്തിക്കാൻ ദേവാലയത്തിൽ പ്രവേശിക്കവേ സിലോണിലെ അക്രൈസ്തവതീർത്ഥകരുൾപ്പെടെയുള്ള എല്ലാവരും നമ്രശിരസ്കരായി മുട്ടുകുത്തി. ദേവാലയത്തിലെ ചടങ്ങുകൾക്കുശേഷം മേൽപറഞ്ഞ അക്രൈസ്തവസഹോദരങ്ങൾ കേരളീയരായ ഞങ്ങളെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു: "ഞങ്ങൾ സിലോണിൽനിന്നും പുറപ്പെടുന്നതിനുമുമ്പു തീരുമാനിച്ചതാണു്, മാർപ്പാപ്പാ എഴുന്നള്ളുമ്പോൾ മുട്ടുമടക്കരുതെന്നു്. എന്നാൽ നാല്പത്തിയഞ്ചു കോടി ജനത്തിൻെറ ആ ആദ്ധ്യാത്മികസമ്രാട്ടിനെ ദർശിച്ചമാത്രയിൽ മുട്ടുമടക്കുന്നതിനു ഏതോ അമാനുഷികശക്തി ഞങ്ങളെ നിർബന്ധിക്കയും ഞങ്ങൾ അതിനു വശംവദരാകയുംചെയ്തു."

മേൽപ്പറഞ്ഞ വിധമുള്ള പൈതൃകാശീർവ്വാദം സ്വീകരിക്കുന്നതിനുള്ള അവസരം വായനക്കാരിൽ എല്ലാവർക്കും ലഭിക്കുന്നില്ലെന്നു കരുതി നിരാശപ്പെടേണ്ട. അപ്രകാരമുള്ള പൈതൃകാശീർവ്വാദം നമ്മുടെ ഭവനത്തിലും നമുക്കു ലഭിക്കുന്നതാണു്. ലോകത്തിൽ ജനിക്കുന്നതിനു നമുക്കവസരംതന്ന നമ്മുടെ വത്സലപിതാവിൻെറ വാഴ്‌വു് ഇതിലൊട്ടും വ്യത്യസ്തമല്ലായെന്നു ലോകം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മാതാപിതാക്കന്മാർ കുടുംബത്തിലെ സന്താനങ്ങൾക്കു് വാഴ്‌വു നൽകുകയെന്നതു് പുരാതനമായ ഒരു ആചാരമാണു്. പൂർവ്വപിതാക്കന്മാരുടെ (Patriarchs) കാലത്താണു് ഇതു ജന്മമെടുത്തതു്. അന്നു അതിനു ലഭിച്ചിരുന്ന പേരു് "കുടുംബത്തിലെ കൂദാശ" എന്നായിരുന്നു. പഴയനിയമത്തിൽ Patriarch അഥവാ ജനത്തിൻെറ പിതാവാണു് ഇതു നൽകിയിരുന്നതു്. എന്നാൽ പുതിയനിയമത്തിൻെറ ആവിർഭാവത്തോടുകൂടി ക്രിസ്തു അവിടുത്തെ അമ്മയായ പരിശുദ്ധ കന്യകമറിയത്തിൽ സ്ത്രീയുടെ സ്ഥാനമുയർത്തുകയും തദ്വാരാ എല്ലാ സ്ത്രീജനങ്ങൾക്കും പിന്നീടു ഇതു് അവകാശമായി സിദ്ധിക്കയുംചെയ്തു. അപ്പോൾ ഒരു പിതാവിനു് ഇതിനുള്ള അധികാരവും അവകാശവും മാതാവിനും ഉണ്ടെന്നുള്ളതു് സുവ്യക്തമാണല്ലോ.

വിശുദ്ധർ ഈ ആചാരം ഇഷ്ടപ്പെട്ടിരുന്നു. ചെസാറയിലെ വി. ബേസിലിൻെറയും നിസായിലെ വി. ഗ്രിഗോരിയോസിൻെറയും പിതാമഹിമാർ തങ്ങളെ അനുഗ്രഹിച്ചതായും വാഴ്‌വു നൽകിയതായും അവരുടെ ജീവചരിത്രം തെളിയിക്കുന്നു. നസിയാൻസിയായിലെ വി. ഗ്രിഗോരിയെ മാതാവായ "നോന്നാ" അനുഗ്രഹിച്ചു വാഴ്‌വു നൽകി. വി. ഫ്റാൻസിസ് സാലസ് എല്ലാ ദിവസവും മാതാവിൻെറ മുമ്പിൽ മുട്ടുകുത്തി വാഴ്‌വു സ്വീകരിച്ചിരുന്നു.

വി. അംബ്രോസ് പ്രസ്താവിക്കുന്നതിപ്രകാരമാണു്: "ഏതൊരുവൻ തൻെറ മാതാപിതാക്കന്മാരാൽ അനുഗ്രഹിക്കപ്പെടുന്നുവോ അവൻ ദൈവത്താലും അനുഗ്രഹീതനാകുന്നു." അതിനാൽ ക്രിസ്തീയമാതാപിതാക്കന്മാരേ, നിങ്ങളുടെ മക്കൾക്കു വാഴ്‌വു നൽകുക, തദ്വാരാ ദൈവവും അവർക്കു വാഴ്‌വു നൽകേണ്ടതിനു്. മക്കളുടെ നെററിത്തടത്തിൽ നിങ്ങൾ കുറിക്കുന്ന കുരിശടയാളം കാലങ്ങൾ മുമ്പോട്ടുപോകുന്തോറും അർത്ഥസമ്പൂർണ്ണമായി പരിണമിക്കും. പലപ്രാവശ്യം മക്കൾ മാതാപിതാക്കന്മാരുടെ ചൊൽപ്പടിയിൽ നിന്നകന്നുപോയേക്കാമെങ്കിലും മക്കളെ പ്രതി തങ്ങൾ ചൊരിഞ്ഞ ബാഷ്പകണങ്ങളും നൽകിയ വാഴ്‌വിൻെറ സ്മരണയും കാലാന്തരത്തിൽ അവർ ദൈവസന്നിധിയിലേക്കു തിരിച്ചുവരുന്നതിനു കാരണമാകും. മാതാപിതാക്കന്മാരുടെ ആശിസ്സുകളുടെ വേറൊരു ഗുണം അവർ ദൈവനാമത്തിൽ അതു നൽകുന്നതിനാൽ ദൈവഭയമുള്ളവരായി ജീവിക്കുന്നതിനു അവർക്കുതന്നെ അതുപകരിക്കും.

എപ്രകാരം ഈ വാഴ്‌വു നൽകണമെന്നുള്ളതാണു് ഇതിനുപരി ചിന്തിക്കേണ്ടതു്. ആശീർവ്വാദം നൽകുമ്പോൾ മക്കൾ മുട്ടുകുത്തുവാൻ പറയണം. അനന്തരം വലതുകരം മക്കളുടെ ശിരസ്സിൽവച്ചു "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" അഥവാ "ഞാൻ നിന്നെ അനുഗ്രഹിക്കുന്നു" എന്നു പറയണം. പിന്നീടു് ഹന്നാൻവെള്ളംകൊണ്ടു മക്കളുടെ നെററിമേൽ വരച്ചു "ബാവായുടേയും പുത്രൻെറയും റൂഹാദ്ക്കുദ്ശായുടേയും നാമത്തിൽ" എന്നു മാതാവോ പിതാവോ പറയുമ്പോൾ "ആമ്മേൻ," എന്നു മക്കൾ പ്രതിവചിക്കണം. വിദൂരസ്ഥലത്തു് സ്ഥിതിചെയ്യുന്ന മകനാണു് പിതാവു് ആശിസ്സു നൽകുവാനുദ്ദേശിക്കുന്നതെങ്കിൽ അവനു അയക്കുന്ന കത്തിൻെറ അവസാനം "നിൻെറ പിതാവും മാതാവും നിന്നെ അനുഗ്രഹിക്കുന്നു" എന്നു് എഴുതട്ടെ. എപ്പോൾ ആശിസ്സുകൾ നൽകണമെന്നതിനെപ്പററിയും അല്പം പ്രസ്താവിക്കാം. എല്ലാ ദിവസവും രാത്രിയിലത്തെ പ്രാർത്ഥന കഴിഞ്ഞു മാതാപിതാക്കന്മാർ മക്കൾക്കു വാഴ്‌വു നൽകുന്നതു ഉത്തമം. ബാലികാബാലന്മാരെ ആദ്യമായി സ്കൂളിലേക്കു് അയക്കുമ്പോൾ മാതാപിതാക്കന്മാർ അവർക്കു വാഴ്‌വു നൽകട്ടെ. പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനു ദേവാലയത്തിലേക്കു പോകുന്ന ബാലികാബാലന്മാർക്കു മാതാപിതാക്കന്മാർ വാഴ്‌വു നൽകുന്നതു ആ കൂദാശയുടെ സ്വീകരണത്തിൻെറ മാഹാത്മ്യമല്ലയോ വിളിച്ചറിയിക്കുന്നതു്. മക്കളായ യുവതിയുവാക്കന്മാർ ഉന്നതവിദ്യാഭ്യാസാർത്ഥം ദൂരദേശത്തേക്കു പോകുമ്പോൾ മാതാപിതാക്കന്മാരുടെ ആശിസ്സുകൾ സ്വീകരിക്കുന്നതിനു അവരെ സമീപിക്കട്ടെ. അപ്രകാരംതന്നെ വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നതിനു ദേവാലയത്തിലേക്കു പോകുന്ന യുവതിയുവാക്കന്മാർക്കും മാതാപിതാക്കന്മാരുടെ അനുഗ്രഹാശിസ്സുകൾ ഒഴിച്ചുകൂടാത്തവയാകുന്നു. പൗരോഹിത്യം സ്വീകരിക്കുന്നതിനു തിരുവസ്ത്രങ്ങളണിഞ്ഞു നില്ക്കുന്ന ആറാംപട്ടക്കാരൻ, അതേ, ഏതാനും മണിക്കൂറുകൾക്കുള്ളിൽ മിശിഹായുടെ പ്രതിനിധിയായി മാതാപിതാക്കന്മാർക്കു് വാഴ്‌വു നൽകേണ്ട ശെമ്മാശൻ മാതാപിതാക്കന്മാരിൽനിന്നു വാഴ്‌വു സ്വീകരിക്കേണ്ടതാണു്.

അല്ലയോ മാതാപിതാക്കന്മാരേ, നിങ്ങൾ മരണക്കിടക്കയിലായിരിക്കുമ്പോൾ മക്കൾ ദുഷ്ടരോ നല്ലവരോ ആയാലും നിങ്ങളുടെ കൈകൾ വിരിച്ചു് അവരുടെ ശിരസ്സിൽവച്ചു് വാഴ്‌വുനൽകുക. വിശുദ്ധ അംബ്രോസിൻെറ വാക്കുകൾ നിങ്ങൾ സ്മരിച്ചാലും: "നിങ്ങൾ ധനികരല്ലായിരിക്കാം. വലിയ സമ്പത്തു മക്കൾക്കായി നിക്ഷേപിച്ചിട്ടു് ഈ ലോകത്തോടു് യാത്രപറയാൻ നിങ്ങൾക്കു സാധിച്ചില്ലെന്നു വന്നാലും നിങ്ങളുടെ അനുഗ്രഹാശിസ്സുകൾ അവർക്കു നൽകിയതിനുശേഷം എന്നന്നേക്കുമായി യാത്രപറയുക."


നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്കു് ബാങ്കു് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ – കോട്ടയം
മണിമല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി


## പുസ്തകാഭിപ്രായം

### പൂക്കാലം

(ഫാദർ ആബേൽ ടി. ഒ. സി. ഡി. S. H. ബുക്കസ്റ്റാൾ, മന്നാനം. പേജു് 24. വില 3ണ.)

### മിഷൻഗാനങ്ങൾ

(രണ്ടാംപതിപ്പു്. എസ്. എച്ചു്. ലീഗു്. പേജു് 16. വില ഒരണ)

### ഗാനമുന്നണി

(വക്കി നടയ്ക്കൽ, ചേർത്തല. പേജു് 12. വില ½ണ)

മതപരമായ ഗാനങ്ങളുടെ സമാഹാരങ്ങളാണു് ആദ്യത്തെ രണ്ടു കൃതികളും. ഹിന്ദി വർണ്ണമട്ടുകളിൽ ഗാനങ്ങൾ രചിക്കുന്നതിനു് പൂക്കാലത്തിൻെറ കർത്താവായ ഫാദർ അബേലിനു് വിരുതു കൂടും. പൂക്കാലറാണിയായ പരിശുദ്ധകന്യകയെക്കുറിച്ചുള്ള ഈ ഗാനങ്ങളുടെ കാര്യം പിന്നെ എടുത്തുപറയേണ്ടതില്ല. മുട്ടത്തുവർക്കിയുടെ ഓമനത്തമുള്ള ഒരു കൊച്ചുവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത ഗാനങ്ങൾ മാതൃഭക്തരുടെ മധുരവികാരങ്ങളെ ഉത്തേജിപ്പിക്കുവാൻ പോന്നവയാണു്.

"മിഷൻഗാനങ്ങൾ" പലർ എഴുതിയിട്ടുള്ളവയിൽനിന്നു ഇരു

## ഉപകാരസ്മരണ

ദേവമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

E. G. Mary, Kanjoor

പതിനെണ്ണം തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗാനങ്ങളാണു്. സാഹിത്യസുന്ദരങ്ങളും പ്രേഷിതചൈതന്യനിർഭരങ്ങളുമായ പല നല്ലഗാനങ്ങളും ഇതിലുണ്ടു്. മിഷൻസൺഡേയും മററും ആഘോഷിക്കുമ്പോൾ വളരെയേറെ പ്രയോജനപ്പെടുത്താവുന്ന ഒരു കൊച്ചുപുസ്തകം.

പതിനഞ്ചു കമ്മ്യൂണിസ്റ്റുവിരുദ്ധഗാനങ്ങൾ സമാഹരിച്ചിരിക്കുകയാണു് ഗാനമുന്നണിയിൽ. കമ്മ്യൂണിസ്റ്റുകാരുടെ ഗാനങ്ങൾക്കുള്ള ഹൃദയവശ്യശക്തിയും വികാരതീവ്രതയും കമ്മ്യൂണിസ്റ്റു് വിരുദ്ധഗാനങ്ങൾക്കില്ലെന്നുള്ള കുറവു പരിഹരിക്കാൻ കുറെയൊക്കെ പ്രയോജനപ്പെടും ഈ ഗാനകലിക. ഭാഷാപരമായ ന്യൂനതകളധികമില്ലാത്തതും കലാഭംഗിയുള്ളതുമായ ഗാനങ്ങളാണു് മിക്കതും. ഏററവും പുതിയ ട്യൂണുകളിലുള്ള കുറെ ഗാനങ്ങൾ കൂടിയുണ്ടായിരുന്നെങ്കിൽ ആ തുറയിലുള്ള ആവശ്യങ്ങൾക്കു് പൂർണ്ണമായി ഉതകുമായിരുന്നുവെന്നുമാത്രം. ഇന്നും ആകർഷകത്വം നശിച്ചിട്ടില്ലാത്ത ചില പഴയ "രീതി"കൾക്കും സ്ഥാനം നൽകാൻ ശ്രമിച്ചിരിക്കുന്നതു് അഭിനന്ദനീയമാണു്.

(ഉലകംതറ)

# സ്വർഗ്ഗറാണി!

## "ആഡ്ചേലി റെജിനാം" എന്ന തിരുവെഴുത്തു്

(പരിഭാഷകൻ റവ: ഫാദർ തോമസ് മുത്തേടൻ എം. ഏ. ഡി. ഡി.)

**പള്ളിമണികൾക്കു്**
അപേക്ഷിക്കുക:
അസ്സീസിപ്രസ്സ് (ഡയോസിസൻ)
കോട്ടാർ—നാഗർകോവിൽ


കത്തോലിക്കാസഭയുടെ ആദിമശതാബ്ദങ്ങൾ മുതൽതന്നെ സന്തോഷങ്ങളിലും പ്രത്യേകിച്ചു ഭയങ്കരമായ വിപത്തുകളുടെ ഭീഷണികളിലും ക്രിസ്തീയജനത വിനീതമായ പ്രാർത്ഥനകളും ഭക്തസ്തുതിഗീതങ്ങളും സ്വർഗ്ഗറാണിക്കു സമർപ്പിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ദിവ്യരാജനായ ഈശോമിശിഹായുടെ അമ്മയിൽ നിക്ഷിപ്തമായ ശരണം ഒരിക്കലും ക്ഷയിച്ചിട്ടില്ല. ദൈവമാതാവും കന്യകയുമായ മറിയം ലോകമാസകലം മാതൃസഹജമായ ഹൃദയത്തോടെ ഭരിക്കുന്നുവെന്നു് നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിശ്വാസത്തിനും ക്ഷയം വന്നിട്ടില്ല. രാജകീയ മാഹാത്മ്യത്തിന്റെ മകുടത്താൽ മറിയം സ്വർഗ്ഗീയ സൗഭാഗ്യത്തിനിടയ്ക്കു് മുടി ധരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭയങ്കരമായ വിപത്തുകളിൽ കൂടെ നാം കടന്നുപോകുന്നു. പ്രസിദ്ധപ്പെട്ട പട്ടണങ്ങളും നഗരങ്ങളും ശതക്കണക്കിനു ഗ്രാമങ്ങളും നമ്മുടെ കൺമുമ്പിൽതന്നെ നാശത്തിൽ അമരുന്നു. ഒരു അഗ്നിപർവ്വതത്തിൽ നിന്നെന്നപോലെ പ്രവഹിച്ചു വിനാശകരമായ ലാവകൊണ്ടു് ആത്മാക്കൾക്കു വന്നുചേർന്ന നിരവധിനാശങ്ങൾ സന്താപസമേതം നാം സംവീക്ഷിച്ചു. പലപ്പോഴും നീതി തകിടം മറിയുകയും തിന്മയുടെ വശ്യശക്തി വിജയം വരിക്കുകയും ചെയ്തു. അങ്ങനെ ഭയങ്കരവും വിപൽക്കരവുമായ ഈ ഘട്ടത്തിൽ വലിയ മനോവേദനയോടെയാണു് നമുക്കുള്ളതു്. അതിനാൽ നമ്മുടെ മാത്രമല്ല, ക്രിസ്തീയനാമം വഹിക്കുന്ന സമസ്തപേരുടേയും ഭക്തവികാരങ്ങൾ നമ്മളുടെ രാജ്ഞിയായ മറിയത്തിന്റെ മുമ്പിൽ തുറന്നുവയ്ക്കുവാൻ ശരണത്തോടെ നാം ഓടിയെത്തുന്നു.

1950 നവംബർ 1-ാംനു- വിശുദ്ധവത്സരത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വന്നുചേർന്നിരുന്ന കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും വൈദികരുടേയും ക്രിസ്തീയ വിശ്വാസികളുടേയും വമ്പിച്ച ഒരു സന്നാഹത്തിന്റെ മുമ്പിൽ ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തതു സന്തോഷത്തോടെ നാം അനുസ്മരിക്കുന്നു. മറിയം ശരീരത്തോടും ആത്മാവോടുംകൂടെ സ്വർഗ്ഗത്തിൽ സന്നിഹിതയായി തന്റെ ഏകജാതനോടുചേർന്നു് മാലാഖാമാരുടേയും പുണ്യവാന്മാരുടേയും വൃന്ദങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, കന്യകാമറിയം ഉത്ഭവപാപത്തിന്റെ യാതൊരു ലാഞ്ഛനയും കൂടാതെ ഗർഭാനീതയായിരുന്നു് നമ്മുടെ ഭാഗ്യപ്പെട്ട പൂർവ്വഗാമി ഒമ്പതാംപീയൂസ്‌മാർപ്പാപ്പ പ്രഖ്യാപനം ചെയ്തിട്ടു നൂറു സംവത്സരം പൂർത്തിയാകുന്നതു പ്രമാണിച്ചു് ഈ മരിയൻവത്സരം നാം പ്രഖ്യാപിച്ചു. ഈ പ്രിയനഗരത്തിൽ, പ്രത്യേകിച്ചു നിരവധി ജനങ്ങൾ നിരന്തരമായി വന്നു സ്വർഗ്ഗീയമാതാവിനോടുള്ള അത്യുജ്ജ്വലസ്നേഹവും വിശ്വാസവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ലിബേരിയൻ ബസിലിക്കയിൽ മാത്രമല്ല പ്രത്യുത ലോകമാസകലം ദൈവമാതാവിനോടുള്ള ഭക്തി തഴച്ചുവളരുന്ന ഇം പ്രധാന മരിയൻ ദേവാലയങ്ങളിലെല്ലാം അഞ്ജെലിബെരായി ക്രിസ്തീയവിശ്വാസികൾ തുടർച്ചയായി പോയിരുന്നതും പോയിക്കൊണ്ടിരിക്കുന്നതും അതിവാത്സല്യത്തോടെയാണു് നമ്മുടെ പിതൃഹൃദയം സംവീക്ഷിക്കുന്നതു്.

എപ്പോഴെല്ലാം മിശിഹായിൽ നമ്മുടെ മക്കളെ നേരിട്ടു കണ്ടു സംസാരിക്കുവാനോ റേഡിയോ വഴി അഭിവാദ്യം ചെയ്യുവാനോ നമുക്കു് അവസരം ലഭിച്ചിട്ടുണ്ടോ അപ്പോഴെല്ലാം മക്കൾക്കു് അനുയോജ്യമായ സ്നേഹാർദ്രതയോടെ എത്രയും ദയയുള്ളവളും വല്ലഭയുമായ നമ്മളുടെ അമ്മയെ സ്നേഹിക്കണമെന്നു് ആവുംവിധം ഉൽബോധിപ്പിച്ചിട്ടുള്ളകാര്യം എല്ലാവർക്കും അറിയാവുന്നതാണു്. ഫാത്തിമായിൽ വന്ദിക്കുന്ന കന്യകാമറിയത്തിന്റെ മനോഹരമായ പ്രതിമയെ സ്വർണ്ണമകുടംകൊണ്ടു് അലങ്കരിക്കുന്ന സമയത്തു പോർത്തുഗലിലെ ജനങ്ങളോടു് റേഡിയോ പ്രഭാഷണം ചെയ്തതും ആ പ്രഭാഷണത്തിനു് "മറിയത്തിന്റെ രാജ്ഞിപദം" എന്നു ശീർഷകം നൽകിയതും ആഹ്ലാദത്തോടെയാണു് നാം ഇപ്പോൾ അനുസ്മരിക്കുന്നതു്.

**For favours received**




By a firm believer

### തിരുവെഴുത്തിന്റെ ഉദ്ദേശ്യം

ദൈവത്തിന്റെ മഹത്മാതാവിനോടു് നാം പ്രകാശിപ്പിച്ച വിവിധഭക്തികൾ ക്രിസ്തീയജനത എത്രയും താല്പര്യത്തോടെ സ്വീകരിച്ചു. അതിനെല്ലാം മകുടംചാർത്തുവാനും സമാപിക്കാറായിരിക്കുന്ന ഈ മരിയൻവത്സരം പ്രയോജനകരമാംവിധം ആഘോഷസമേതം അവസാനിപ്പിക്കുവാനുംവേണ്ടി നാനാഭാഗങ്ങളിൽനിന്നു നമുക്കു ഈ വിഷയത്തെ അധികരിച്ചു ലഭിച്ചിട്ടുള്ള അപേക്ഷകളെ സന്തോഷസമേതം പരിഗണിച്ചു രാജ്ഞിയായ ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ ഒരു തിരുനാൾ സ്ഥാപിക്കുവാൻ നാം നിശ്ചയിച്ചിരിക്കുന്നു.

ഇക്കാര്യത്തിൽ ക്രിസ്തീയജനങ്ങൾക്കു് വിശ്വസിക്കുവാനായി പുതിയ ഒരു സത്യം പ്രഖ്യാപിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. മറിയത്തിന്റെ രാജ്ഞിസ്ഥാനം സാക്ഷ്യപ്പെടുത്തുന്ന യുക്തികളും സംബോധനകളും സ്പഷ്ടമായി എല്ലാകാലത്തും കാണാവുന്നതാണു്. ആരാധനക്രമത്തിലും തിരുസ്സഭയുടെ പ്രമാണഗ്രന്ഥങ്ങളിലും പ്രാചീനകാലം മുതൽക്കുതന്നെ അവ ധാരാളമായുണ്ടു്.

എത്രയും സന്തോഷത്തോടെയാണു് അവ ഈ ചാക്രികലേഖനത്തിൽനാം അനുസ്മരിക്കുന്നതു. അങ്ങനെ സ്വർഗ്ഗീയാംബികയുടെ സ്തുതികൾ പ്രകീർത്തിക്കുന്നതിനും ആദ്ധ്യാത്മിക പ്രയോജനത്തോടൊപ്പം ആ അമ്മയോടു കൂടുതൽ ഭക്തി ജനിക്കുന്നതിനു വേണ്ട ഉത്തേജനം എല്ലാ ആത്മാക്കൾക്കും നൽകുവാനും സാധിക്കുന്നു.

### സഭാപിതാക്കന്മാർ മറിയത്തെ രാജ്ഞി എന്നു വിളിക്കുന്നു

അത്യുന്നതപുത്രൻ യാക്കോബിന്റെ ഭവനത്തിൽ എന്നന്നേക്കും ഭരിക്കും (ലൂക്കാ 1, 32) സമാധാനരാജസൂനുവാണു്. (ഏശയ്യാ, 9, 6) രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമാണു് (വെളിപാടു് 19, 16) അങ്ങനെയുള്ള ഒരു മകന്റെ അമ്മയായ മറിയത്തിനു ദൈവം സൃഷ്ടിച്ച മറ്റെല്ലാസൃഷ്ടികളേക്കാളും ഉപരിയായി അസാധാരണവരപ്രസാദങ്ങൾ ലഭിച്ചുവെന്നു് കാലാന്തരത്തിൽ ക്രിസ്തീയജനത സയുക്തികം വിശ്വസിച്ചുതുടങ്ങി. അമ്മയും മകനും തമ്മിലുള്ള അടുത്ത ബന്ധത്തെ പരിഗണിച്ചു ദൈവമാതാവിനു രാജകീയ വൈശിഷ്ട്യമുണ്ടെന്നുള്ള കാര്യം ക്രിസ്തീയജനത എളുപ്പത്തിൽ സമ്മതിച്ചു.

കന്യകമേറിയത്തിന്റെ പുത്രൻ നിത്യമായി ഭരണം നടത്തുമെന്നു പ്രവചിച്ച ഗബ്രിയേൽ ദൈവദൂതന്റേയും എന്റെ കർത്താവിന്റെ അമ്മ എന്നു് അഭിവാദ്യം ചെയ്ത ഏലീശാ അമ്മയുടേയും വാക്കുകളെ അടിസ്ഥാനപ്പെടുത്തി തിരുസ്സഭയിലെ പ്രാചീനഗ്രന്ഥകാരന്മാർ മറിയത്തെ "രാജാവിന്റെ അമ്മ" "കർത്താവിന്റെ അമ്മ" എന്നു വിളിച്ചതിലും തന്റെ മകന്റെ രാജകീയപ്രതാപംവഴി കന്യകാമറിയത്തിനു് ഏതോ ഒരു പ്രത്യേക ഔന്നത്യവും സ്ഥാനമഹിമയും കൈവന്നുവെന്നു് സുവ്യക്തമായി സൂചിപ്പിച്ചിരിക്കുന്നതിലും ഒരു വിസ്മയത്തിനു വകയില്ല.

ആകയാൽ വി. എഫ്രേം കവിസഹജമായ നിവേശനത്തോടെ കന്യകാമറിയം ഇപ്രകാരം പറയുന്നതായി ശ്രവണം ചെയ്തിരിക്കുന്നു: "ആകാശം അതിന്റെ ആശ്ലേഷംകൊണ്ടു് എന്നെ സംവഹിക്കട്ടെ; കാരണം ഞാൻ ആകാശത്തേക്കാൾ കൂടുതൽ ബഹുമാനിക്കപ്പെട്ടിരിക്കുന്നു. ആകാശം നിനക്കു് അമ്മയായിട്ടില്ല; എങ്കിലും നീ അതിനെ നിന്റെ സിംഹാസനമാക്കി. രാജാവിന്റെ അമ്മ അവിടുത്തെ സിംഹാസനത്തെക്കാൾ എത്രകണ്ടു് കൂടുതൽ മാന്യയും ഉൽകൃഷ്ടയുമാണു്!" വേറൊരു സ്ഥലത്തു് പുണ്യവാൻ മറിയത്തോടു് ഇപ്രകാരം അപേക്ഷിക്കുന്നു: "ഉന്നതവനിതേ, നാഥേ, പ്രഭ്വീ, രാജ്ഞി, നാശകരണനായ പിശാചു് എനിക്കു് എതിരായി കുതിച്ചുകയറാതിരിക്കുവാനും ദുഷ്ടനായ ശത്രു എനിക്കെതിരായി മത്സരിക്കാതിരിക്കുവാനുംവേണ്ടി അങ്ങയുടെ ചിറകുകളുടെ കീഴ് എന്നെ കാത്തുസൂക്ഷിക്കണമെ."

വി. ഗ്രിഗരി നസിയാൻസെൻ മറിയത്തെ ഇപ്രകാരം വിളിച്ചിരിക്കുന്നു: "അഖിലലോകരാജന്റെ അമ്മേ" "അഖിലലോകത്തിന്റേയും രാജാവിനെ പ്രസവിച്ച കന്യകാമാതാവേ". ദൈവമായ മനുഷ്യന്റേയും അത്യുന്നതനായ രാജാവിന്റേയും പ്രസവിച്ച ആ അംബികയെ കണ്ടു വിസ്മയിക്കുന്നുവെന്നു പ്രുഡെൻസിയൂസ് പ്രസ്താവിച്ചിട്ടുണ്ടു്.

നാഥേ, പ്രഭ്വീ, രാജ്ഞി എന്നു മറിയത്തെ സംബോധനചെയ്തിട്ടുള്ളവരെല്ലാം ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ രാജകീയപദവി വിശദമായും വ്യക്തമായും പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്.

ഒറിജന്റേതു് എന്നു വിചാരിച്ചുപോരുന്ന ഒരു പ്രസംഗത്തിൽ പറയുന്നതു് ഏലീശാ അമ്മ മറിയത്തെ, "എന്റെ കർത്താവിന്റെ അമ്മ", എന്നുമാത്രമല്ല "അങ്ങു് എന്റെ നാഥ" എന്നുകൂടി വിളിച്ചു് അഭിവാദ്യംചെയ്തുവെന്നാണു്. ഇതു വി. ജെറോമിന്റെ വാക്കുകളിൽനിന്നു സ്പഷ്ടമാകും. മറിയമെന്ന തിരുനാമത്തിനുള്ള പല അർത്ഥങ്ങളിൽ ഒടുവിലത്തേതായി പുണ്യവാൻ വ്യവഹരിച്ചിരിക്കുന്നതു് ഇതാണു്: "സുറിയാനിഭാഷയിൽ മറിയമെന്ന വാക്കിനു നാഥ എന്നാണർത്ഥമെന്നു കൂടി ഗ്രഹിച്ചിരിക്കേണ്ടതാണു്." അദ്ദേഹത്തിനുശേഷം ഇതുതന്നെ വി. ക്രിസോലഗസ്സ് ഇങ്ങനെ ഉറപ്പിച്ചുപറഞ്ഞിരിക്കുന്നു: "ഹിബ്രു ഭാഷയിൽ മറിയമെന്നുള്ള പദത്തിനു ലത്തീൻഭാഷയിൽ "നാഥ" എന്നർത്ഥമുള്ള "ദോമിനാ" എന്നാണു സാരം. മകന്റെ അധികാരംകൊണ്ടുതന്നെ നാഥയായി ജനിക്കുവാനും നാഥ എന്നു സംബോധനം ചെയ്യുവാനും ഇടയായ കർത്താവിന്റെ അമ്മയിൽനിന്നു ദാസ്യത്തിന്റെ ഭയം വിട്ടുമാറുന്നതിനു മാലാഖ മറിയത്തെ നാഥ എന്നു വിളിച്ചു."...... "സകല വിരക്തിയുടേയും രാജ്ഞിയായി മറിയം സ്ഥിതിചെയ്യുന്നു."

മാത്രമല്ല തിരുസ്സഭയുടെ ഐക്യം സംരക്ഷിക്കുന്നതിനു സാരാംശത്തിൽ ഏകമായ പരിശുദ്ധത്രിത്വത്തിന്റെ അനുഗ്രഹവും ദൈവമാതാവും മഹത്വമേറിയ കന്യകയും പരിശുദ്ധയായ നാഥയുമായ മറിയത്തിന്റെ മദ്ധ്യസ്ഥസഹായവും അപേക്ഷിക്കണമെന്നു കൊൺസ്റ്റൻറിനോപ്പിളിലെ മെത്രാനായ എപ്പിഫാനിയൂസ് ഫോർമിസ്ഡാ എന്ന മാർപ്പാപ്പായ്ക്കു് എഴുതിയ ഒരു കത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

നമുക്കു മാദ്ധ്യസ്ഥ്യം വഹിക്കുവാനായി ദൈവത്തിന്റെ വലതുഭാഗത്തു് ഇരിക്കുന്ന ഭാഗ്യപ്പെട്ട കന്യകയെ അക്കാലത്തു ജീവിച്ചിരുന്ന ഒരു ഗ്രന്ഥകർത്താവു് ഇപ്രകാരം അഭിവാദ്യംചെയ്യുന്നു: "മർത്ത്യരുടെ നാഥേ, എത്രയും പരിശുദ്ധദൈവമാതാവേ."

ക്രീറ്റിലെ വി. അന്ത്രയോസ് കന്യകാമറിയത്തിന്റെ രാജകീയമഹത്വത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടു്. ഇതാ ഉദാഹരണമായി അദ്ദേഹത്തിന്റെ ഒരു വാക്യം: "യാതൊരു സ്ത്രീയുടെ ഉദരത്തിൽനിന്നു നിത്യനായ ദൈവം മനുഷ്യരൂപം സ്വീകരിച്ചുവോ ആ നിത്യകന്യകയായ തന്റെ അമ്മയെ ഭൗമീക ആസ്ഥാനങ്ങളിൽനിന്നു ഇന്നു മനുഷ്യവർഗ്ഗത്തിന്റെ രാജ്ഞിയായി സ്വർഗ്ഗം മാററിയിരിക്കുന്നുവെന്നു പറയട്ടെ" വേറൊരു സ്ഥലത്തു് പുണ്യവാൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "മനുഷ്യവർഗ്ഗമഖിലത്തിന്റേയും രാജ്ഞിപദം അവിടുത്തേക്കു സാധാരണമായുണ്ടു്. ദൈവത്തെ ഒഴിച്ചാൽ അവിടുന്നു് എല്ലാ വസ്തുക്കളേക്കാൾ ഉൽകൃഷ്ടയാണു്."

അതുപോലെതന്നെ വി. ജെർമ്മാനൂസ് ഈ വിനീതകന്യകയെ ഇപ്രകാരം അഭിവാദ്യംചെയ്തിരിക്കുന്നു: "നാഥേ, ഇരിക്കൂ. അങ്ങു് രാജ്ഞിയാകയാലും എല്ലാ രാജാക്കന്മാരേക്കാളും പ്രതാപവതിയാകയാലും ഉന്നതസ്ഥാനത്തു് ഇരിക്കുവാൻ അങ്ങു യോഗ്യയാകുന്നു." "എല്ലാ ഭൂവാസികളുടേയും നാഥേ" എന്നുകൂടി അദ്ദേഹം മറിയത്തെ സംബോധനചെയ്തിരിക്കുന്നു.

ജോൺ ഡമസീൻ എന്ന പുണ്യവാൻ മറിയത്തെ രാജ്ഞി, നാഥേ, പ്രഭ്വീ, എല്ലാ സൃഷ്ടികളുടേയും നാഥേ എന്നൊക്കെ സംബോധനം ചെയ്തിട്ടുണ്ടു്. പാശ്ചാത്യസഭയിലെ ഒരു പ്രാചീനഗ്രന്ഥകാരൻ (1) മറിയത്തെ "ഭാഗ്യപ്പെട്ട രാജ്ഞി", "പ്രജാതനായ രാജാവിനു അനുയോജ്യയായ നിത്യകന്യക" എന്നു വിളിച്ചിരിക്കുന്നു. അവിടുത്തെ വെണ്മയുള്ള ശിരസ്സു് ശോഭനമായ കിരീടംകൊണ്ടു അലംകൃതമാണു്.

ടൊലേത്തായിലെ വി. ഇൽഡെഫോൺസ് ഒരു അഭിവാദ്യത്തിൽതന്നെ ബഹുമാനസൂചകമായ എല്ലാ സ്ഥാനനാമങ്ങളും ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു: "അല്ലയോ മമനാഥേ, പ്രഭ്വീ, എന്നെ ഭരിക്കുന്നവളേ, എന്റെ കർത്താവിന്റെ അമ്മേ, ദാസികളിൽ നാഥേ, സഹോദരിമാരിൽ രാജ്ഞി."

ഇതുപോലെയുള്ള നിരവധി പ്രാചീനസാക്ഷ്യങ്ങൾ പരിഗണിച്ചു തിരുസ്സഭയിലുള്ള ദൈവശാസ്ത്രജ്ഞന്മാർ ഭാഗ്യപ്പെട്ട കന്യകയെ എല്ലാ സൃഷ്ടവസ്തുക്കളുടേയും രാജ്ഞിയെന്നും, ലോകറാണിയെന്നും, അഖിലചരാചരങ്ങളുടേയും പ്രഭ്വിയെന്നും വിളിക്കുകയുണ്ടായിട്ടുണ്ടു്. (തുടരും)

(1) വെനാൻസിയൂസ് ഫോർത്തുനാത്തൂസ്.

**MILTON TUTORIAL COLLEGE, TRICHUR**
*(Brilliant results in Sept. 54)*
B. Sc. & INTER (English 100% Passed.) B. A. Record results.
Limited admissions only. Inter and B. A. class (All parts) commence soon.
Hostel accomodation for women students.
**Eastern Bazar, Trichur** (CATHOLIC COLLEGE) ***Director***

# മരിയവത്സരമഞ്ജരി

## സൂനം 48

N. B. സൂനപംക്തി സമാപിക്കുന്നു. ഈ മരിയവത്സരമഞ്ജരി സകരുണം കടാക്ഷിച്ച് ദിവ്യാംബിക ലേഖകനേയും അനുവാചകരേയും അനുഗ്രഹിക്കുമാറാകട്ടെ! മരിയശാസ്ത്രത്തിലെ പല മഹനീയതത്വങ്ങളേയും വിശദീകരിക്കുന്നതും മരിയാപദാനങ്ങളെ പ്രകീർത്തിക്കുന്നതുമായ ഈ പരമ്പര ചില ഭേദഗതികളോടും, ജപമാലയുടെ പ്രഥമ വിഭാഗമായ രഹസ്യങ്ങളെ സംബന്ധിച്ചുള്ള വിശദമായ പ്രതിപാദനങ്ങളോടുംകൂടി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ട്. പ.

"റോസറി" (ജപമാല) എന്ന ഇംഗ്ലീഷ്‌വാക്കിന്റെ മൂലാർത്ഥം റോസപ്പൂക്കളുടെ തോട്ടം എന്നാണ്. ജപമാലയ്ക്കു ഈ നാമം എത്രയും അന്വർത്ഥമായിരിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ അലോകസുന്ദരങ്ങളായ പുണ്യപുഷ്പങ്ങൾ നിരന്നുനില്ക്കുന്ന ഈ സ്വർഗ്ഗീയാരാമം ആദ്ധ്യാത്മികഭംഗിയുടേയും ദിവ്യസൗരഭ്യത്തിന്റേയും ഒരു കേളീരംഗമാണ്. ജപമാലയിൽ ദിവ്യരക്ഷകന്റേയും പരിശുദ്ധ മറിയത്തിന്റേയും ജീവിതത്തേയും പുണ്യപ്രവൃത്തികളേയും കുറിച്ചുള്ള അറിവു മാത്രമല്ല നമുക്കു ലഭ്യമാകുന്നതു്; പ്രത്യുത, അവരെ ജീവിതത്തിൽ അ



നുകരിക്കുന്നതിനുള്ള ശക്തിമത്തായ ഒരു സ്നേഹോത്തേജനം അതു നമ്മിൽ സംജാതമാക്കുന്നു. ജപമാലയെതൊടുത്തിണക്കുന്ന കസവുനൂലായ ധ്യാനവിഷയങ്ങളാണ് ഇതിൽ പ്രാമുഖ്യം വഹിക്കുന്നതു്.

### ധ്യാനവിഷയങ്ങൾ

കൊന്തയിലെ ധ്യാനവിഷയങ്ങൾ മൂന്നു ഗണമായി തരംതിരിച്ചിരിക്കുകയാണല്ലോ — സന്തോഷമായ രഹസ്യങ്ങൾ, ദുഃഖമായ രഹസ്യങ്ങൾ, മഹിമയായ രഹസ്യങ്ങൾ എന്നിങ്ങനെ. ആദ്യത്തേതിൽ ദിവ്യഈശോയുടെ മനുഷ്യാവതാരം, ജനനം, ബാല്യം ഈ സംഗതികളാണ് ഉള്ളടക്കുന്നതു്. പുത്രൻതമ്പുരാൻ മറിയത്തിന്റെ നിർമ്മലഉദരത്തിൽ ജന്മമെടുക്കുന്നു. നസ്രത്തു ഒരു പുണ്യതീർത്ഥവും മറിയം അതിലെ സക്രാരിയുമാകുന്നു. മറിയത്തിന്റെ ആഗമനം സക്കറിയുടെ ഭവനത്തെ സന്തോഷനിർഭരമാക്കുന്നു. യോഹന്നാൻ ശുദ്ധീകരിക്കപ്പെടുന്നു. എലിസബത്തു പരിശുദ്ധാത്മാവിനാൽ പൂരിതയാകുന്നു. ബെത്‌ലേഹം തിരുപ്പിറവിയാൽ മഹത്വം പ്രാപിക്കുന്നു ദിവ്യസമാധാനത്തിന്റെ സന്ദേശം ലോകത്തിനു പകരപ്പെടുന്നു. സകല സൃഷ്ടികളും ദൈവത്തിനുവേണ്ടിയുള്ളതാണെന്നു നമ്മെ മാതൃകവഴിയായി പഠിപ്പിക്കുന്നതിനു് ഈശോയും മറിയവും ദേവാലയത്തിലെ കാഴ്ചവെപ്പുകർമ്മം ഭക്തിപൂർവ്വം അനുഷ്ഠിക്കുന്നു. ദൈവത്തിന്റെ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നവർക്കു ലോകത്തിൽ അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങൾക്കൊരു മാതൃകയാണ് പന്ത്രണ്ടുവയസ്സിലെ ദേവാലയസംഭവം. ഒരു ക്രിസ്ത്യാനിയിൽ നിഗൂഢമായ രീതിയിൽ ഇവയെല്ലാംതന്നെ പ്രതിദിനമെന്നവണ്ണം ആവർത്തിക്കപ്പെടുകയാണ്. പരിശുദ്ധാത്മാവിന്റെ ആലയമായ അവനിൽ ദിവ്യഅൾത്താരയിലെ ബലികർമ്മവും ദൈവേഷ്ടപ്രസാദത്തിന്റെ പ്രവർത്തനങ്ങളുംവഴി ക്രിസ്തു ജനിക്കുകയും വളരുകയും ചെയ്യുകയാണ്.

നമ്മുടെ വിശ്വാസത്തിന്റെ മാറുരച്ചുനോക്കുകയും അതിൽ സ്ഥിരതയെ പ്രദാനംചെയ്യുകയും ചെയ്യുന്നതിനു ദുഃഖമായ രഹസ്യങ്ങൾ അത്യധികം സഹായിക്കുന്നു. കുരിശുകൾ നാനാവിധത്തിൽ നമ്മുടെ അനുദിനജീവിതത്തെ അഭിമുഖീകരിക്കും. എല്ലാവിധത്തിലും നാം സഹിക്കുകയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുകയും വേണം. നമ്മുടെ സ്വന്തം പാപങ്ങൾക്കും ലോകത്തിന്റെ പാപങ്ങൾക്കും പരിഹാരം ചെയ്യുന്നതിനു നാം ബാദ്ധ്യസ്ഥരാണ്. ഈശോ മരണകരമായ ആത്മീയപീഡയനുഭവിച്ചതുപോലെ ഗെത്‌സമ്മനികളെ നാം കടക്കണം; രക്തധാരയിൽപോലും വിറയ്ക്കുന്ന കൈകളോടെ പിതാവു നമുക്കു തരുന്ന കാസ നാം സ്വീകരിക്കണം. ശരീരത്തിന്റെ പാപങ്ങൾക്കു കൽത്തൂണിലെ ചമ്മട്ടിയടികളും, മാനസികപാപങ്ങൾക്കു ഒരു മുൾക്കിരീടവും, സുഖലോലുപത്വത്തിനു ഒരു കുരിശു ചുമന്നുള്ള പ്രയാണവും, ദൈവദ്രോഹപരമായ പാപത്തിനു ഒരു കുരിശാരോഹണവും നാം അർഹിക്കുന്നവയാണ്. നമുക്കുവേണ്ടി അവയെ ആശ്ലേഷിക്കുന്ന ക്രിസ്തുവിനെ മനസ്സിലാക്കുന്നതിനാണ് നാം ശ്രമിക്കേണ്ടതു്, ദുഃഖമായ ഈ രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ.

വിശുദ്ധ പൗലോസ് പറയുന്നതു്, മഹിമയേറിയ രഹസ്യങ്ങൾ കൂടാതെ ക്രിസ്തുവിന്റെ രക്ഷണീയകൃത്യം അപൂർണ്ണവും, അവിടുത്തെ അനുയായികൾ മനുഷ്യരുടെ ഇടയിൽ ദുർഭഗരുമായി പരിണമിക്കുമായിരുന്നെന്നാണ്. മരണത്തെ വെല്ലുവിളിച്ചുകൊണ്ടു് അവിടുന്നുയർത്തെഴുന്നേററു; മനുഷ്യബുദ്ധിക്കജ്ഞേയമായ സൗഭാഗ്യങ്ങളുടെ സങ്കേതമായ സ്വർഗ്ഗത്തിൽ നമുക്കു സ്ഥലമൊരുക്കുന്നതിനവിടുന്നു സ്വർഗ്ഗാരോഹണം ചെയ്തു; അവിടുത്തെ ദിവ്യമാർഗ്ഗത്തിൽ വ്യതിചലിക്കാതെ പുരോഗമിക്കുവാൻ നമുക്കു ശക്തിനൽകുന്നതിനു പരിശുദ്ധാത്മാവിനെ അവിടുന്നു യാത്രയാക്കി; അവിടുത്തെ വാഗ്ദാനങ്ങൾക്കുറപ്പായും മനുഷ്യസൃഷ്ടികളുടെ മഹത്വത്തിനടയാളമായും നമ്മുടെ അമ്മയായ മറിയത്തെ ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്കു സ്വീകരിച്ചു ത്രിലോകറാണിയായി മുടിചൂടിച്ചിരിക്കുന്നു.

ലോകത്തിന്റെ ക്ലേശങ്ങൾക്കിടയിൽ പ്രത്യാശയോടുകൂടി സ്വർഗ്ഗത്തിലേക്കു തിരിയുന്നതിനും ആ നിത്യഭാഗ്യത്തിലെത്തിച്ചേരത്തക്കവണ്ണം ജീവിക്കുന്നതിനുമുള്ള പ്രചോദനമാണ് ജപമാലയിലെ ഈ ധ്യാനവിഷയങ്ങൾ നമുക്കു പ്രദാനംചെയ്യുന്നതു്. അതുകൊണ്ടു് പരിശുദ്ധ അമ്മയോടു് ഏറെയേപൂർവ്വം നമുക്കപേക്ഷിക്കാം:-

**പരിശുദ്ധ ജപമാലയുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

## സൂനം 49

ഭയാനകമായ ഒന്നാംലോകമഹായുദ്ധം നടമാടിക്കൊണ്ടിരുന്ന കാലസന്ധിയിൽ, സമാധാനത്തെപ്പററി പലപല ആലോചനകൾ ഫലശൂന്യമായി നടത്തിക്കൊണ്ടിരുന്ന ഘട്ടത്തിൽ, യഥാർത്ഥ സമാധാനത്തിന്റെ മനസ്ഥിതിയിലേക്കു സമരകക്ഷികളേയും ലോകജനതയേയും ആനയിക്കുന്നതിനു ദൈവമാതാവിന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ടു് 15-ാം ബനദിക്തോസ് മാർപ്പാപ്പാ ലുത്തനിയായുടെ അവസാനത്തിൽ കൂട്ടിച്ചേർത്ത അപദാനമാണ് "സമാധാനത്തിന്റെ രാജ്ഞീ" എന്നുള്ളതു്. മനുഷ്യൻ ദൈവത്തോടും പരസ്പരവും ഉള്ള ബാദ്ധ്യതകളെ നിറവേററുന്നതിനു് സന്നദ്ധത പ്രകടിപ്പിച്ചെങ്കിൽ മാത്രമേ ലോകക്രമത്തിൽ സമാധാനം സംജാതമാവുകയുള്ളു. ദൈവം മനുഷ്യനു നൽകിയിട്ടുള്ള പ്രമാണങ്ങളിൽ ഈ ചുമതലകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവയെ അനാദരിക്കുകയും ലംഘിക്കുകയും ചെയ്യുമ്പോൾ അസമാധാനതയും യുദ്ധങ്ങളും ഉദയംചെയ്യുന്നു. സന്മനസ്സുള്ളവർക്കാണ് സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. ദൈവപ്രമാണങ്ങളോടു് യോജിച്ചുപ്രവർത്തിക്കുന്നതിനുള്ള സന്മനസ്സാണാവശ്യം. "മാനവവംശത്തിൽ ഈ സന്മനസ്സു തിരോഭവിച്ചതുപോലെ കാണപ്പെടുന്നു" എന്നു 12-ാം പീയൂസ് മാർപ്പാപ്പാ മരിയജൂബിലി പ്രഖ്യാപനപ്രക്ഷേപണത്തിൽ പ്രസ്താവിച്ചതു പ്രത്യേകം ശ്രദ്ധാർഹമാണ്. ഈ വിപൽസന്ധിയിൽ മറിയത്തിന്റെ രക്ഷാകരനേതൃത്വമാണ് ലോകം തേടേണ്ടതു്.

### സമാധാനം

ദൈവപ്രമാണങ്ങളിൽ നിന്നുള്ള വ്യതിയാനം, വ്യക്തികൾക്കും രാജ്യങ്ങൾക്കും സമാധാനത്തിൽനിന്നുള്ള അധഃപതനമാണ് വരുത്തിവയ്ക്കുന്നതു്. ചരിത്രത്തിലേക്കു തിരിയുക. സ്വർഗ്ഗത്തിൽ മാലാഖാവൃന്ദം അവരുടെ സ്രഷ്ടാവിനെതിരായി ഒരു വിപ്ലവം നടത്തി. സമാധാനം ഭഞ്ജിക്കപ്പെട്ടു. ദാരുണമായ അധഃപതനത്തിലും തീരാത്ത അസമാധാനതയിലും അതു പര്യവസാനിച്ചു. പറുദീസയിൽ ദുഷ്ടനായ പിശാചു് ആദിമനുഷ്യനെ മിരട്ടി ദൈവപ്രമാണത്തെ ലംഘിക്കുന്നതിനു പ്രേരിപ്പിച്ചു. ഭയാനകമായ അസമാധാനത രംഗപ്രവേശംചെയ്തു. ദൈവേഷ്ടപ്രസാദം നഷ്ടപ്പെട്ടു: പറുദീസായിൽനിന്നു പുറംതള്ളപ്പെട്ട ലോകാവസാനത്തോളവും ലോകത്തിലുണ്ടാവുന്ന സകല തിന്മകൾക്കും ബീജാവാപം ചെയ്യപ്പെട്ട ആദ്യപാപഫലമായി മനുഷ്യവർഗ്ഗം മുഴുവനിലും തിന്മയ്ക്കുള്ള പ്രചോദനം വേരൂന്നിയിരിക്കുന്നു. മനുഷ്യൻ ദൈവത്തിനെതിരായി മറുതലിച്ചതുകൊണ്ടു ഇന്നു അവന്റെ പ്രകൃതിതന്നെ അവനെതിരായി മറുതലിക്കുന്നു. "ലോകത്തിലുള്ളതെല്ലാം മാംസത്തിന്റെ ദുർമ്മോഹവും, കണ്ണുകളുടെ ദുർമ്മോഹവും, ജീവിതത്തിന്റെ അഹന്തയുമാണു്" എന്നാണ് വിശുദ്ധ യോഹന്നാൻ പ്രസ്താവിച്ചിട്ടുള്ളതു്. ഏഴു പ്രമുഖമാർഗ്ഗങ്ങളിൽക്കൂടിയാണ് ഈ വിഷജലം പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്: ദൈവത്തോടു സമത്വംഭാവിക്കുന്ന അഹംഭാവം; ലോകത്തിന്റെ നശ്വരസമ്പത്തുകളിൽ വ്യാമോഹിക്കുന്ന ലുബ്ധു്; ഭക്ഷണപാനീയങ്ങളിൽ ആവേശംകൊള്ളിക്കുന്ന കൊതി; മൃഗീയവികാരങ്ങളാൽ അന്ധമാക്കുന്ന മോഹം; മററുള്ളവരുടെ നന്മയിൽ ദുഃഖിതരാക്കുന്ന അസൂയ; മററുള്ളവരോടു പ്രതികാരം ചെയ്യുന്നതിനു പ്രേരിപ്പിക്കുന്ന അരിശം; സകല പ്രവൃത്തികളിൽനിന്നും മനുഷ്യനെ പിന്തിരിക്കുന്നതിനു പ്രേരണ നൽകുന്ന മടി എന്നീ സപ്തമൂലികൾ മനുഷ്യജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും ഓരോ രംഗങ്ങളിലും നിരവധി പ്രതിബന്ധങ്ങളെ നിരത്തിവച്ചു ദൈവത്തിന്റെ പ്രമാണങ്ങളെ നിർവ്വഹിക്കുന്നതിനുള്ള അവന്റെ ശ്രമങ്ങളെ തടസ്സപ്പെടുത്തുകയാണ്. ഇതുവഴിയായി അസമാധാനതയുടെ രംഗങ്ങൾ സർവ്വത്ര സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ അഭിലാഷങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള ഈ ദുർമ്മോഹത്തിന്റെ പ്രേരണകളിൽനിന്നു ഒഴിഞ്ഞിരുന്ന ഏകസൃഷ്ടി ജന്മപാപലേശമേശാതെ ജനിച്ച മറിയംമാത്രമാണ്. അതുകൊണ്ടു് അചഞ്ചലപ്പെടാത്ത ഹൃദയസമാധാനം ആ അമ്മ അനുനിമിഷം അനുഭവിച്ചുകൊണ്ടിരുന്നു. മറിയത്തിന്റെ മനസ്സു സദാപി ദൈവതിരുമനസ്സിനോടു് അവഗാഢം ഐക്യപ്പെട്ടിരുന്നു. ഓരോ പ്രവൃത്തിയിലും ദൈവേഷ്ടത്തിന്റെ പരിപൂർണ്ണമായ നിറവേററൽ നിർവ്വഹിച്ചിരുന്നതുകൊണ്ടു് അമൂല്യമായ പുണ്യാഭിവൃദ്ധി സംജാതമായിരുന്നു. ഏററം ദാരുണമായ ഹൃദയവേദനയിലും ഈ ആത്മശാന്തിയും പുണ്യസമ്പാദനവും നിർവ്വിഘ്നം തുടർന്നുകൊണ്ടിരുന്നു. ഇതാണ് സാക്ഷാത്തായ സമാധാനജീവിതത്തിന്റെ രഹസ്യം. ലോകത്തിൽ വ്യക്തികളും ജനപദങ്ങളും സമാധാനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗവും ഇതല്ലാതെ വേറൊന്നല്ല. ആകയാൽ മറിയത്തോടു പ്രത്യാശാപൂർവ്വം നമുക്കു പ്രാർത്ഥിക്കാം:-

**സമാധാനത്തിന്റെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

## വിനോദവീഥി



"ക്ഷ ഹ! ക്ക ണോ — എന്തൊരു ജലദോഷം! എന്തൊരു തുമ്മൽ! ഹോ!"

* * *

കുട്ടി:- (പള്ളിയിൽനിന്നു മടങ്ങിവന്നിട്ടു്) അമ്മേ, എന്നെ ഒരു പാഴ്സൻ (പ്രോട്ടസ്റ്റൻറു പുരോഹിതൻ) ആക്കാമോ?

അമ്മ:- എന്റെ ഓമനേ, എനിക്കതു എത്ര ഇഷ്ടമുള്ള കാര്യമാണെന്നോ! നിനക്കതു സമ്മതമാണെങ്കിൽ അതിനു വേണ്ടതെല്ലാം ഞാനും അപ്പച്ചനുംകൂടി നിർവ്വഹിച്ചുതരാം.

അനുജൻ:- എന്തിനാ ചേട്ടാ പാഴ്സനാകുന്നതു്?

കുട്ടി:- അതോ, നമ്മളെല്ലാം ഞായറാഴ്ചയും പള്ളിയിൽ പോകുന്നില്ലേ? എന്നിട്ടു എത്ര നേരമാണു് വൃഥാ ഇരുന്നങ്ങു് പാഴ്സന്റെ പ്രസംഗം കേട്ടു മുഷിയുന്നതു്. ഞാൻ ഒരു പാഴ്സനാണെങ്കിൽ എനിക്കും ഇഷ്ടംപോലെ പ്രസംഗിക്കരുതോ, അതല്ലേ എളുപ്പം?




വിവിധ ഡോക്ടർമാരും,
ത്വക്‌രോഗവിദഗ്ദ്ധന്മാരും
പരിശോധിച്ച്
ഏററവും
ഫലപ്രദമെന്നു
ശുപാർശചെയ്തിട്ടുള്ളതു്.
എല്ലാ പ്രധാന
കടകളിലും കിട്ടും



## വീട്ടപകടങ്ങൾ


(ശിവറാം)

പത്രത്തിന്റെ ഒരു മൂലയിൽ "കഴിഞ്ഞ മൂന്നുമാസത്തേക്കു സ്റ്റേററിലുണ്ടായ അപകടങ്ങൾ" എന്ന തലക്കെട്ടിനു ചുവടെ കുറെ നമ്പറുകൾ എഴുതിയിരിക്കുന്നതു കണ്ടു. അതാരൊക്കെ കണ്ടിരിക്കുമോ?

അറിവില്ലായ്മയിൽനിന്നാണ് അപകടങ്ങൾ അധികവും ഉണ്ടാകുന്നത്. ഒരിക്കൽ സംഭവിച്ചവിധത്തിൽ പിന്നീടൊരവസരത്തിൽ സംഭവിക്കാതിരിക്കണമെങ്കിൽ ആദ്യം സംഭവിച്ചതിനെക്കുറിച്ചൊരറിവ് നിശ്ചയമായും ഉണ്ടായിരിക്കണം.

ശ്രദ്ധക്കുറവോ, സൂക്ഷക്കുറവോ നമുക്കു വലിയ നഷ്ടം വരുത്തിയേക്കുമെന്നുള്ളതിനൊരനുഭവം പെരിയാററിനക്കരെ താമസിക്കുന്ന ഒരു വീട്ടിലിയിടെയുണ്ടായി. വയസ്സുചെന്ന ഒരു മാധവിയമ്മയാണാവീട്ടിലെ ഗൃഹനായിക. അമ്മൂമ്മയ്ക്കുദ്യോഗം പശുകറവയും രണ്ടു കോഴിപ്പിടകളെ പോററലുമാണു്. പശുവിനു കിട്ടുന്ന പാലു രണ്ടുതുടം, കോഴികളിൽനിന്നും മാസത്തിൽ കിട്ടുന്നതു് 30 മുട്ട.

For favours received




Mr. & Mrs. Nette, Mayyanad

അവർ മുട്ടയും പാലും വില്ക്കും. നല്ലൊരു സമ്പാദ്യക്കാരിയാകണമെന്നാണമ്മൂമ്മയുടെ മോഹം. മകളൊരു പെണ്ണുണ്ടു്. അവളെ രാമൻനായർ വേളികഴിച്ചുകൊണ്ടുപോയി രാമൻനായർക്കു പണി വേലികെട്ടും വല്ലവർക്കും കാച്ചിലു നടാൻ പോകുമൊക്കെയാണു്. മുത്തശ്ശി സമ്പാദിക്കാൻ തുടങ്ങിയിട്ടു് 4 കൊല്ലമായി. കഴിഞ്ഞ ഇടവത്തിൽ ആ ചില്ലിക്കാശും അണത്തുട്ടും കീറിയനോട്ടുമൊക്കെ കൂടെയെടുത്തു് ലോനന്റെ കടയിൽ കൊണ്ടുപോയിക്കൊടുത്തു് നൂറിന്റെയൊരു പച്ചനോട്ടു വാങ്ങിക്കൊണ്ടുപോന്നു. അതു അരിപ്പെട്ടിയുടെ സൂത്രക്കള്ളിയിലിട്ട് സൂക്ഷിക്കയാണു്. എന്തിനാണെന്നോ, മകൾക്കൊരു സ്വർണ്ണമാല വാങ്ങാൻ.

കിഴവിക്കൊരു നിർബന്ധമുണ്ടു്, എന്നും ആ നോട്ടു കണികാണണമെന്നു്. വെളുപ്പിനുണർന്നാലുടനെ മണ്ണെണ്ണവിളക്കും കത്തിച്ചു് അരിപ്പെട്ടിക്കരികിൽ ചെന്നിരുന്നു നോട്ടെടുത്തു് കൺകുളിരെയൊന്നു കണ്ടിട്ടു വീണ്ടും മടക്കി ഭദ്രമാക്കിവയ്ക്കും. ഇടവം 17-ാംനു വെളുപ്പിനെ മഴയായിരുന്നു. വല്യമ്മ എഴുന്നേററു വിളക്കുകൊളുത്തി. പെട്ടിതുറന്നു നോട്ടെടുത്തു് വിളക്കിനു ചേർത്തുപിടിച്ചു് രസിച്ചുനോക്കുകയായിരുന്നു. ഒരു ചെറിയ കാററു്. ഉറക്കക്ഷീണം. വല്യമ്മയുടെ കൈ വല്ലാതെ വിറച്ചു. നോട്ടു് നഗ്നമായ പാട്ടവിളക്കിനടുത്തു് പിടിച്ചിരിക്കയാണു്. അതിനിങ്ങനെ തീ ചാടിപ്പിടിക്കുമെന്നു അമ്മൂമ്മ വിചാരിച്ചില്ല. മത്താപ്പുപോലെ അവിടെയൊരു പ്രകാശം. നൂറുരൂപാനോട്ടിന്റെ കഥകഴിഞ്ഞു! ഇതും വാസ്തവത്തിൽ ഒരപകടമല്ലേ? നമുക്കെല്ലാം ആ മാധവിയമ്മൂമ്മയോടു ദയതോന്നുന്നുണ്ടു്. പക്ഷെ അവർക്കാരെങ്കിലും നൂറുരൂപാ കൊടുത്തു് സങ്കടപരിഹാരമുണ്ടാക്കുമോ എന്നറിഞ്ഞുകൂടാ.

വീട്ടപകടങ്ങളാണിവയൊക്കെ. അതൊക്കെ നാമൊഴിവാക്കണം. ഓരോരുത്തരുടേയും അപകടവിവരണങ്ങൾ മററുള്ളവർക്കു് അതൊഴിവാക്കാൻ ഇടയാകുന്നെങ്കിൽ അതു നന്നായിരിക്കയില്ലേ?

അപകടങ്ങൾ അവസാനിപ്പിക്കുക. ഒരപകടം നിങ്ങളെ അടിപ്പെടുത്തുന്നതിനുമുമ്പ് നിങ്ങൾ അതിനെ അടിപ്പെടുത്തുക.



മത്താപ്പുപോലെയൊരു പ്രകാശം. നൂറുരൂപാനോട്ടിന്റെ കഥകഴിഞ്ഞു


## "സ്വയരക്ഷക്കുവേണ്ടി"

(അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ)

രോഗവിവരക്കുറിപ്പുകളും മററും താഴെ കാണുന്ന വിലാസത്തിൽമാത്രം അയക്കുകയും, വിശദവിവരങ്ങളടങ്ങിയ കാളൻ'സ് ലഘുലേഖക്കു എഴുതുകയും ചെയ്യുക.

കാളൻ, നെല്ലായി


## ഇടവകവാർത്തകൾ

വല്ലാർപാടം: ഈ ഇടവകയിൽ മരിയൻ ജൂബിലിയാഘോഷങ്ങൾ 26, 27, 28 എന്നീ തീയതികളിൽ കൊണ്ടാടുന്നതാണു്. 28-ാംനു വരാപ്പുഴ മെത്രാപ്പോലീത്തായുടെ പൊന്തിഫിക്കൽ ഉണ്ടായിരിക്കും. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുന്നതാണു്.

മൂവാററുപുഴ: കത്തോലിക്കാ മാതൃസംഘം, മരിയസഖ്യം യുവകളുടെ സംയുക്തവാർഷികം 1954 നവമ്പർ 21-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു് 3 മണിക്കു് സ്ഥലം ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ ഹൈക്കോടതി ജസ്റ്റീ ഷെവലിയർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ വിവിധ കലാപ്രകടനങ്ങളോടുകൂടി നടന്നിരിക്കുന്നു. ശ്രീമതി മേരി ജേക്കബ് എം. എ. എൽ. എൽ. ബി., ബി. ടി. പ്രസംഗിച്ചു.

പൊൻകുന്നം: ചെങ്ങളം പള്ളി വികാരിയായി 13-ാംനു സ്ഥലംമാറിപ്പോയ റവ. ഫാ. ജോസഫ് ഓണങ്കുളത്തിനു് ഇടവകക്കാരുടെയും, പൊൻകുന്നം സി. വൈ. എം. എ. തുടങ്ങിയ എല്ലാ സംഘടനകളുടെയും വകയായി ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു. അദ്ദേഹം ഇവിടെ 8 കൊല്ലം വികാരിയായിരുന്നു റവ. ഫാ. ജോസഫ് പമ്പാനമ്പറമ്പിൽ അവർകളാണു് പകരം ചാർജെടുത്തിരിക്കുന്നതു.

പ്ലാശനാൽ: സ്ഥലം അമലോത്ഭവമാതാവിന്റെ ദേവാലയത്തിലെ മരിയൻ ജൂബിലിയാഘോഷങ്ങൾ നവമ്പർ 25, 26, 27 ഈ തീയതികളിൽ വമ്പിച്ച പരിപാടികളോടുകൂടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു വിജയപുരം, തിരുവല്ല, പാലാ എന്നീ മൂന്നു രൂപതാദ്ധ്യക്ഷന്മാരുടെ മൂന്നാറിത്തുകളിലുള്ള പൊന്തിഫിക്കൽ കുർബാനകളും സുപ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങളും ഉണ്ടായിരിക്കും. 27-ാംനു ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം ജൂബിലിയാഘോഷങ്ങളെ മകുടംചാർത്തുന്നതായിരിക്കും.

പഴുവിൽ: സ്ഥലം ഫൊ: പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ പ്രഥമവാർഷികം നവമ്പർ 7-ാംനു വെരി റവ. ഫാദർ അത്തനാസിയോസ് ഒ. എഫ്. എം. (കപ്പൂച്ചിൻ) അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു ശ്രീ കെ. സി. ചാക്കോ എം. എ., എം. എസ്., റവ. ഫാദർ പീററർ ഉരരാളിൽ ബി. എ., ഓ. ണേഴ്സ്) എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. ഡിസംബർ 3, 4, 5 എന്നീ തീയതികളിൽ പഴുവിൽ ഫൊറോനാടിസ്ഥാനത്തിൽ മരിയൻ ജൂബിലി സമാപനാഘോഷങ്ങൾ മോൺ: ജോർജ്ജ് നെടുംപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുവാൻ നിശ്ചയിച്ചിരിക്കുന്നു.

ചേന്നാട്: സ്ഥലം എ. കെ. സി. സി. ശാഖയുടെ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിപരിസരത്തുള്ള ഒരു കെട്ടിടത്തിൽ ബ: വികാരിയച്ചന്റെയും പൊതുജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം കഴിഞ്ഞു് ഒരു വായനശാലയുടെ ഉൽഘാടനം നടത്തിയിരിക്കുന്നു.

അറക്കുളം പുത്തൻ: സ്ഥലം ചെറുപുഷ്പമിഷൻ ലീഗ് ശാഖാ പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. മിഷൻലീഗ് ഫണ്ടിൽനിന്നും നൂറുരൂപാ തലശ്ശേരി രൂപതയ്ക്കു് അയച്ചുകൊടുത്തിരിക്കുന്നു. ബ്രദർ എം. എ. തോമസ് മഞ്ഞക്കുന്നേൽ ഒരു മിഷൻ സ്റ്റഡിക്ലാസ്സ് നടത്തി.

വാഴക്കുളം: വാഴക്കുളത്തും സമീപത്തുമുള്ള സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം കോൺഫറൻസുകളുടെ ഏകോപിച്ചുള്ള ഒരു പൊതുയോഗവും സ്റ്റഡിക്ലാസും ഈമാസം 14-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. കാലത്തു 10 മണിക്കു വെരി റവ. മോൺ: പോത്തനാമൂഴി അവർകൾ ക്ലാസ്സുൽഘാടനം ചെയ്തു. തുടർന്നു എറണാകുളം സെൻട്രൽ കൗൺസിൽ സിക്രട്ടറി ക്ലാസു നടത്തി. 8 ശാഖകളിൽനിന്നായി നൂറോളം അംഗങ്ങൾ ക്ലാസിൽ സംബന്ധിച്ചിരുന്നു.

ഉച്ചകഴിഞ്ഞു് നാലരമണിക്കു് ബ്ര: ഡേവിഡ് മഠംപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ കാര്യാലോചനായോഗത്തിൽവച്ചു വാഴക്കുളം സെൻററാക്കി ഒരു പ്രാദേശികകൗൺസിൽ രൂപീകരിച്ചു. കുര്യൻ കുര്യാക്കോ മുഞ്ഞനാട്ടു് അവർകളെ പ്രസിഡൻറായി തിരഞ്ഞെടുത്തു. പ്രസിഡൻറു് പൊതുയോഗത്തിന്റെ അഭിപ്രായമാരാഞ്ഞുകൊണ്ടു് ഇതരഭാരവാഹികളെ നിയമിക്കുകയുംചെയ്തു.

കരിങ്കുന്നം: സെൻറ് അഗസ്റ്റിൻസ് കോൺഫറൻസിന്റെ തൃതീയവാർഷികവും സെൻറ് മേരിസ് നാമധേയത്തിൽ സ്ഥാപിതമായ സത്യാരാധനാസഖ്യത്തിന്റെ ദ്വിതീയവാർഷികവും ഏകോപിച്ചു് നവമ്പർ 14-ാം തീയതി ഞായറാഴ്ച റവ. ഫാദർ ഗ്രേഷ്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു തേവര കോളേജ് വിദ്യാർത്ഥി വി. എം. മാത്യു വെള്ളിരിങ്ങാട്ടും ബ്രദർ പീററർ റെസ്റ്റി എം. എ. യും പ്രസംഗിച്ചു. ഇതരചടങ്ങുകളോടുകൂടി ഒരു മണിക്കു് യോഗം സമംഗളം പര്യവസാനിച്ചു. ഇടയ്ക്കിടയ്ക്കു് കുട്ടികളുടെ സംഗീതങ്ങൾ ഉണ്ടായിരുന്നു.

വടയാർ: ഈ ഇടവകയിൽ വി. പത്താംപിയൂസിന്റെ നാമത്തിൽ സ്ഥാപിതമായ ആരാധനാമഠത്തിന്റെ വെഞ്ചരിപ്പുകർമ്മം 16-ാം തീയതി വൈകുന്നേരം 4 മണിക്കു് പല ബ: വൈദികരുടെയും നിരവധി കന്യാസ്ത്രീകളുടെയും വൻപിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ വെരി റവ. ഫാ. ജോസഫ് വളമംഗലം നിർവ്വഹിച്ചിരിക്കുന്നു. റവ. ഫാദർ സെബാസ്ത്യൻ മലമേൽ തദവസരത്തിൽ പ്രസംഗിച്ചു. മഠത്തിന്റെ കപ്പേളയിൽ വി. പിയൂസിന്റെ സ്തുതിക്കായി റവ. ഫാദർ ഐസക്കു് പുത്തനങ്ങാടി ലദീഞ്ഞു് നടത്തി. വെരി റവ ഫാദർ ജോർജ്ജ് മണ്ണാറയുടെ കാർമ്മികത്വത്തിൽ പള്ളിയിൽവച്ചു നടന്ന വി. കുർബാനയുടെ വാഴ്വിനോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

കാഞ്ഞിരപ്പള്ളി: ആനക്കല്ല് ഇടവകയിലെ വേദപ്രചാരസഹായസംഘത്തിന്റെ ഒരു വിശേഷാൽ സമ്മേളനം സൺഡേസ്കൂൾ ഹാളിൽവച്ചു് റവ. ഫാദർ ഫിലിപ്പ് കുന്നപ്പള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ബ്ര. പി. സി. അബ്രാഹം പ്രസംഗിച്ചു. സിക്രട്ടറി ജോസഫ് ജെ. കൊച്ചുപുരക്കൽ കൃതജ്ഞതാപ്രകടനം നടത്തി. കാർഷികവിഭവശേഖരണവും ലേലവും നടത്തപ്പെട്ടു.

## ഇംഗ്ലീഷ് "C. T. S." പ്രസ്ഥാനം

70 കൊല്ലങ്ങൾക്കു മുമ്പു മി. ജെയിംസ് ബ്രിട്ടൻ ഒരു ബ്രിട്ടീഷ് മ്യൂസിയത്തിൽ ഒരു ചെറിയ ശമ്പളക്കാരനായിരുന്നു. ഒരു ദിവസം ലണ്ടനിലുള്ള "പാത്തർനോസ്റ്റർ" വീഥിയിലൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പ്രസിദ്ധീകരണശാലയുടെ മുൻവശത്തു ധാരാളം "പെനി" ലഘുലേഖകൾ വില്പനയ്ക്കു വച്ചിരിക്കുന്നതു കണ്ടു. പരിശോധനയിൽ അതെല്ലാം കത്തോലിക്കാസഭയെ കുററാരോപണം ചെയ്യുന്ന കടുത്ത പ്രോട്ടസ്റ്റൻറു പ്രസിദ്ധീകരണങ്ങളാണെന്നു മനസ്സിലായി. ഈ അബദ്ധപ്രചരണത്തെ എതിരിടണമെന്നു നിശ്ചയിച്ചു അദ്ദേഹം തന്റെ 12 സ്നേഹിതന്മാരെ ഒരു സംഘമായിചേർത്തു ഓരോരുത്തരെക്കൊണ്ടും ഓരോ പവൻ മൂലധനമായി പിരിച്ചു സമാരംഭിച്ചതാണു് സി. ടി. എസ്സ്. ഇന്നുവരെ കാത്തലിക്കു് ട്രൂത്തു് സൊസൈററി 7 കോടിയിലധികം വിശിഷ്ടലഘുലേഖകൾ വിവിധ വിഷയങ്ങളെക്കുറിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രതിവർഷം 25 ലക്ഷത്തിൽ കുറയാത്ത പ്രതികൾ അടിച്ചു വിതരണം ചെയ്യുന്നു. പല ഭാഷകളിലും അവ തർജ്ജമചെയ്യപ്പെടുകയും ധാരാളം പ്രതികൾ വിവിധരാജ്യങ്ങളിൽ വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ടു്.




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, NOVEMBER, 24 || No. 15


# കുടുംബങ്ങളിലെ ജപമാലപ്രാർത്ഥന

മരിയവത്സരം അതിന്റെ വിവിധ പരിപാടികളിലൂടെ സമാപിക്കുവാൻ പോവുകയാണല്ലോ. മരിയഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും, തദ്വാരാ, അവശതകളിലും ക്ലേശങ്ങളിലും ആണ്ടുപോയിരിക്കുന്ന മനുഷ്യഹൃദയങ്ങളെ പ്രത്യാശാപൂരിതമായ ആദ്ധ്യാത്മികവിചിന്തനങ്ങളിലേക്കും സമാശ്വാസത്തിലേക്കും ആനയിക്കുന്നതിനും, മറിയത്തിന്റെ പൊതുമാതൃത്വത്തിന്റെ തണലിൽ സാഹോദര്യമനോഭാവത്തോടുകൂടിയ ഒരു സാമൂഹികജീവിതം സുസാദ്ധ്യമാക്കുന്നതിനും ഈ മരിയവത്സരം വളരെയേറെ സഹായിച്ചിട്ടുണ്ട് എന്നുള്ളതു അവിതർക്കിതമാണ്. ഈ രക്ഷാകരമനോഭാവം നിലനിർത്തുന്നതിനും കൂടുതൽ പ്രചരിപ്പിക്കുന്നതിനും എല്ലാവരും തുടർന്നു പരിശ്രമിക്കുന്നതിനുള്ള ദൃഢനിശ്ചയമാണ് ഈ അവസരത്തിൽ പ്രത്യേകം ആവശ്യമായിരിക്കുന്നതു്. അതിനുള്ള ഒരു പ്രായോഗികപദ്ധതിയായി കുടുംബങ്ങളിലെ കൂട്ടമായ ജപമാലപ്രാർത്ഥന സ്വീകരിക്കുന്നതു ഫലപ്രദമായിരിക്കും.

ആധുനികകാലത്തിലെ ജപമാലയുടെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന ഫാദർ പാട്രിക് പെയ്റ്റൻ മരിയജൂബിലിയുടെ സമാപനമാസമായ ഡിസംബറിൽ ഇന്ത്യയിൽവന്നു പല സ്ഥലങ്ങളിലും അദ്ദേഹത്തിന്റെ പ്രേഷിതപരിപാടികൾ നിർവ്വഹിക്കുന്നുണ്ട് എന്നറിയുന്നതു നമുക്കു വളരെ സന്തോഷകരമാണല്ലോ. കുടുംബജപമാലയെ സംബന്ധിച്ച് ഒരു പ്രചരണം ഒരുപക്ഷെ, ജന്മനാ അതിൽ പരിശീലിച്ചിട്ടുള്ള നമുക്കു ആവശ്യമില്ലായിരിക്കാം. എന്നാൽ ആ ഭക്തപരിപാടിയിൽ നമ്മുടെയിടയിൽ ചന്നുവശായിട്ടുള്ള അലസതയും അജ്ഞതയും അവശ്യം പരിഹരിക്കപ്പെടേണ്ടവയാണ്. അദ്ദേഹത്തിന്റെ പര്യടനം അതിനു സഹായിക്കുമെന്നു സുദൃഢം നമുക്കു പ്രതീക്ഷിക്കാം.

ഫാദർ പെയ്റ്റൻ കുടുംബജപമാലയെ ആധാരമാക്കി ഒരു ലേഖനപരമ്പര എക്സാമിനർ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. വിശിഷ്ടമായ ആ ലേഖനത്തിന്റെ ആദ്യഭാഗത്തിൽ ജപമാലയുടെ ചരിത്രത്തെപ്പററി പ്രതിപാദിക്കുന്ന ഭാഗം നമ്മുടെ ജപമാലഭക്തിയെ ഉത്തേജിപ്പിക്കുന്നതിനു പ്രേരകമാകുമെന്നു വിശ്വസിക്കുന്നു. അതിപ്രകാരമാണ്:-

“ഇതൊരു പുതിയ കഥയാണ്—ഏററം മനോഹരമായ ഒരു കഥ—കുടുംബജപമാലയുടെ കഥ. നസ്രത്തിലെ ഒരു ചെറുകുടുംബത്തിലാണ് അതിന്റെ പ്രാരംഭം. അവിടെ മാലാഖായുടെ മംഗലവാർത്തയോടുകൂടി പരിശുദ്ധ കന്യകമറിയം ദൈവകുമാരനെ ഗർഭം ധരിക്കുകയും, കുടുംബജപമാലയുടെ മനോഹരസത്യങ്ങളിൽ ജീവിക്കുന്നതിനാരംഭിക്കുകയും ചെയ്തു. അവയാണ് സന്തോഷത്തിന്റെയും, ദുഃഖത്തിന്റെയും, മഹിമയുടേയും രഹസ്യങ്ങൾ.

“യഥാർത്ഥ ക്രിസ്തീയചൈതന്യത്തോടുകൂടിയ സ്ത്രീപുരുഷന്മാർ അനേകനൂററാണ്ടുകൾ ഈ നിത്യസത്യങ്ങളെ ഉപാസിച്ചുജീവിച്ചു. എന്നാൽ 13-ാംനൂററാണ്ടായപ്പോഴേക്കും അവയെ വിസ്മരിക്കുന്ന ഒരു പരിതസ്ഥിതി വന്നുകൂടി. ക്രിസ്തീയസംസ്കാരം തിരോഭവിച്ചുതുടങ്ങി. രാജ്യങ്ങളിലും ജനതകളിലും നിരവധി തരത്തിലുള്ള ക്രമക്കേടുകൾ ഉടലെടുത്തു. ക്രിസ്തീയവിരുദ്ധമായ തത്വങ്ങൾ ദൈവമക്കൾക്കു ആത്മീയഭക്ഷണമായി പരസ്യവിതരണം നടന്നുകൊണ്ടിരുന്നു.

“ഈ ഘട്ടത്തിലാണ് ദൈവം അവിടുത്തെ ഒരു മഹാവിശുദ്ധനും, പണ്ഡിതവരേണ്യനും, മറിയത്തിന്റെ വിശ്വസ്തസുതനുമായ ഡോമിനിക്കിനെ രംഗത്തേക്കാനയിച്ചതു്. പാപപങ്കിലമായ ലോകത്തെ സമുദ്ധരിക്കുന്നതു ദുഷ്കരമായിത്തോന്നി അദ്ദേഹത്തിനു്. എങ്കിലും ഡോമിനിക്ക് നിരാശനായില്ല. അദ്ദേഹത്തെ കൈവെടിയാത്ത ഒരമ്മയിൽ അദ്ദേഹം ആശ്രയിച്ചു. തീവ്രമായ ഭക്തിയോടുകൂടി അദ്ദേഹം ഈ അമ്മയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചു. അപ്പോൾ സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും മനോഹരരാജ്ഞിയായ മറിയം കൈയിൽ ഒരു ജപമാലയും പിടിച്ചുകൊണ്ടു അദ്ദേഹത്തിനു പ്രത്യക്ഷയായി. അതു ജപിക്കേണ്ട രീതി അദ്ദേഹത്തെ പഠിപ്പിച്ചു. ഈ ഭക്തി ലോകത്തിനുപദേശിച്ചുകൊടുക്കുവാൻ മറിയം നിർദ്ദേശിച്ചു. ഇതാണ് പാരമ്പര്യവിശ്വാസം. ജപമാലയുടെ ശക്തിയുടെ രഹസ്യത്തെ വെളിവാക്കുന്ന, സ്വർഗ്ഗനാഥയുടെ വാക്കുകൾ ഇതായിരുന്നു: “ജപമാലഭക്തി എല്ലാ സ്ഥലങ്ങളിലും പ്രചരിപ്പിക്കുക. അതു ജനങ്ങളെ പഠിപ്പിക്കുക. ഈ ഭക്തി എന്റെ ദിവ്യസുതനും എനിക്കും ഏററമധികം ഇഷ്ടമുള്ളതാണെന്നു് അവരോടു പറയുക. ജപമാലഭക്തി വഴിയായി പുണ്യങ്ങൾ തഴച്ചുവളരും; തിന്മകൾ നശിപ്പിക്കപ്പെടും; പാഷണ്ഡത നാമാവശേഷമാകും; ദൈവാനുഗ്രഹങ്ങൾ ലഭിക്കുകയുംചെയ്യും. എല്ലാവിധ അനുഗ്രഹങ്ങളും ലഭിക്കുന്നതിനുള്ള വററാത്ത ഒരുറവയായി ജപമാല നിലകൊള്ളുന്നതാണ്. ഈ ഭക്തി എനിക്കെത്ര ഇഷ്ടമുള്ളതാണെന്നും വിശ്വാസികൾക്കു എത്ര ഗുണപ്രദമാണെന്നും ധാരാളമായ അനുഗ്രഹങ്ങൾവഴി ഞാൻ തെളിയിക്കുമെന്നു നിന്നോടു വാഗ്ദാനം ചെയ്തുകൊള്ളുന്നു.”

“ഇതിനുവേണ്ടിയായിരുന്നു ഡോമിനിക്കു പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്. ആ നാഥ അറിയിച്ചതുപോലെ, അദ്ദേഹം ജപമാലയെ ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചു. മാത്രമല്ല, അദ്ദേഹം അതു തന്റെ ജീവിതകൃത്യമായി അവലംബിച്ചു. ജനങ്ങളും ഇതുതന്നെയായിരുന്നു പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്. അവർ ജപമാലഭക്തിയെ ദേവാലയങ്ങളിൽനിന്നു അവരുടെ ഭവനങ്ങളിലേക്കു സംവഹിച്ചു. അതു തിന്മയെ പരാജയപ്പെടുത്തുകയും പുണ്യങ്ങളെ വിളയിക്കുകയും, എല്ലാവർക്കും ദൈവാനുഗ്രഹങ്ങളും പ്രസാദവരങ്ങളും സമ്പാദിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു ജപമായി പരിണമിച്ചു.

“ഏകദേശം രണ്ടു നൂററാണ്ടുകാലത്തേക്കു ജപമാല ക്രിസ്ത്യാനികളുടെ പ്രധാന പ്രാർത്ഥനയായി തുടർന്നു. കാലാന്തരത്തിൽ ജപമാലയുടെ നേരെയുള്ള പ്രാരംഭകാലത്തെ ഭക്തിതീക്ഷ്ണത മന്ദീഭവിച്ചപ്പോൾ പരിശുദ്ധകന്യകാമറിയം തന്റെ ഉത്തമഭക്തനായ വാഴ്ത്തപ്പെട്ട ആലൻ എന്ന ദേഹത്തിനു പ്രത്യക്ഷപ്പെട്ട്, ജപമാലഭക്തിയെ ഉത്തേജിപ്പിക്കുന്നതിനുള്ള നിർദ്ദേശം അദ്ദേഹത്തിനു നൽകി. ജപമാലവഴിയായി സാധിച്ചിട്ടുള്ള അത്ഭുതങ്ങളെപ്പററിയെല്ലാം പ്രതിപാദിക്കുന്നതിനു അനേകം ഗ്രന്ഥങ്ങൾതന്നെ വേണ്ടിവരുമെന്നു മറിയം അദ്ദേഹത്തോടു പറയുകയുണ്ടായി. കൂടാതെ ചില പ്രത്യേകവാഗ്ദാനങ്ങളും കന്യകമറിയം ആ അവസരത്തിൽ ചെയ്തു. “കൊന്തവഴിയായി എന്റെ മാദ്ധ്യസ്ഥം തേടുന്നവൻ നശിച്ചുപോവുകയില്ല. കൊന്തയുടെ യഥാർത്ഥഭക്തന്മാർ സ്വർഗ്ഗത്തിൽ വളരെ ഉന്നതമായ മഹത്വം പ്രാപിക്കും. കൊന്തവഴിയായി അപേക്ഷിക്കുന്ന എല്ലാ കാര്യങ്ങളും നിനക്കു നൽകുന്നതായിരിക്കും. എന്റെ ജപമാലഭക്തിയെ പ്രചരിപ്പിക്കുന്നവരെ അവരുടെ എല്ലാ ആവശ്യങ്ങളിലും ഞാൻസഹായിക്കുന്നതാണ്.” എന്നിവയാണ് അതിൽ പ്രധാനപ്പെട്ട നാലു വാഗ്ദാനങ്ങൾ.

“നമ്മുടെതന്നെ കാലത്തേക്കു നാം സമീപിക്കുമ്പോൾ, ജപമാലയുടെ മഹത്തായ അമൂല്യതയെപ്പററി കൂടുതൽ തെളിവുകൾ നമുക്കുണ്ടല്ലോ. നമ്മുടെ അമലോത്ഭവജനനി ലൂർദ്ദിൽ ബെർണർദീത്തായ്ക്കു 18 പ്രാവശ്യം പ്രത്യക്ഷപ്പെട്ടു; അവളോടൊന്നിച്ചു കൊന്തജപിച്ചു; ഈ ഭക്തമുറയെ ലോകത്തിനുപദേശിക്കുവാൻ നിർദ്ദേശം നൽകി. വീണ്ടും 1917 ഒക്ടോബർ 13-ാംനു- പോർത്തുഗലിലുള്ള ഫാത്തിമാ എന്ന സ്ഥലത്തു പ്രത്യക്ഷയായപ്പോൾ ജപമാലയുടെ മാഹാത്മ്യങ്ങളെല്ലാം സംഗ്രഹിച്ചുകൊണ്ടു’ നമ്മുടെ നാഥ പ്രസ്താവിച്ചതു് താൻ ജപമാലനാഥയാണ് എന്നത്രെ. മറിയത്തിന്റെ വാക്കുകൾ കേട്ടാലും: “ഞാൻ ജപമാലയുടെ നാഥയാണ്. ഞാൻ വന്നിരിക്കുന്നതു്, വിശ്വാസികളോട്, അവരുടെ പാപങ്ങളെക്കുറിച്ചു പൊറുതിഅപേക്ഷിക്കുന്നതിനും അവരുടെ ജീവിതത്തെ നവീകരിക്കുന്നതിനും പറയുവാൻവേണ്ടിയാണ്. ഇപ്പോൾതന്നെ വളരെ കഠിനമായി ദ്രോഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കർത്താവിനെ ഇനിയും ദ്രോഹിക്കുന്നതിനു അവർ തുനിയരുതു്. അവർ ജപമാലചൊല്ലണം.”

“ജപമാലയ്ക്കു പ്രശസ്തമായ ഒരു ചരിത്രകാലമുണ്ട്. നമ്മുടെ ജപമാലരാജ്ഞി തന്റെ എല്ലാ വാഗ്ദാനങ്ങളും നിറവേററിയിട്ടുണ്ട്. അതിന്റെ ശക്തിവഴിയായി അവിടുന്നു വ്യക്തികളേയും, കുടുംബങ്ങളേയും, രാജ്യങ്ങളേയും, ലോകം മുഴുവനേയും സംരക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ ജപമാല ഒരു പുതിയ പ്രതാപഘട്ടത്തിലേക്കു നീങ്ങുകയാണ്. ഇന്നു പ്രത്യേകിച്ചും കുടുംബങ്ങളാണ് ഭീഷണിപ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുന്നതു്. ലോകം രക്ഷിക്കപ്പെടണമെങ്കിൽ കുടുംബം രക്ഷിക്കപ്പെടണം. അതീതകാലങ്ങളിൽ ജപമാല ലോകത്തെ രക്ഷിച്ചിട്ടുണ്ട്. ഇപ്പോഴും കുടുംബങ്ങളെ രക്ഷിച്ചുകൊണ്ടു് അതു ലോകത്തെ രക്ഷിക്കാതിരിക്കയില്ല. ഇതു ജപമാലകൊണ്ടു മാത്രമല്ല നടക്കാൻ പോകുന്നതു്—പ്രത്യുത, കുടുംബജപമാലകൊണ്ടാണ്. ജപമാല ചൊല്ലുന്ന കുടുംബങ്ങളാണ് അതു സാധിക്കേണ്ടതു്. കുടുംബങ്ങളെ കുടുംബങ്ങൾവഴിയായി ജപമാല സംരക്ഷിക്കുന്നു.”

കുടുംബാംഗങ്ങളെ അനുദിനമുള്ള കൂട്ടമായ ജപമാലപ്രാർത്ഥനയിൽ ഒന്നിപ്പിക്കുന്നതിനും അതുവഴിയായി ധാരാളം ദൈവാനുഗ്രഹങ്ങളും കുടുംബങ്ങളുടെ സമാധാനത്തിനും ക്ഷേമത്തിനും ആവശ്യമായ പ്രത്യേകവരങ്ങളും പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗമാണ് ജപമാലയുടെ ആധുനികാപ്പസ്തോലനായ ഫാദർ പേയ്റ്റൻ ഈ ചെറുപ്രബന്ധത്തിൽ സമ്യക്കായി, സരളമായി പ്രതിപാദിച്ചിരിക്കുന്നതു്. കുടുംബബന്ധം ശിഥിലീകരണശക്തികൾക്കു അനുക്രമം അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പ്രസ്തുത ബന്ധത്തെ ദൃഢതരമാക്കുന്നതിനുള്ള പ്രായോഗികപദ്ധതികളാണ് സർവ്വോപരി നാം ആരായേണ്ടതും, പ്രായോഗികമാക്കേണ്ടതും. ഫാദർ പെയ്റ്റന്റെ പ്രേഷിതത്വം അതിനുള്ള സമാധാനമാണ് പ്രദാനം ചെയ്യുന്നതു്. “The Family that prays together, stays together” ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം, ഒന്നിച്ചുജീവിക്കുന്നു—ഇതാണ് അദ്ദേഹത്തിന്റെ മുദ്രാവാക്യം. ഈ വാക്യത്തിലടങ്ങിയിരിക്കുന്ന അർത്ഥത്തെ നാം വേണ്ടവിധത്തിൽ ധരിക്കുകയും, അതു് വിശിഷ്ടമായ ജപമാലപ്രാർത്ഥനമൂലം നാം പ്രായോഗികമാക്കുകയും ചെയ്യുകയാണെങ്കിൽ കുടുംബസമാധാനത്തിനും കുടുംബൈക്യത്തിനും തന്മൂലം ലോകസമാധാനത്തിനും അതുവഴി പരിശുദ്ധകന്യകമറിയം മാർഗ്ഗം തെളിക്കാതിരിക്കുകയില്ല എന്നു നമുക്കുറച്ചു വിശ്വസിക്കാവുന്നതാണ്.

## പ്രസാധകക്കുറിപ്പുകൾ

### ഭൂനയബില്ലുകളുടെ ന്യൂനതകളും ഭവിഷ്യത്തുകളും

### അ. കേ. ക. കോൺഗ്രസ് കമ്മിററിയുടെ അഭിപ്രായം

തിരുക്കൊച്ചി ഗവമ്മെൻറിന്റെ ഭൂനയബില്ലുകളെപ്പററി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി ചർച്ചനടത്തി, അവയുടെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചും പ്രതിലോമസ്വഭാവം വിശദമാക്കിയും പാസ്സാക്കിയ പ്രമേയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:—

പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങളെ അവഗണിച്ചും, സംസ്ഥാനത്തു് ഭൂമിയുടെയും ഭൂമി ഉടമയേയും പററിയുള്ള സ്ഥിതിവിവരങ്ങളൊന്നും ശേഖരിക്കാതെയും ആണ് വളരെ കുഴഞ്ഞതും വിവാദപരവും വിദൂരവ്യാപകഫലത്തോടുകൂടിയതുമായ ഈ സംരംഭത്തിൽ ഗവമ്മെൻറ് എടുത്തുചാടിയതു്. സംസ്ഥാനത്തെ കാർഷികചരിത്രം നോക്കിയിട്ടേ ഇല്ല. ബില്ലുകൾ കർഷകന്റെ ഭൂമി മാത്രമല്ല, മുടക്കിയ മൂലധനവും അന്യാധീനപ്പെടുത്തും. ഭൂമിയുടമനിയന്ത്രണബിൽ സംസ്ഥാന പുരോഗതിയെ പാടേ തടയുകയും ഉല്പാദനത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. ഈ ഭൂമിനിയമം പുഞ്ചകൃഷിയുടെ മരണമണിനാദമായിരിക്കും. കർഷകനോടു് കടുത്ത അനീതിയായിരിക്കും ഈ നിയമം മൂലം ചെയ്യുന്നതു്. രാജ്യത്തിന്റെ ക്രഡിററിനെ ഇതു സമൂലം തകരാറാക്കും. ബില്ലുകൾ ഭരണഘടനയ്ക്കു (വകുപ്പ് 99, ബി, സി) കടകവിരുദ്ധമാണ്. അവ പൊതുഗുണത്തിനു സഹായകമല്ല. ഈ സംരംഭത്തിന്റെ ലക്ഷ്യം രാഷ്ട്രീയമാണ്, പൊതുനന്മയല്ല. തിരുക്കൊച്ചിയിലെ സാഹചര്യങ്ങൾ പരിധിനിർണ്ണയത്തിനു് പററിയതല്ല.

ഭൂമിയുടമയും കൈവശവും നിയന്ത്രണബിൽ കേവലം കമ്യൂണിസ്റ്റ് സ്വഭാവത്തോടുകൂടിയതും ആപൽക്കാരണവും ക്രെഡിററിനെ നശിപ്പിക്കുന്നതും വ്യവസായത്തെ സ്തംഭിപ്പിക്കുന്നതും അനീതിപരവുമാകയാൽ ബിൽനിയമസഭയിൽനിന്നു പിൻവലിക്കണമെന്നു കമ്മിററി ഗവമ്മെൻറിനോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

* * *

### വൻകിടഭൂമികൾ വിവേചനകൂടാതെ നിർത്തലാക്കുന്നതു്

### രാജ്യത്തിനു ദോഷകരം

### ഡെമോക്രസിയുടെ അഭിപ്രായം

തമിഴ്നാട് (മദ്രാസ്) കോൺഗ്രസ് കമ്മിററി നിയമിച്ച ഭൂനയ സബ്കമ്മിററി പ്രസിദ്ധം ചെയ്ത റിപ്പോർട്ടിലെ പ്രായോഗികവും വിവേകപൂർവ്വകവുമായ ഭൂനയ പരിഷ്കരണതത്വങ്ങൾ മുന്നൊരു ലക്കത്തിൽ (നവംബർ 10) ഞങ്ങൾ ഉദ്ധരിച്ചിരുന്നല്ലോ. അതേപ്പററി ഷെവലിയർ രത്നസ്വാമിയുടെ പത്രാധിപത്യത്തിൽ നടത്തപ്പെടുന്ന “ഡെമോക്രസി” ചർച്ചചെയ്യുകയിൽ ഭൂപരിധിനിർണ്ണയത്തെപ്പററി പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായങ്ങൾ ശ്രദ്ധാർഹങ്ങളാണ്:—

എല്ലാത്തരം ഭൂവുടമകളോടും വിട്ടുവീഴ്ചയോടുകൂടിയതും അനുഭവപൂർവ്വവും യുക്തിയുക്തവുമായ മനോഭാവം കൈക്കൊള്ളുന്നതിനു നമുക്കു പ്രത്യേക ചുമതലയുണ്ട്. വൻകിട ജന്മികളെ അപ്പാടെ വെറുക്കേണ്ടതായിട്ടില്ല. എന്നാൽ അവർ അവരുടെ സ്വത്തു് സൂക്ഷിപ്പുമുതൽ (ട്രസ്റ്റ്) എന്ന നിലയിൽ ഭൂമിയുടേയും ജനങ്ങളുടേയും രാജ്യത്തിന്റേയും നന്മയ്ക്കുവേണ്ടി വിനിയോഗിക്കുന്നതിനു കടപ്പെട്ടവരാണ്. നല്ലവരും ജനസഹായികളുമായ ഭൂവുടമകൾക്കു പ്രോത്സാഹകരമായ വ്യവസ്ഥകളാണ് ഭൂപരിഷ്കരണനിയമങ്ങളിൽ ഉണ്ടായിരിക്കേണ്ടതു്. വൻകിട ജന്മിത്തത്തിന്റെ ഏററവും വലിയ ദോഷം ഒട്ടേറെ ഭൂമി കൃഷിചെയ്യാതെ കൈവശം വച്ചുകൊണ്ടു് വിദൂരത്തിൽ സുഖവാസം ചെയ്യുകയെന്നതാണ്. അങ്ങനെയുള്ള ജന്മിത്തം അസാദ്ധ്യവും നിഷ്ഫലവും എന്നല്ല ശിക്ഷാർഹവും ആക്കിത്തീർക്കേണ്ടതാണ്. അതിനുവേണ്ടി തെരഞ്ഞെടുപ്പവകാശം നിഷേധിക്കുക, പബ്ളിക്ക് ഉദ്യോഗങ്ങളിൽനിന്നു് മാററിനിർത്തുക, ഭാരിച്ച നികുതി ചുമത്തുക മുതലായ ശിക്ഷണനടപടികൾ അവർക്കെതിരായി സ്വീകരിക്കണം. നേരെമറിച്ചു് ഭൂമിയുടെ സമീപത്തിൽതന്നെ വസിക്കുകയും, കുടിയാന്മാരുടേയും ജോലിക്കാരുടേയും അഭിവൃദ്ധിയിൽ നേരിട്ടു താല്പര്യം പ്രദർശിപ്പിക്കുകയും, അവർക്കു വസതികളുണ്ടാക്കിക്കൊടുക്കുകയും, റോഡുവെട്ടിച്ചും കിണറുകൾ കുഴിപ്പിച്ചും ചെറിയ ജലസേചനങ്ങളേർപ്പെടുത്തിയും ഭൂമി നന്നാക്കുകയും ചെയ്യുന്ന ജന്മികൾക്കു താഴ്ന്നതോതിൽ നികുതി ചുമത്തുക, നിയമസഭകളിലേക്കോ പ്രാദേശികബോർഡുകളിലേക്കോ ഉപദേശകസമിതികളിലേക്കോ അംഗത്വം നൽകുക തുടങ്ങിയ ആനുകൂല്യങ്ങൾമൂലം പ്രോത്സാഹനം നൽകേണ്ടതാണ്.

## ഇംഗ്ലണ്ടിലെ അനുഭവങ്ങൾ

ബ്രിട്ടീഷ് ഇൻഫർമേഷൻ ആഫീസർ കാർഷികപരിഷ്കരണം സംബന്ധിച്ചുള്ള ഇംഗ്ലണ്ടിലെ അനുഭവങ്ങളുടെ ചില വിവരങ്ങൾ പ്രസ്തുത സബ്കമ്മിററിക്കു നൽകുകയുണ്ടായി. അതും ഇത്തരുണത്തിൽ ശ്രദ്ധാർഹമാണു്: "ഇംഗ്ലണ്ടിലെ ചെറുഭൂവുടമകളുടെ കൈവശം 50 ഏക്കറിൽ കുറയാതെ ഭൂമിയുണ്ടു്. അവയിൽ ചിലവഴിക്കേണ്ട മൂലധനത്തിൻെറ 75 ശതമാനത്തോളം അവർക്കു ഗവമ്മെൻറിൽനിന്നു സഹായമായി നൽകുന്നുണ്ടു്. വൻകിടജന്മിത്തം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ ഇംഗ്ലണ്ടിൽ കാര്യമായി നടന്നിട്ടില്ല. വൻകിടഭൂമികളും ചെറുകിടഭൂമികളും കാർഷികജീവിതത്തിൽ യഥായോഗ്യമായ പങ്കുകൾ വഹിക്കുവാനുണ്ടെന്നുള്ള യാഥാർത്ഥ്യബോധമാണു് അതിനു കാരണം.

* * *

## കൂട്ടുഗവർമ്മെൻറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു പങ്കുകൊടുക്കരുതു്

## ഹംഗേറിയൻ മന്ത്രിയുടെ ഉപദേശം

ആസ്ഡ്റിയാസംസ്ഥാനത്തിൽ ഭരണം നടത്തിക്കൊണ്ടിരുന്ന പ്രകാശം മന്ത്രിസഭ പ്രതിപക്ഷങ്ങളുടെ അവിശ്വാസപ്രമേയം ഒരു വോട്ടിൻെറ ഭൂരിപക്ഷംമൂലം പാസായതിനാൽ രാജിവയ്ക്കേണ്ടിവന്നു. തൽസ്ഥാനത്തു് പ്രതിപക്ഷപാർട്ടികൾ പലരും കൂട്ടുചേർന്നുള്ള പുതിയ മന്ത്രിസഭ ഭരണം തുടങ്ങുമെന്നാണു് ആദ്യംകേട്ടതു്. ആ കൂട്ടുഗവമ്മെൻറിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് ഒരു പ്രധാന സ്ഥാനം ലഭിക്കുവാൻ ഇടയുള്ളതായും കേട്ടിരുന്നു. എന്നാൽ കൂട്ടുഗവമ്മെൻറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് പങ്കുനൽകുന്നതു് അപകടകരമാണെന്നും കിഴക്കേ യൂറോപ്യൻ രാജ്യങ്ങളിലെ അനുഭവം അതിനു സ്പഷ്ടമായ തെളിവാണെന്നും പ്രസിദ്ധമാണു്. ഹംഗറിയിലെ അനുഭവം അതാണെന്നു വിവരിച്ചു് അവിടത്തെ കമ്മ്യൂണിസ്റ്റ്ഭരണത്തിനു മുൻപു് പ്രധാനമന്ത്രിയായിരുന്നു അവിടെനിന്നു ബഹിഷ്കൃതനായി ഇപ്പോൾ ഇൻഡ്യയിൽ സഞ്ചരിക്കുന്ന മിസ്റ്റർ നാഗി (Nagy) വിജയവാഡായിലെ ഒരു യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. ഹംഗറിയിലെ ഒരു ചെറിയ പാർട്ടിയായിരുന്ന കമ്മ്യൂണിസ്റ്റ്പാർട്ടി മററു പാർട്ടികളുമായി ചേർന്നു് ഒരു കൂട്ടുഗവമ്മെൻറു് ഉണ്ടാക്കിയശേഷം ഒട്ടും താമസിയാതെ ഭരണം മുഴുവനും കയ്യടക്കുകയും മററു പാർട്ടികളെ ഇല്ലാതാക്കുകയും ചെയ്തു. ആ പാർട്ടികളിൽ പ്രധാനമായ ഒന്നു് കർഷകപാർട്ടിയായിരുന്നു. അതിൻെറ നേതാവായിരുന്നു മി. നാഗി. കഴിഞ്ഞ ലോകമഹായുദ്ധത്തിനുമുൻപു് ഈ കർഷകപാർട്ടി ആരംഭിച്ച ഭൂനയപരിഷ്കരണം ഹംഗറിയിലെ വൻകിടഭൂമികളെ വിഭജിച്ചു് ഭൂമിയില്ലാത്ത പാവപ്പെട്ട കർഷകർക്കു വിതരണംചെയ്തു. ഹംഗറി കൈവശപ്പെടുത്തിയ റഷ്യാക്കാരുടെ നിർബന്ധത്താൽ അവിടത്തെ കൂട്ടുഗവമ്മെൻറിലെ ഇതരപാർട്ടികൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും അതിൽ പങ്കുകൊടുത്തു. റഷ്യൻ പട്ടാളത്തിൻെറ പിൻതുണയോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടി കൂട്ടുഗവർമ്മെൻറിലെ ഇതരപാർട്ടികളെ പുറംതള്ളുകയും ഹംഗറിയിലെ ഭരണം മുഴുവൻ തനിച്ചു് കയ്യടക്കുകയുംചെയ്തു. കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴ് ഹംഗറിയിലെ കർഷകരുടെ ദുർവ്വിധി എന്തായിതന്നെന്നും മി. നാഗി ചൂണ്ടിക്കാണിച്ചു. തങ്ങളുടെ സഹജമായ കൂട്ടുകൃഷി പരിപാടി കമ്മ്യൂണിസ്റ്റുപാർട്ടി നടപ്പിലാക്കാൻ തുടങ്ങി. ഹംഗറിയിൽ ആകെയുള്ള ഭൂമിയിൽ മൂന്നിൽ ഒന്നു് കർഷകരിൽനിന്നു പിടിച്ചെടുത്തു് കൂട്ടുകൃഷി നടത്താൻവേണ്ടി സക്കാരിൻെറ പിടിയിലും നടത്തിപ്പിലുമാക്കി. അങ്ങനെ ഒററടിക്കു് കർഷകർക്കു് ഭൂമിയില്ലാതാക്കുകയും കർഷകപാർട്ടി പിരിച്ചുവിടുകയുംചെയ്തു. (ആസ്ഡ്റിയയിൽ കൂട്ടുഗവമ്മെൻറല്ല, പ്രസിഡൻറു ഭരണമാണു് ഏർപ്പെടുത്തിയിരിക്കുന്നതു്)

* * *

## ഇൻഡോചൈനായിലെ കമ്മ്യൂ: മേഖലയിൽ

## പ്രജായത്തഭരണം ഉണ്ടാകുമെന്നോ?

ഇൻഡോചൈനായിലെ വിയററ്നാം സംസ്ഥാനത്തിൽ വിയററുമിൻ എന്നറിയപ്പെടുന്ന കമ്മ്യൂണിസ്റ്റ് ഗ്രൂപ്പും സാക്ഷാൽ ദേശീയഗ്രൂപ്പും തമ്മിൽ കുറെ കൊല്ലങ്ങളായി യുദ്ധം നടന്നുകൊണ്ടിരിക്കയായിരുന്നു. ഏതാനും മാസം മുമ്പു് ജനീവായിൽ നടന്ന കോൺഫറൻസിൻെറ ഫലമായി ആ സംസ്ഥാനം രണ്ടായി വിഭജിച്ചു് ചൈനയോടു തൊട്ടുകിടക്കുന്ന വടക്കേഭാഗം കമ്മ്യൂണിസ്റ്റുകാരായ വിയററുമിൻകാക്കു് വിട്ടുകൊടുത്തു. ആ മേഖലയിൽനിന്നു് കമ്മ്യൂണിസ്റ്റുകാരല്ലാത്ത വിയാററ്നാമധികാരികളുടെ കീഴിലുള്ള തെക്കേമേഖലയിലേക്കു് മാറിപ്പാർക്കുവാൻ ആഗ്രഹമുള്ളവരെ അതിനനുവദിക്കണമെന്നും കോൺഫറൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. വിയററുമിൻ മേഖലയിൽ വളരെയധികം ഉള്ള കത്തോലിക്കരും ഇതരന്മാരും അവിടംവിട്ട തെക്കേമേഖലയിലേക്കു് അഭയാത്ഥികളായിപ്പോന്നുകൊണ്ടിരിക്കുകയാണു് വിയററുമിൻ മേഖലയിൽ പ്രജായത്തഭരണം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടെന്നു് അവിടത്തെ വിദേശകാര്യമന്ത്രി വിദൂരപൂർവ്വപ്രദേശങ്ങൾ ഇപ്പോൾ സന്ദശിച്ചുകൊണ്ടിരിക്കുന്ന "ലോകകാര്യ ഇൻഡ്യൻ കൗൺസിലിൻെറ" പ്രസിഡണ്ടിനോടും സെക്രട്ടറിയോടും ഉറപ്പു പറഞ്ഞതായറിയുന്നു. ഈ വാത്ത സന്തോഷകരംതന്നെ. എന്നാൽ പ്രജായത്തഭരണമെന്നു് കമ്മ്യൂണിസ്റ്റ്പാർട്ടികളും കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളും വിളിക്കുന്ന ഭരണസമ്പ്രദായം ഇൻഡ്യയിൽ മനസ്സിലാക്കുന്നതും നിലവിലിരിക്കുന്നതുമായ സമ്പ്രദായത്തിൽനിന്നു വിഭിന്നമാണു്. എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ കമ്മ്യൂണിസ്റ്റ്പാർട്ടിയെമാത്രം രാഷ്ട്രീയപാർട്ടിയായി ഗണിക്കുന്നു; യാതൊരു മനഃസ്വാതന്ത്ര്യവും അനുവദിക്കുന്നില്ല; വ്യക്തികളുടെ മൗലികസ്വാതന്ത്ര്യങ്ങൾ അംഗീകരിക്കുന്നുമില്ല. വിയററുമിൻ ഭരണം ഇപ്രകാരം സ്വാതന്ത്ര്യങ്ങൾ നിഷേധിച്ചുകൊണ്ടാണിരിക്കുന്നതെന്നു് ഇപ്പോഴേ തന്നെ തെളിയുന്നുണ്ടു്.

ലോകവാത്തകൾ ശേഖരിക്കുകയും വിതരണംചെയ്യുകയും ചെയ്യുന്ന റോമിലെ "ഫിദസ് ന്യൂസ് ഏജൻസി" അറിയുന്നതും ഔദ്യോഗികമായി അറിയിക്കുന്നതും ഇങ്ങനെയാണു്:- കർബ്ബാനയിൽ സംബന്ധിക്കുന്നവരുടേയും, സ്വഗൃഹങ്ങളിൽ ക്രൂശിതസ്വരൂപം വച്ചിരിക്കുന്നവരുടേയും, കഴുത്തിൽ കുരിശു ധരിക്കുന്നവരുടേയുംമേൽ വിയററുമിൻ മേഖലയിൽ നികുതി ചുമത്തപ്പെടുന്നു അവിടത്തെ ഭരണാധികാരിയായ ഹൊച്ചിമിന്നിൻെറ ഒരു വലിയപടം പ്രദശിപ്പിച്ചുവയ്ക്കുവാൻ സകല പള്ളികൾക്കും ഉത്തരവു നൽകിയിരിക്കുന്നു. കുരിശടയാളം വരയ്ക്കുമ്പോൾ പരിശുദ്ധത്രിത്വത്തിൻെറ നാമങ്ങളോടൊന്നിച്ചു് ഈ കമ്മ്യൂണിസ്റ്റ് നേതാവിൻെറ നാമവും ഉച്ചരിക്കുവാൻ വേദോപദേശം പഠിക്കുന്ന കുട്ടികൾക്കു് ചില സ്ഥലങ്ങളിൽ കല്പന നൽകിയിരിക്കുന്നു. ചില ഡിസ്ട്രിക്ടുകളിൽ കർബ്ബാന സ്വീധമ്മം വാങ്ങുന്നതു് നിരോധിച്ചിരിക്കുന്നു. മററിടങ്ങളിൽ കർബ്ബാനധമ്മത്തിൻെറ റേററു് ഗവമ്മെൻറു് വർദ്ധിപ്പിക്കുകയും അതിൻെറ മൂന്നിൽ രണ്ടുഭാഗം ഒരു രാഷ്ട്രീയ കമ്മീസാർ പ്രാതിനിധ്യം വഹിക്കുന്ന "സമൂഹത്തിനു്" നൽകണമെന്നു് ഉത്തരവായിരിക്കുകയും ചെയ്യുന്നു. പൗരന്മാരുടെ മൗലികാവകാശങ്ങളിൽ സർവ്വപ്രധാനമായ മതാവകാശത്തെ ഇപ്രകാരം ചവുട്ടിമെതിക്കുന്ന ഭരണമാണു് പ്രജായത്തഭരണം വാഗ്ദാനം ചെയ്യുന്നതു്! കമ്മ്യൂണിസ്റ്റ്ഭരണം ഒരിക്കലും പ്രജായത്തഭരണമാകാൻ സാദ്ധ്യമല്ല.

—o—


സുവിശേഷപംക്തി

# രക്ഷകൻെറ ആഗമനം

### ആഗമനകാലം 1-ാം ഞായർ

(സുവിശേഷം. വിശുദ്ധ ലൂക്കാ 21:25-33)

"സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും അടയാളം കാണിക്കും. കടലിൻേറയും അതിലെ തിരമാലകളുടേയും ആരവത്താൽ ഭൂമിയിലെ ജനം പരിഭ്രാന്തരും അസ്വസ്ഥരുമായിത്തീരും. ലോകമാസകലം ബാധിക്കുവാനിരിക്കുന്ന ക്ലേശങ്ങളുടെ പ്രതീക്ഷമൂലം മനുഷ്യഹൃദയങ്ങൾ ഭയ കൊണ്ടു വരണ്ടുപോകും. ആകാശശക്തികൾപോലും ഇളകും. അപ്പോൾ മനുഷ്യപുത്രൻ തൻെറ പൂർണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും. ഇതു സംഭവിച്ചുതുടങ്ങുമ്പോൾ തല ഉയർത്തി മേല്പോട്ടുനോക്കുവിൻ. നിങ്ങളുടെ ഉദ്ധാരണസമയം സമീപിച്ചിരിക്കുന്നു എന്നാണു് ഇതിൻെറ അത്ഥം. അനന്തരം അവിടുന്നു അവരോടു ഒരന്യാപദേശം അരുളിച്ചെയ്തു: അത്തിവൃക്ഷത്തേയോ വേറെ ഏതെങ്കിലും വൃക്ഷത്തേയോ സൂക്ഷിക്കുവിൻ. അവ പൂക്കുമ്പോൾ വേനൽക്കാലം സമീപിച്ചിരിക്കുന്നുവെന്നു അനുഭവത്തിൽനിന്നു നിങ്ങൾ ഗ്രഹിക്കുന്നു ഇതുപോലെതന്നെ, ഇവ സംഭവിക്കുന്നതായി നിങ്ങൾ കാണുമ്പോൾ, ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു നി



അന്തരീക്ഷത്തിൽ ഭയാനകമായ മാററങ്ങൾ കാണുന്നു.

ശ്ചയിച്ചുകൊള്ളുവിൻ. എന്നെ വിശ്വസിക്കുവിൻ. ഇവയെല്ലാം പൂർത്തിയാകുന്നതുവരെ ഈ തലമുറ കടന്നുപോവുകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എൻെറ വചനങ്ങൾ നിലനില്ക്കും."

പിതാവു്:- കഴിഞ്ഞദിവസം നാം വായിച്ച രീതിയിലുള്ള ഒരു സുവിശേഷഭാഗമാണു് ഇന്നും നാം കാണുന്നതു്. ഇതും ലോകാവസാനത്തെ സൂചിപ്പിക്കുന്ന ഒന്നാണു്. എന്നാൽ അതേസമയംതന്നെ ചില വാക്യങ്ങൾ ഓ



മനുഷ്യപുത്രൻ മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

ർശ്ലേമിൻെറ നാശത്തെ സൂചിപ്പിക്കുന്നവയുമുണ്ടു്.

ജോണി: ഇന്നു ആഗമനകാലത്തിലെ ആദ്യഞായറാഴ്ചയാണെന്നല്ലേ കഴിഞ്ഞദിവസം അപ്പച്ചൻ പറഞ്ഞതു്. പിന്നെന്തിനാണു് ഈ ലോകാവസാനത്തെപ്പററി വായിക്കുന്നതു്?

പിതാവു്:- ആഗമനകാലംക്രിസ്തുവിൻെറ വരവിനെ സൂചിപ്പിക്കുന്നതാണു്, ശരിതന്നെ. എങ്കിലും അവിടുത്തെ അവസാനവരവിനെപ്പററിക്കൂടി ഈ അവസരത്തിൽ ഓർമ്മിക്കുന്നതു നല്ലതല്ലേ?

മേരി:- അതു നല്ലതാണു്. അവസാന വിധിദിവസത്തിൽ അവിടുന്നു നീതിവിധി ചെയ്യുവാൻ വരുമെന്നുള്ളതു ഓക്കുന്നതായാൽ, നമ്മെ രക്ഷിക്കാൻവേണ്ടി വരുന്ന ആദ്യത്തെ വരവിൽ അവിടുത്തെ സ്നേഹത്തോടുകൂടി സ്വീകരിക്കാൻ നമുക്കു കൂടുതൽ ആഗ്രഹമുണ്ടാകും.

പിതാവു്:- അതെ, അതു ശരിയാണു്. ദൈവം നമ്മെ ഓരോരുത്തരേയും അവിടുത്തെ മക്കളെപ്പോലെ സ്നേഹിക്കുന്നു, ദൈവ


# സത്യദീപം

## "മരിയജൂബിലിസ്പെഷൽ"

പരിശുദ്ധകന്യകമറിയത്തിൻെറ
അമലോത്ഭവസത്യപ്രഖ്യാപനശതാബ്ദപൂർത്തി
പ്രമാണിച്ചു്

### 1954 ഡിസംബർ 8-ാംനു- പുറപ്പെടുന്നു

- റോമിലെ മരിയവത്സരാഘോഷങ്ങളുടെ വിവരങ്ങളും സംഭവചിത്രങ്ങളും,
- ബോമ്പെയിലെ ദേശീയാഘോഷങ്ങളുടെ വിവരങ്ങളും ചിത്രങ്ങളും,
- മറിയത്തിൻെറ അപദാനങ്ങളെ കീത്തിക്കുന്ന വിശിഷ്ടലേഖനങ്ങളും

ഈ വിശേഷാൽപതിപ്പിൻെറ പ്രത്യേകതകളായിരിക്കും.

കൂടുതൽ കോപ്പികൾക്കു ഏജൻറന്മാർ നേരത്തെ പണമടച്ചു് ആവശ്യപ്പെടുക; പുതിയ വരിക്കാരാകാനുള്ളവർ നേരത്തെ പണം മണിയോർഡർ ചെയ്യപേക്ഷിക്കുക. സ്പെഷൽകോപ്പിക്കു പ്രത്യേകം വില കൂടുതലില്ല.

മാനേജർ


## അടുത്തയാഴ്ചയിൽ

നവംബർ
25 വ്യാ: കത്രീന
26 വെ: ലെയോനാർദോ്
27 ശ: കന്യകമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചതു്
28 ഞാ: സുവരാ 1-ാംഞായർ
29 തി: ബ്രെൻഡൻ
30 ചൊ: അന്ത്രയോസ്
ഡിസംബർ
1 ബു: നത്താലിയാ

## ജപാപ്പസ്തോല സഖ്യത്തിൻെറ ഡിസംബർമാസത്തെ പൊതുനിയോഗം

"അമലോത്ഭവകന്യകമറിയം വഴി മാനവസമുദായത്തിൽ സമാധാനരാജ്യം സമാഗതമാകുന്നതിനു്".

## വേദപ്രചാരനിയോഗം

"ഇന്ത്യയിലെ ഉയന്ന ജാതിക്കാർ ക്രിസ്തുവിനെ അഭിലഷിക്കുന്നതിനും, സ്നേഹിക്കുന്നതിനും അനുഗമിക്കുന്നതിനും ഇടയാകുന്നതിനു്"

സ്നേഹമാണ് നമ്മെ സൃഷ്ടിക്കുന്നതിനു കാരണം. പക്ഷെ മനുഷ്യൻ ഈ സ്നേഹത്തെ ധിക്കരിച്ചു സ്വയം നശിച്ചു സ്നേഹമുള്ള ആ പിതാവ് വീണ്ടും നമ്മോടനുഗ്രഹം കാണിച്ചു. അതാണ് ഈശോ മനുഷ്യനായി അവതരിച്ചതിൻേറയും മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു വീണ്ടുരക്ഷിച്ചതിൻേറയും രഹസ്യം. അതും നാം ഫലപ്രദമാക്കുന്നില്ലെങ്കിൽ ദൈവം അവിടുത്തെ നീതിയിൽ നിത്യമായി നമ്മെ ശിക്ഷിക്കും. ഭയാനകമായ ആ സ്ഥിതി വരാതിരിക്കുവാൻ വേണ്ടിയാണ് അതേപ്പററി ദൈവം നമുക്കു മുന്നറിയിപ്പു തരുന്നത്. ഇതു വളരെ ഫലപ്രദമായ ഒരു മാർഗ്ഗമല്ലേ?

ലൂസി:- അതേ, തീർച്ചയായും പല പരീക്ഷകളേയും കടന്നു നിത്യരക്ഷ പ്രാപിക്കാനുള്ള നമുക്കു നമ്മുടെ നിത്യനാശത്തെപ്പററി അറിയുന്നത് നന്മയിൽ ഉറച്ചു നില്ക്കുന്നതിനും പാപങ്ങളെ വെറുക്കുന്നതിനും ഏററം പററിയ മാർഗ്ഗമാണ്.

പിതാവ്:- ജോണിക്കു മനസ്സിലായോ? വേണമെങ്കിൽ ഒരു ചെറിയ ഉദാഹരണം പറയാം.

ജോണി:- അതു കേൾക്കട്ടെ, അപ്പച്ചാ.

പിതാവ്:- (അലമാരിയുടെ പൊക്കത്തിലിരിക്കുന്ന ചൂരൽവടി ചൂണ്ടിക്കാണിച്ചിട്ട്, ജോണി, ആ വടി ജോണിക്കിഷ്ടമുള്ള ഒരു സാധനമാണോ? അമ്മേനിക്കിഷ്ടമുള്ള ഒരു സാധനമാണോ? തീർച്ചയായിട്ടും അല്ല. എന്നാൽ അതവിടെ ഇരിക്കുന്നതുകൊണ്ടു വല്ല ഗുണവുമുണ്ടോ?

മേരി:- അതവിടെ ഇല്ലെങ്കിൽ ഈ ചെറുക്കനെക്കൊണ്ടു പൊറുതിയുണ്ടാവുകയില്ല.

ജോണി:- നിന്നെക്കൊണ്ടു കുറെ പൊറുതിയുണ്ടാകും!

പിതാവ്:- നിങ്ങൾ തക്കിക്കേണ്ടാ. അതു കുട്ടികളുടെ സമ്പ്രദായമാണ്. അവർ വികൃതികാണിക്കാതിരിക്കാൻ ഒരു ഭയത്തിന്റെ ഓർമ്മ എപ്പോഴും വളരെ സഹായിക്കും. നിങ്ങളെ അടിക്കേണ്ടിവരുമ്പോൾ എനിക്കെന്തു ദുഃഖമുണ്ടെന്നോ! പക്ഷെ ആ അടിയുടെ ഓർമ്മ നിങ്ങളെ കുററം ചെയ്യാതിരിക്കുവാൻ വളരെ സഹായിക്കും. അതുപോലെതന്നെ, നന്നായി ജീവിച്ചില്ലെങ്കിൽ അവസാനം നമുക്കു വന്നുചേരാവുന്ന നിത്യശിക്ഷയെ ദൈവം നേരത്തെ നമ്മെ കാണിച്ചുതരികയും, അതിനു നമ്മെ അർഹരാക്കാവുന്ന കുററങ്ങളിൽനിന്നു അകലുന്നതിനു നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. നമ്മെ രക്ഷിക്കുന്നതിനുവേണ്ടി സ്നേഹത്തോടുകൂടി നമ്മുടെ അടുക്കലേക്കു വരുന്ന ദിവ്യഈശോയെ ഹൃദയപൂർവ്വം സ്വീകരിക്കുന്നതിനു, അവിടുത്തെ നിരാകരിച്ചാൽ വന്നുചേരാവുന്ന ശിക്ഷയുടെ ഓർമ്മ വളരെ സഹായിക്കുകയില്ലേ? തീർച്ചയായും. അതുകൊണ്ടു വിധിയെപ്പററി ഇപ്പോൾ ഓർക്കുന്നതു വളരെ അവസരോചിതമാണ്.

# ബോംബെയിൽവച്ചു ഡിസമ്പർ 4മുതൽ 8വരെ നടക്കുന്ന മര്യൻ കോൺഗ്രസ്സിൻെറ

## പൊതുപരിപാടി

### ഡിസമ്പർ 4—ശനി

10. A. M—"മരിയൻ പ്രദർശനം" ഉൽഘാടനം. സെൻറ് സേവ്യർ ഹൈസ്കൂൾ കർനാക്കുറോഡ്, ഫോർട്ട്, ബോംബെ.

11. A. M—"കത്തോലിക്കാജീവിത"ത്തെ സംബന്ധിക്കുന്ന പ്രദർശനോൽഘാടനം. സെൻറ് സേവ്യർ ഹൈസ്കൂൾ.

12. " —സാധുക്കൾക്കു ഭോജനദാനം— ഡോൺബോസ്കോ ഹൈസ്കൂൾ ഗ്രൗണ്ട്.

ആഘോഷമായ ഉൽഘാടനം

5 മുതൽ 6. 45 P. M. വരെ— മതപരമായ ഉൽഘാടനപരിപാടികൾ,

7. P. M. —സിവിക്ക് പരിപാടികൾ.

12. P. M —കോൺഗ്രസ്സ് പന്തലിൽ (അസ്സാദ് മൈതാൻ) പൊൻറിഫിക്കൽ കർബാന —ഇൻറർനൺഷിയോ തിരുമേനി

### ഡിസമ്പർ 5—ഞായർ

8. A. M —കർബാനപ്പട്ടംകൊടുക്കൽ, ബന്ദ്രാ മൗണ്ട് മേരിസ് ദേവാലയത്തിൽ— ബോംബെ സെമ്മിനാരി വിദ്യാർത്ഥികൾക്ക്.

10-30 മുതൽ 12-30 വരെ— സാംസ്കാരിക സമ്മേളനങ്ങൾ —വിവിധ ഭാഷകളിൽ വിവിധകേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടും. (ഇംഗ്ലീഷ്, കൊങ്കണി, തമിഴ്, മലയാളം മുതലായ 8 ഭാഷകളിൽ)

4. P. M. മരിയൻ കലാപ്രകടനങ്ങൾ (മരിയചരിത്രത്തിലെ 25 രംഗങ്ങൾ)

6 P. M. മരിയൻ സംഘടനകളുടെ റാലി.

a) സെൻറ് ആൻഡ്രൂസ് ഹൈസ്കൂൾ ഗ്രൗണ്ടിൽനിന്നു തുടങ്ങും. b) മൗണ്ട് സെൻറ് മേരിസിൽ "ഫാത്തിമാ ഓററ്ററി"യുടെ ഉൽഘാടനം. "മൗണ്ട് മേരിസ്" ഒരു മൈനർ ബസ്സിലിക്കായായി പ്രഖ്യാപനം. മരിയസ്വരൂപത്തിന്റെ "കിരീടധാരണം".

### ഡിസമ്പർ 6—തിങ്കൾ

7. 30 A. M കുട്ടികളുടെ റാലി. (കോൺഗ്രസ്സ് മൈതാനം)

10-30 മുതൽ 12-30 വരെ— വൈദികരുടേയും, വൈദികവിദ്യാർത്ഥികളുടേയും സമ്മേളനം (ജഹാംഗിർഹാൾ) സന്യാസിനികളുടെ സമ്മേളനം (ക്ലാരമഠം)

6. 30—8. 30 P. M. മരിയൻ അക്കാഡമി (കോൺഗ്രസ് മൈതാനം)

11—12. 30. P. M. റാലി (കോൺഗ്രസ്സ മൈതാനം) സ്ത്രീപുരുഷന്മാർ "മർദ്ദിതസഭ"ക്കുവേണ്ടി നടത്തുന്നു.

### ഡിസമ്പർ 7—ചൊവ്വ

8. 30 A. M. വൈദികർക്കും, സന്യാസികൾക്കും വേണ്ടി ദിവ്യബലി (ഹോളി നെയിം പ്രൊ കത്തീഡ്റലിൽ)

11. A. M. മർദ്ദിതസഭക്കുവേണ്ടി കുട്ടികളുടെ "വിയാസാക്ര" (എല്ലാ പള്ളികളിലും)

4. P M രോഗികളെ ആശീർവ്വദിക്കൽ (കോൺഗ്രസ്സ് മൈതാനം)

9 30 P. M. "സംഗീതസദസ്സ്" മറിയത്തിന്റെ സ്തുതിക്കു (കോൺഗ്രസ്സ് മൈതാനം)

### ഡിസമ്പർ 8—ബുധൻ

7. 30 A. M. പേപ്പൽ പ്രതിനിധി. കർദ്ദിനാൾ തിരുമനസ്സിലെ പൊന്തിഫിക്കൽ കർബാന (കോൺ മൈതാനം)

5. P. M. വിശുദ്ധ കർബാനയുടെ പ്രദക്ഷിണം (കുരിശു മൈതാനം മുതൽ കോൺഗ്രസ് മൈതാനംവരെ)

## വിജ്ഞാപനം

ഡിസംബർ 8-ാംതിയതിയിലെ "സ്പെഷൽ" പതിപ്പിന്റെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അടുത്ത ബുധനാഴ്ച—ഡിസമ്പർ 1-ാംനു—സത്യദീപം പത്രം പുറപ്പെടുന്നതല്ല.

പത്രാധിപർ

## സംഭവകഥകൾ

### "കുറച്ചു താഴ്ത്തി കുഴിച്ചിട്ടാൽ മതി"

ഇംഗ്ലണ്ടിലെ ഫ്റഞ്ചു അംബാസിഡർ ഒരു കത്തോലിക്കനായിരുന്നു. അദ്ദേഹം ലണ്ടനിൽവച്ചു കഠിനരോഗബാധിതനായി. രോഗിയെ സന്ദർശിക്കാൻ ചെന്ന ഒരു ആംഗ്ലിക്കൻ സുഹൃത്തു അദ്ദേഹത്തോടു ചോദിച്ച ചോദ്യം വിചിത്രമായിരുന്നു. "ഹോ! നിങ്ങൾക്കു ഇവിടെ കിടന്നു മരിക്കാൻ ഭയമില്ലേ? ഇംഗ്ലണ്ടിൽ നിങ്ങൾ സംസ്കരിക്കപ്പെടുകയാണെങ്കിൽ പാഷണ്ഡികളുടെ കൂടെയല്ലാതെ കത്തോലിക്കരുടെകൂടെ അന്ത്യവിശ്രമം കൊള്ളാൻ പററുകയില്ലല്ലോ?" "ഓ എനിക്കു അക്കാര്യത്തിൽ യാതൊരു ഭയവുമില്ല" അദ്ദേഹം തിരിച്ചടിച്ചു "എന്റെ മൃതദേഹം പതിവിൽ ഏതാനും അടി കൂടുതൽ താഴ്ത്തി സംസ്കരിക്കണമെന്നു ഞാൻ നിർദ്ദേശം കൊടുക്കാം. കുറെ അടിയിൽ ചെന്നാൽ കത്തോലിക്കരെയല്ലാതെ വേറെ ആരേയും എനിക്കു കണ്ടെത്താൻ കഴിയുകയില്ല."

* * *

### "പാപ്പാധിപത്യത്തിന്മേൽ കാലുതട്ടിവീണു"

സുപ്രസിദ്ധ ഫ്റഞ്ചുരാജ്യതന്ത്രജ്ഞനായ തിയെ മാർപ്പാപ്പായുമായി ഒരു കൂടിക്കാഴ്ചയ്ക്കപേക്ഷിച്ചു എന്നാൽ താൻ പ്രോട്ടസ്റ്റൻറുകാരനായതുകൊണ്ടു മാർപ്പാപ്പായുടെ മുമ്പിൽ മുട്ടുകുത്തുകയാകട്ടെ, കരം ചുംബിക്കയാകട്ടെ ചെയ്യുകയില്ല എന്ന വ്യവസ്ഥ അദ്ദേഹം മുൻകൂട്ടി ഉന്നയിക്കാതിരുന്നില്ല. ഗ്രിഗറി പതിനാറാമൻ മാർപ്പാപ്പാക്കു അതിനു വിരോധമൊന്നുമുണ്ടായിരുന്നില്ല. മിനിസ്റ്റർ സന്ദർശനശാലയിൽ പ്രവേശിച്ചു. എന്നാൽ മാർപ്പാപ്പായെ സമീപിച്ചപ്പോൾ ഏതോ അദൃശ്യശക്തിയാൽ പ്രേരിതനായിട്ടെന്നപോലെ ഗ്രിഗറിയുടെ സവിധത്തിൽ അയാൾ മുട്ടുകുത്തുകയും കരം ചുംബിക്കയും ചെയ്തു. മാർപ്പാപ്പാ സുസ്മേരവദനനായി ചോദിച്ചു: അല്ലാ മിതിയേ, നിങ്ങൾക്കെന്തു പററി? വല്ലതിലും കാലുതട്ടി വീണതാണോ? ഇതിനു നർമ്മരസികനായ ഫ്റഞ്ചുകാരന്റെ മറുപടി ശ്രദ്ധേയമായിരുന്നു. "അങ്ങു പറഞ്ഞതു വാസ്തവമാണ്. പാപ്പാസ്ഥാനത്തിന്റെ മാഹാത്മ്യത്തിൻ മുമ്പാകെ ഞങ്ങളൊക്കെ കാലുതട്ടിവീഴുകയാണ്."

(റവ ഫാദർ ജേക്കബ് കല്ലറയ്ക്കൽ)

അടിച്ചുതയ്യാറായിരിക്കുന്ന

വിശുദ്ധ 10-ാം പീയൂസിന്റെ

മനോഹരമായ ത്രിവർണ്ണചിത്രം

റിയൽ ആർട്ടുപേപ്പറിൽ 13" × 9½" സൈസ് പ്രതി 1നു വില 4ണ. 10-ൽ കൂടുതൽ എടുക്കുന്നവർക്ക് 25 ശതമാനം കമ്മീഷൻ. തപാൽകൂലി പുറമെ. 10കോപ്പിയിൽ കുറഞ്ഞു തപാൽമാർഗ്ഗം അയക്കുന്നതല്ല. 10 മുതൽ 15 കോപ്പിവരെ തപാലിൽ അയക്കുന്നതിനു തപാൽകൂലി 4ണ.

ഉടനെ ആവശ്യപ്പെടുക:-

മാനേജർ

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം-1

## Thanksgiving



for favours received

Mrs. Lilly Netto,

Mayyanad

## ചരമവാർത്തകൾ

വാഴക്കുളം: ഈ പള്ളി ഇടവക കാരക്കുന്നേൽ വർക്കി വറുഗീസ് 83-ാമത്തെ വയസ്സിൽ 14-ാം തിയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറെറദിവസം റൈററ് റവ. മോൺ: മാത്യു പോത്തനാമുഴി ചരമപ്രസംഗം നടത്തുകയും പ്രധാനകാർമ്മികനായി മററു ശവസംസ്കാരകർമ്മങ്ങൾ നടത്തുകയും ചെയ്തു. ക്ലാരമഠാംഗമായ ബ. ഫിലോമിനാ, കർമ്മലീത്താമഠാംഗമായ ബ. മേരി അമലിയാ എന്നിവർ പരേതന്റെ സന്താനങ്ങളാണ്.

Thanks to St. Sir Thomas More, St. Philomina, St. Rita and to Rev. Sr. Alphonsa for various favours received.

Mr & Mrs. I. C. Poonolly.

Kothamangalam

തിരുക്കുടുംബത്തിന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

സി. എ. വക്കോ,

കലൂർ

കടവെച്ചൂർ: കഴിഞ്ഞ 50 വർഷത്തിലേറെയായി സ്ഥലം ഇടവകദേവാലയത്തിൽ ശുശ്രൂഷിയായിരുന്ന വട്ടച്ചിറയിൽ ശ്രീ വർക്കി അവരാ അവർകൾ, വാർദ്ധക്യസഹജമായ സുഖക്കേടുമൂലം, നവംബർ 13-ാംതിയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം നിർവ്വഹിക്കപ്പെട്ടു.

പെരിങ്ങഴ: ഈ പള്ളി ഇടവക പുല്ലോപ്പിള്ളിൽ പൈലി ദേവസ്യാ അന്ത്യകൂദാശകൾ സുബോധത്തോടെ കൈക്കൊണ്ടു 15-ാംതിയതി മരണം പ്രാപിച്ചിരിക്കുന്നു. റവ. ഫാദർ സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ പരേതന്റെ പൗത്രനാണ്. ശവസംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

ഒല്ലൂർ: ഈ ഇടവക മേനാച്ചേരി ബ. യാക്കോബച്ചൻ നവംബർ 15-ാംതിയതി കാലത്തു കർത്താവിൽ നിദ്രപ്രാപിച്ചു ശവസംസ്കാരം ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു മൂന്നരമണിക്കു യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

പള്ളിമണികൾക്കു

രണ്ടുകൊല്ലത്തെ ഗാരൻറി

പുറമെനിന്നു വരുന്നതരത്തിൽ നാദവും മോഡലും ഇണങ്ങിയതും ആട്ടിഅടിക്കുന്നതും അല്ലാത്തതും വലുതും ചെറുതും ആയ മണികൾ Bell Metal കൊണ്ടു വാർത്തുതരുന്നതിനു എ. എൻ. ടി. മെററൽ വർക്സിൽ ഏല്പിക്കുക.

തന്നെയല്ല, സ്വർണ്ണനിറത്തിൽ ഓടുകൊണ്ടു സക്രാരി സിംഹാസനങ്ങൾ, വളരെ ഉറപ്പുള്ളതും ഉള്ളിൽകൂടി കമ്പി ഇട്ടു മറുക്കാതെ എടുപ്പിരിയായും (പിന്നീടു ചരിഞ്ഞും ചാഞ്ഞും നില്ക്കാത്തവ) ഉള്ള കതിസ്റ്റൂളുകൾ വിവിധതരത്തിലും, പൂപാത്രങ്ങൾ കാന്തരവരകൾ എന്നിവകൾക്കും മററും:-

A. N. T. Joseph, Metal Works, Valapad,
Via TRICHUR.

"സ്വയരക്ഷക്കുവേണ്ടി"

(അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ)

രോഗവിവരക്കുറിപ്പുകളും മററും താഴെ കാണുന്ന വിലാസത്തിൽമാത്രം അയക്കുകയും, വിശദവിവരങ്ങളടങ്ങിയ കാളൻ'സ് ലഘുലേഖക്കു എഴുതുകയും ചെയ്യുക.

കാളൻ, നെല്ലായി

# അത്ഭുതകാശുരൂപം

(A. C.)

മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതിന്റെ ശതാബ്ദജൂബിലിയാണല്ലൊ നാം ഇക്കൊല്ലം കൊണ്ടാടുന്നതു്. 1854-ൽ 9-ാം പീയൂസ്സ് മാർപ്പാപ്പാ ഇങ്ങനെയൊരു പ്രഖ്യാപനം ചെയ്യുന്നതിനു് അത്യധികം സഹായിച്ചിട്ടുള്ള ഒരുപകരണമാണു് അത്ഭുതകാശുരൂപം. ആ കാശുരൂപം വഴിയായി പരോക്ഷമായിട്ടെങ്കിലും മാതാവു് താൻ അമലോത്ഭവയാണെന്നു് 1830-ൽ തന്നെ ലോകത്തെ അറിയിച്ചിട്ടുണ്ടായിരുന്നു.

1830 നവംബർ 27-ാം നു- പാരീസിൽ ഉപവിയുടെ പുത്രികൾ (Daughters of Charity) എന്ന സന്യാസിനീസഭയിലെ ഒരംഗമായിരുന്ന വി. കാതറൈൻ ലബോറിനു പരിശുദ്ധ ദൈവജനനി പ്രത്യക്ഷയായി ഒരു മാതൃക കാണിച്ചിട്ടു് അതുപോലെ ഒരു കാശുരൂപം അടിപ്പിച്ചു പ്രചരിപ്പിക്കണമെന്നാവശ്യപ്പെട്ടു. ആ സംഭവം പ്രസ്തുത വിശുദ്ധയുടെ വാക്കുകളിൽ തന്നെ വിവരിക്കാം.

"അന്നു ധ്യാനസമയത്തു് മദ്ബഹായിൽ എംഗത്താവശത്തു് വല്ലഭയായ കന്യകയുടെ അൾത്താരയുടെ മുകളിലായി ദൈവജനനി പ്രത്യക്ഷപ്പെട്ടു. അവിടുന്നു ഒരു ഗോളത്തിന്മേൽ നില്ക്കുന്നതായിട്ടാണു് കണ്ടതു്. അവിടുത്തെ മുഖം അവർണ്ണനീയമായ വിധം സുന്ദരമായിരുന്നു. കണ്ണഞ്ചുന്നശോഭയോടുകൂടിയ പ്രകാശകതിരുകൾ വിശിയിരുന്ന അനർഘരത്നങ്ങളാൽ അവിടുത്തെ വിരലുകൾ മൂടിയിരുന്നു. "എന്നോടപേക്ഷിക്കുന്നവരുടെമേൽ ഞാൻ വർഷിക്കുന്ന അനുഗ്രഹങ്ങളുടെ ചിഹ്നം കണ്ടാലും" എന്നൊരു ശബ്ദവും ഞാൻ കേട്ടു. അനന്തരം പാപംകൂടാതെ ഉത്ഭവിച്ച ഓ മറിയമേ, നിന്നിൽ ആശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ, എന്നു പരിശുദ്ധകന്യകയുടെ ചുറ്റും ദീർഘവൃത്താകൃതിയിലുള്ള ഒരു വലയംപോലെ സ്വർണ്ണലിപികളിൽ എഴുതപ്പെട്ടിരിക്കുന്നതായി കണ്ടു. പിന്നീടു് ആ ദർശനം മറഞ്ഞു. അതിന്റെ മറുവശത്തായി "M" എന്നഅക്ഷരവും, അതിന്റെ മുകളിൽ ഒരു കുരിശും, കുരിശിന്റെ ചുവട്ടിൽ വിലങ്ങനെ ഒരു താങ്ങും, ഇവയുടെയെല്ലാം അടിയിലായി മുൾമുടിയാൽ വലയം ചെയ്യപ്പെട്ട ഈശോയുടെ തിരുഹൃദയവും വാളാൽ കുത്തിത്തുളയ്ക്കപ്പെട്ട മറിയത്തിന്റെ വിമലഹൃദയവും ദൃശ്യമായി. അതോടെ ഇങ്ങനെ ഒരു സ്വരം കേൾക്കപ്പെട്ടു: "ഈ മാതൃകയിൽ ഒരു കാശുരൂപം ഉണ്ടാക്കിക്കണം. അതു ആശീർവദിച്ചുധരിക്കുന്നവർ, പ്രത്യേകിച്ചു കഴുത്തിൽ ധരിക്കുന്നവർ വലിയ അനുഗ്രഹങ്ങൾ പ്രാപിക്കും."

മാതാവിന്റെ മേൽപറഞ്ഞ നിർദ്ദേശാനുസരണമുണ്ടാക്കിയ കാശുരൂപം ആശീർവ്വദിച്ചു ധരിച്ചതിന്റെ ഫലമായി ആത്മീയവും ശാരീരികവുമായി അനേകം അത്ഭുതസഹായങ്ങൾ ആയിടെ തന്നെ പലക്കും ലഭിച്ചു. അതുകൊണ്ടാണു് അതിനു അത്ഭുതകാശുരൂപം എന്നു പേരുകിട്ടിയതു്. ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അനേകം പേക്കു് അതു വഴിയായി നിരവധി നന്മകൾ ലഭിക്കുന്നുണ്ടു്. കഠിനപാപികളുടെയും അജ്ഞാനികളുടേയും പതിതരുടേയും മാനസാന്തരം, ധനസഹായം, ഉദ്യോഗലബ്ധി, സൗഭാഗ്യകരമായ വിവാഹം, സന്താനലാഭം, കുടുംബസമാധാനം, രോഗശാന്തി മുതലായി പലതരത്തിലുള്ള സഹായങ്ങളാണു് ഈ ഭക്തി വഴി ലഭിച്ചിട്ടുള്ളതു്.

നമ്മുടെ നാട്ടിൽ അത്ഭുതകാശുരൂപത്തിനു വലിയ പ്രചാരം ലഭിച്ചിട്ടില്ല. എങ്കിലും ആശീർവ്വദിച്ച കാശുരൂപം ധരിച്ചതിന്റെ ഫലമായി ഇക്കഴിഞ്ഞ രണ്ടു മൂന്നു മാസത്തിനിടയിൽ ഈ എഴുത്തുകാരന്റെ പരിചയത്തിൽപ്പെട്ടവരായ പത്തിലധികം ആളുകൾക്കു ഗണ്യമായ സഹായം ലഭിച്ചിട്ടുള്ളതായി അറിയാം. അവയിലൊന്നു ദീർഘമായ ചിത്തഭ്രമത്തിൽനിന്നുള്ള വിമുക്തിയാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

ആശീർവ്വദിച്ച പ്രസ്തുതകാശുരൂപം നെഞ്ചോടുചേർന്നു് കിടക്കത്തക്കവണ്ണം കഴുത്തിൽ ധരിക്കേണ്ടതാണു്. അതിന്മേലുള്ള സുകൃതജപവും ചൊല്ലുന്നതു കൊള്ളാം. സാധാരണ സൊഡാലിററിയംഗങ്ങൾ തങ്ങളുടെ ബാഡ്ജിൽ ധരിക്കുന്ന കാശുരൂപം തന്നെയാണു് അത്ഭുതകാശുരൂപം.

(St. Sebastians monastery, Pulincunnoo P. O. എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കാശുരൂപം ആശീർവ്വദിച്ചു കിട്ടും. സ്വന്തം മേൽവിലാസമെഴുതിയ ഒരു തപാൽക്കൂടും ഒരണസ്റ്റാമ്പും കൂടി അങ്ങോട്ടു അയച്ചുകൊടുത്താൽ ആറു കാശുരൂപംവാങ്ങി ആശീർവ്വദിച്ചു നിങ്ങൾ കയക്കുന്നതായിരിക്കും. കൂടുതൽ വേണമെങ്കിൽ ഒരു ഗ്രോസിനു് ഒന്നേകാൽ രൂപാ വിലയായിട്ടു ലഭിക്കും. തപാൽക്കൂലി പുറമെ.)

---

(10-ാംപേജു് തുടർച്ച)

ത്തേയും തമ്മിൽ രഞ്ജിപ്പിക്കുന്നതിനുവേണ്ടി അക്ഷീണയത്നം ചെയ്തു. പരിശുദ്ധത്രിത്വത്തെ സംബന്ധിച്ചുള്ള വിശകലനത്തിൽ ഇവർ ഒരു പുതിയ രീതിയാണു് അവലംബിച്ചതു്. എന്നാൽ നിക്യാവിശ്വാസപ്രമാണത്തിൽ നിന്നു് അണുമാത്രം വ്യതിചലിച്ചതുമില്ല. പരിശുദ്ധത്രിത്വമെന്ന വിശ്വാസസത്യത്തെ രണ്ടു തരത്തിൽ വിശകലനം ചെയ്യാവുന്നതാണു്. ഒന്നു് ദൈവികആളുകളുടെ സത്തയുടെ ഏകത്വത്തിനു പ്രാധാന്യം കൊടുക്കുന്നു; മററതു് അവരുടെ ത്രിത്വഭാവത്തിനും. ഇതിൽ രണ്ടാമത്തെ രീതിയാണു് മേൽ പറയപ്പെട്ട പിതാക്കന്മാർ സ്വീകരിച്ചതു്. നിക്യാവിശ്വാസപ്രമാണത്തിൽ ഏകസത്തയ്ക്കു പ്രാധാന്യം കല്പിച്ചിരുന്നതുകൊണ്ടു് ത്രിത്വത്തിലെ മൂന്നാളുടെ പ്രത്യേകഭാവത്തെ അവഗണിച്ചുകളഞ്ഞു എന്നും അതുകൊണ്ടു് അതിൽ സബേലിയനിസം എന്ന അബദ്ധവിശ്വാസത്തിന്റെ കലർപ്പു കടന്നുകൂടിയിട്ടുണ്ടെന്നും ആരിയൻപക്ഷക്കാർ ആക്ഷേപം പുറപ്പെടുവിച്ചിരുന്നു. രണ്ടാം ശതാബ്ദത്തിൽ ഉത്ഭവിച്ചതും ത്രിത്വത്തിലെ മൂന്നാളുടെ പ്രത്യേകഭാവത്തെ നിഷേധിച്ചതുമായ ഒരു പാഷണ്ഡതയാണു് സബേലിയനിസം (Sabellianism) ആരിയൂസ്പക്ഷക്കാർ ത്രിത്വത്തിന്റെ ഏകസത്തയെ നിഷേധിച്ചതുകൊണ്ടാണു് നിക്യായിലെ പിതാക്കന്മാർ അതിനെ ദൃഢമായി പ്രഖ്യാപനം ചെയ്യുവാൻ ഇടയായതു്. നിക്യാവിശ്വാസപ്രമാണം ത്രിത്വത്തിലെ ആളുകളുടെ പ്രത്യേകഭാവത്തെ അവഗണിച്ചു എന്നുള്ള ആക്ഷേപത്തിനു സമാധാനമായിട്ടാണു് കപ്പദോക്യയിലെ മൂന്നു പിതാക്കന്മാർ അവരുടെ പ്രബന്ധങ്ങളിൽ ത്രിത്വത്തിന്റെ ഏകസത്തയെ പിന്നിൽ നിറുത്തിക്കൊണ്ടു് പിതാവു്, പുത്രൻ, പരിശുദ്ധാരൂപി എന്ന മൂന്നാളുകളുടെ പ്രത്യേകഭാവത്തിനു പ്രാധാന്യം കല്പിച്ചതു്. ഈ സമീപനരീതിമൂലം അനുരഞ്ജനത്തിനുള്ള മാർഗ്ഗം സുഗമമാക്കുകയാണു് അവർ ചെയ്തതു്.

പാഷണ്ഡതയ്ക്കു് അവസാനം വരുത്തി തിരുസ്സഭയിൽ ഐക്യം പുലർത്തുവാൻവേണ്ടി ഈ മൂന്നു പിതാക്കന്മാർ അനുഷ്ഠിച്ച സേവനം ഒട്ടും നിസ്സാരമല്ല. അവരുടെ ഏകോപിച്ചുള്ള പരിശ്രമത്തിൽ ബെയ്സിൽ പ്രവർത്തിക്കുന്ന കരവും, നസിയാൻസസ്സിലെ ഗ്രിഗറി സംസാരിക്കുന്ന വക്ത്രവും, നിസ്സായിലെ ഗ്രിഗരി ചിന്തിക്കുന്ന ശിരസ്സുമായിരുന്നു എന്നു പറയപ്പെടുന്നു.

---

**THANKS**

to

Frederic Ozanam

For Favours Received

K. T. Sebastian

---

# പുനരൈക്യരജതജൂബിലിയാഘോഷത്തിനു്

## സബ്കമ്മിററികൾ

പുനരൈക്യരജതജൂബിലിക്കായി തെരഞ്ഞെടുക്കപ്പെട്ട സെൻട്രൽ കമ്മിററി തിരുവല്ലാ മേരിഗിരി അരമനയിൽ മാർ അത്തനാസ്യോസ്സ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു മാർ സെവേരിയോസ്സ് മെത്രാപ്പോലീത്താ തിരുമേനി യോഗത്തിൽ ആദ്യന്തം സന്നിഹിതനായിരുന്നു. മാർ സെവേരിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിലുള്ള സ്വീകരണകമ്മിററിക്കു പുറമെ താഴെപ്പറയുന്ന സബ്കമ്മിററികൾ രൂപവൽക്കരിക്കപ്പെട്ടു.

### ഫൈനാൻസുകമ്മിററി

ജൂബിലിയാഘോഷങ്ങളുടെ ചിലവുകൾക്കായും പുനരൈക്യപ്രസ്ഥാനത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കായും ഓരോ ഫണ്ടു് ശേഖരിക്കുന്നതിനുള്ള ചുമതല തിരുവല്ലാരൂപതയുടെ വികാരി ജനറാൾ റൈററു് റവ. മോൺ. മാത്യു നെടുങ്ങാട്ടു് അദ്ധ്യക്ഷനും, സി വി. വർക്കി, പി. സി. ഡാനിയേൽ എന്നിവർ സെക്രട്ടറിമാരുമായുള്ള ഫൈനാൻസുകമ്മിററി നിർവ്വഹിക്കുന്നതാണു്.

### പബ്ലിസിററികമ്മിററി

പുനരൈക്യത്തിന്റെ പശ്ചാത്തലം, വളർച്ച, ഇതപര്യന്തമുള്ള അഭിവൃദ്ധി മുതലായവയെ പരാമർശിച്ചു് ബ്ലോക്കുകൾ സഹിതം അത്യന്തം ആകർഷകമായ ഒരു സ്മാരകഗ്രന്ഥം ജൂബിലിസമാപനസമ്മേളനത്തിനുമുമ്പു് പ്രസിദ്ധപ്പെടുത്തുവാനായി മോൺ. ചേല്പാട്ടു് പിച്ചിപ്പോസ്റ്റമ്പാൻ അവർകൾ അദ്ധ്യക്ഷനായും, പി. സി. ഡാനിയേൽ ബി എ. അവർകൾ കൺവീനറായുമുള്ള പ്രസാധകസമിതിയെ ചുമതലപ്പെടുത്തി.

ജൂബിലിവർഷം പ്രമാണിച്ചു് ജൂബിലിവർഷത്തിൽ എപ്പോഴെങ്കിലും ഇടവകകൾ തനിച്ചോ സംയുക്തമായോ നടത്തുന്ന ആഘോഷങ്ങളുടെ ചുമതല വഹിക്കുന്നതു് പ്രാദേശികാഘോഷകമ്മിററി ആയിരിക്കും.

ജൂബിലിയാഘോഷപ്രവർത്തനങ്ങളുടെ പരിപാടികൾ വിവരങ്ങൾ മുതലായവ സ്വദേശത്തും വിദേശത്തുമുള്ള പത്രങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുന്നതു് പബ്ലിസിററി കമ്മിററിയായിരിക്കും.

മേൽപ്രസ്താവിച്ചിട്ടുള്ള കമ്മിററികൾക്കു പുറമെ, അതിഥിസ്വീകരണം, അലങ്കാരപ്പണികൾ, താമസസൗകര്യം മുതലായവയ്ക്കു് പ്രത്യേകം കമ്മിററികളും വോളൻറിയർസംഘങ്ങളും രൂപീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

—ഠ—

# "ആബെ പിരെ"യുടെ സാമൂഹിക സേവനങ്ങൾ

പാരിസിൽ ആബെ പിരെയുടെ നേതൃത്വത്തിൽ "എമ്മാവൂസ്സ് സഹചരന്മാരെ"ന്നറിയപ്പെടുന്ന സംഘടനക്കാർ ഭവനരഹിതരായ തൊഴിലാളികൾക്കുവേണ്ടി 1500 വീടുകൾ പണിയുന്നതിനാണു് നിശ്ചയിച്ചിരിക്കുന്നതു്. അതിനു മൊത്തം 5 ലക്ഷം പവൻ ചിലവാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഒരു ലക്ഷം, സംഘടനക്കാർ മററുള്ളവരിൽനിന്നു പിരിച്ചെടുക്കുന്നതിനും ബാക്കി ഗവൺമെൻറു കടം കൊടുക്കുന്നതിനും നിശ്ചയിച്ചിരിക്കുകയാണു്. 190 വീടുകളുടെ പണി ആരംഭിക്കുകയും ആബെ പിരെതന്നെ ആദ്യത്തെ ചുമർ പണിയുകയുംചെയ്തു. ബെസോൻസ് എന്ന വേറൊരു ഗ്രാമത്തിൽ 140 എണ്ണം പണിതുടങ്ങി. 15 ദിവസംകൊണ്ടു് അവ കൂടുകയററാറായി. ചെറിയവീടുകളിൽ രണ്ടു കിടപ്പുമുറികളും, ഒരു വിഹാരമുറിയും, ഒരു ചെറിയ അടുക്കളയും, പ്രത്യേകം കഴുക്കുമുറികളും കുളിമുറികളുമുണ്ടു്. ഇതിൽ ഒരു തൊഴിലാളിക്കുടുംബം പ്രവേശിക്കുമ്പോൾ ആദ്യത്തെ തവണയായ 23 ഷില്ലിങ്ങു മാത്രമാണു് മുടക്കാനുള്ളതു്. ബാക്കി പിന്നീടു് പല തവണകളിൽ അടച്ചാൽമതി. കൂടുതൽ മുറികളുള്ള വലിയ വീടുകളുമുണ്ടു്. നോയിസി എന്ന സ്ഥലത്തു് 180-ം ഔൾനെസർബോയി എന്ന സ്ഥലത്തു 240-ം വീടുകൾ അടുത്തമാസത്തിൽ തീക്കണമെന്നാണു് പ്ലാൻ.

# കുർബാനകണ്ടതിനു ശിക്ഷ

ജർമ്മനിയിലെ സോവ്യററുമേഖലയിൽ ബൗട്ട്സൻ തടവിൽ പാർപ്പിച്ചിരുന്ന 8 പ്രൊട്ടസ്റ്റൻറു തടവുകാർ കുർബാനയിൽ സംബന്ധിക്കുന്നതിനുപോയ കുററത്തിനു 5 ദിവസത്തെ ഏകാന്തതടവു വിധിച്ചിരിക്കുന്നു. അവർ കുർബാനയിൽ സംബന്ധിച്ചതു മതപരമായ പ്രേരണകൊണ്ടല്ലെന്നും ബാഹ്യലോകവുമായി ന്യായവിരുദ്ധമായ ബന്ധം പുലർത്തുന്നതിനുവേണ്ടിയായിരുന്നു എന്നുമാണു് വിധിയിൽ അവരുടെമേൽ ആരോപിച്ചിരിക്കുന്ന കുററം.

# മിഷനുകൾക്കു ഐർലൻറിന്റെ സംഭാവന

കഴിഞ്ഞകൊല്ലത്തിൽ പരിശുദ്ധ മാർപ്പാപ്പായുടെ മിഷൻനിധിയിലേക്കു ഐർലൻറിന്റെ വകയായി 96,000 പവൻ സംഭാവന ചെയ്തിട്ടുണ്ടു് എന്നു വേദപ്രചാരത്തിന്റെ പോൻറിഫിക്കൽ സംഘത്തിന്റെ ഒരു സമ്മേളനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

---


# ജീവിതത്തിന്റെ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണു്.ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവു്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണു്. സമ്പാദിക്കുന്നുമുണ്ടു്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണു്, ശക്തിക്ഷയിച്ചു് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്കു് ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്കു് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു് നിങ്ങളെ സഹായിക്കുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ചു് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്കു് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം ഉടന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ടു്.

വിശദവിവരങ്ങൾക്കു് :

## ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

ജീവചരിത്രപംക്തി

# ആത്മാവിന്റെ ദാഹം

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

ശാരദാമണി, അവൾ പാർലക്കമിഡി ഗ്രാമത്തലവന്റെ ഏകപുത്രിയാണു്. സൗഷ്ഠവവതിയായ അവൾ സുശീലയും ഋജുബുദ്ധിയും കൂടിയായതു് ആധുനികയുവകുലത്തിനു് ഒരപവാദമെന്നേ പറയാനുള്ളു.

അവൾ സഭക്തിബഹുമാനാദരം അച്ഛനെ സമീപിച്ചു ചോദിച്ചു: "അച്ഛാ, ഞാനൊരു കാര്യം ചോദിച്ചാൽ അച്ഛനതിനു് സമ്മതിക്കാമോ?" തന്റെ ഓമനപ്പുത്രിയുടെ ഏതൊരാഗ്രഹവും സാധിച്ചുകൊടുക്കുവാൻ സന്നദ്ധനായ ആ ആഢ്യബ്രാഹ്മണപിതാവു് മറുപടി പറഞ്ഞു: "എന്താണു കുഞ്ഞേ, ഇത്ര വലിയ ആഗ്രഹം?"

"അനുവദിക്കാമോ......?"

"ആകട്ടെ."

"എന്നാൽ, പറയാം. ഇന്നാളിവിടെവന്നു മതംപ്രസംഗിക്കുവാൻ അനുവാദം വാങ്ങിച്ച ആ മിശക്കാരൻ സ്വാമിയില്ലേ?"

"ഉവ്വ്!... ...?"

"അദ്ദേഹത്തിന്റെ മതത്തിൽ ഞാൻ ചേരാൻ പോകയാ!!"

ആ വത്സലപിതാവിന്റെ കണ്ണുകൾ ജ്വലിച്ചു, പുരികം കോടി, പല്ലുകൾ താനറിയാതെതന്നെ കൂട്ടി ഉരസി, ദേഹം കോപത്താൽ വിറച്ചു, അദ്ദേഹം കൂട്ടിലകപ്പെട്ട വ്യാഘ്രത്തെപ്പോലെ അലറി: "എടീ, നീനക്കു്...?" അർദ്ധോക്തിയിൽ വിരമിച്ചു. എങ്കിലും അവളുടെ നിശ്ചയദാർഢ്യത്തിന്റെ കനത്ത ശൃംഖല ഭേദിക്കപ്പെട്ടില്ല.

* * *

ഫാ. ജോർജിന്റെ വാഗ്ധോരണി പാർലക്കമിഡി ഗ്രാമക്കാർക്കു് കത്തോലിക്കാമതതത്വങ്ങൾ പകർന്നുകൊടുത്തുതുടങ്ങിയിട്ടു് ആറുമാസമായിരുന്നു. അവർ തിരുസഭയുടെ ശീതളച്ഛായയിൽ വിശ്രമിക്കുവാൻ കൊതിപൂണ്ടു. ഫാദർ ജോർജ് ജ്ഞാനസ്നാനാർത്ഥികളെ പരിശോധിച്ചു് ദിവസവും നിശ്ചയിച്ചു.

"സ്വാമി, എനിക്കും ജ്ഞാനസ്നാനം സ്വീകരിക്കണം" ഒരു പതിഞ്ഞ സ്ത്രീസ്വരം ആ മിഷനറിയുടെ ചെവിയിൽപ്പെട്ടു. ഫാ. ജോർജ് അങ്ങോട്ടുതിരിഞ്ഞു. നിശ്ചയദാർഢ്യവും എന്നാൽ ലജ്ജാവിവശവുമായ ഒരു യുവമുഖമാണു അദ്ദേഹം ദർശിച്ചതു്. ശാരദാമണിയായിരുന്നു അതു്. താൻ ഗ്രാമത്തലവന്റെ വത്സലപുത്രിയാണെന്നും അച്ഛനറിയാതെ സ്വാമിയുടെ വേദപാഠക്ലാസ്സിൽ പങ്കെടുത്തിട്ടുണ്ടെന്നും അവൾ അദ്ദേഹത്തെ അറിയിച്ചു. ശാരദാമണിയുടെ ആഗ്രഹനിവൃത്തി തന്റെ വേദപ്രചാരവേലയുടെ കണ്ടകോടാലിയായിത്തീരുമെന്നു് ഫാ. ജോർജിനു മനസ്സിലായി. പിതാവിന്റെ അനുവാദംകൂടാതെ അവളെ ജ്ഞാനസ്നാനപ്പെടുത്തിയാലുണ്ടാകാവുന്ന പരിണതഫലങ്ങൾ അദ്ദേഹം അവളെ അറിയിച്ചു. തൽഫലമായി അനുവാദം ആവശ്യപ്പെട്ട രംഗമാണു് നാം നേരത്തെ ദർശിച്ചതു്.

തന്റെ ഓമനപ്പുത്രി കത്തോലിക്കാ തിരുസ്സഭയിലേക്കു് ബലമായി ആകർഷിക്കപ്പെട്ടുവെന്നു് ഗ്രാമത്തലവനു മനസ്സിലായി. എന്നാൽ ആഗോളവ്യാപകമായ ഒരു ദൈവസ്ഥാപനമാണു് തിരുസ്സഭയെന്നു് ആ ഹിന്ദുശ്രേഷ്ഠനു് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. സർവ്വവ്യാപിയുടെ അദൃശ്യകരങ്ങൾ തന്റെ വത്സലസുതയുടെ ആത്മീയസുസ്ഥിതിക്കായി അവളെ നയിക്കുന്നു എന്നുള്ളതും അദ്ദേഹത്തിനു് തികച്ചും അജ്ഞാതമായിരുന്നു. പാവം ബ്രാഹ്മണൻ! ജീവിതായോധനത്തിൽ ശാരീരികവും ആദ്ധ്യാത്മികവുമായ സമരമുഖങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമെന്നും അവയിൽ ഒന്നിൽ കാണിക്കുന്ന അനാസ്ഥ അപരിഹാര്യമായ ആപത്തായിത്തീരുമെന്നും അയാൾ പാടെ വിസ്മരിച്ചു. അതിനാൽ സർവ്വവിധ ഭൗതികസൗകര്യങ്ങളും തന്റെ പുത്രിക്കു് സുലഭമായി പ്രദാനംചെയ്താൽ കാര്യം ഭദ്രമായിയെന്നു് അയാൾ വ്യാമോഹിച്ചുപോയി — കാളവണ്ടിക്കു് ഒരു ചക്രം മതിയെന്നു് അയാൾ തീരുമാനിച്ചു ഇക്കാര്യത്തിൽ ആധുനികരായ ചില മാതാപിതാക്കളേക്കാൾ ഒട്ടും പിന്നോക്കമായിരുന്നില്ല ശാരദാമണിയുടെ പിതാവും. തങ്ങളുടെ മക്കളെ ശാരീരികമായിമാത്രം വളർത്തുകയും ആദ്ധ്യാത്മികമായവ അവരിൽനിന്നു മറച്ചുവയ്ക്കുകയും ചെയ്യുന്നു. അങ്ങനെ അവർ ഒററക്കാലിൽ ലോകയാത്ര ആരംഭിക്കുന്നു. ഈ ദുസ്ഥിതി എത്രയോ പരിതാപകരം.

അനുരൂപനായൊരു വരനു് ശാരദാമണിയുടെ വിവാഹം നിശ്ചയിച്ചു. സർവ്വാംഗവിഭൂഷിതയായി വിവാഹവേദിയിലേക്കു് പ്രവേശിച്ച ആ സാധ്വീമണിയുടെ മുഖത്തു് ഒരു മ്ലാനത വ്യാപിച്ചിരുന്നു. വിവാഹം മംഗളമായി നടന്നു; ശാരദാമണി മനോവ്യഥയോടെ ഭർത്തൃഗൃഹം പൂകി. അവിടെയും മാനസികപീഡ അവളെ വല്ലാതെ വിഷമിപ്പിച്ചു.

* * *

ശാരദാമണിയുടെ ആദ്ധ്യാത്മികവെളിച്ചത്തിന്റെ പ്രതിബിംബമെന്നപോലെ ചന്ദ്രൻ ശോഭയോടെ അംബരത്തിൽ ഉദിച്ചുപൊങ്ങി. പാർലക്കമിഡി ഗ്രാമത്തിലേക്കു നയിക്കുന്ന ഒററയടിപ്പാതയിലേക്കു് ത്വരിതഗമനം ചെയ്യുന്ന ശാരദാമണിയെ നിശാനാഥൻ നിശ്ചേഷ്ടനായി നോക്കിനിന്നു. സ്നേഹസമ്പന്നനായ ഭർത്താവിന്റെ പുഞ്ചിരിയോ, മധുരവചസ്സുകളോ ജീവന്റെ ഉറവയെ തേടുന്ന ശാരദാമണിയുടെ ആത്മീയദാഹത്തെ ശമിപ്പിച്ചില്ല. അവളുടെ ഹൃദയം തന്റെ സ്രഷ്ടാവിനെ പ്രാപിക്കുവാൻ വെമ്പൽകൊണ്ടു. ഭർത്തൃഗൃഹത്തിൽ കഴിച്ചുകൂട്ടിയ ആഴ്ചകൾ വർഷങ്ങളായി അവൾക്കനുഭവപ്പെട്ടു. അങ്ങനെ അവൾ ഇറങ്ങി പുറപ്പെട്ടു പ്രഭാതത്തോടുകൂടി സ്വദേശത്തുള്ള മിഷൻ കേന്ദ്രത്തോടനുബന്ധിച്ചുള്ള കന്യകാമഠത്തിൽ ശാരദാമണി അഭയംപ്രാപിച്ചു ഫാ. ജോർജിന്റെ ആഗമനംവരെ അവിടെ താമസിച്ചുകൊള്ളുവാൻ ആ കന്യകകൾ സമ്മതിച്ചു.

താമസംവിനാ വിവരംഗ്രഹിച്ചു് ഗ്രാമത്തലവൻ അന്വേഷണവും ആരംഭിച്ചു. ആരോ പറഞ്ഞറിഞ്ഞു് അയാൾ ജാമാതാവുമൊരുമിച്ചു് അവിടെ വന്നുചേർന്നു. ശാരദാമണിയെ അവർ ബലമായി പിടിച്ചുകൊണ്ടുപോയി കഠിനമായി പീഡിപ്പിച്ചു. ഈശോ കുരിശിൽ സഹിച്ച കഠിനയാതനകൾ ഓർത്തു് അവൾ അവയെല്ലാം സസന്തോഷം സഹിച്ചു. "ഈശോനാഥാ, അവിടുത്തെ കല്പനകൾ പലതും ഞാൻ ലംഘിച്ചുപോയി; അല്ലയോ പരംപൊരുളായവനേ, അവയെല്ലാം എന്നോടു ക്ഷമിച്ചു് അങ്ങേ ദാസിയെ അനുഗ്രഹിക്കേണമേ" എന്നു് അവൾ ആത്മനാപ്രാർത്ഥിച്ചു. അവളുടെ പല്ലവസമാനമായ കളേബരം പീഡനംമൂലം അസ്ഥിപ്രായമായി. മതഭ്രാന്തനായ ഗ്രാമത്തലവൻ സ്വപുത്രിയുടെ നിർബന്ധബുദ്ധിയിൽ കോപവെറിപൂണ്ടു. ധമനികളിൽനിന്നു് വളരെയധികം രക്തം വമിക്കുകയാൽ അവളുടെ ശരീരത്തിനു് പ്രകൃതിശക്തികളോടു് എതിരിടുവാൻ സാധിച്ചില്ല. അവൾ ജ്വരബാധിതയായി. വൃദ്ധബ്രാഹ്മണന്റെ പിതൃഹൃദയം അല്പമൊന്നു പിടഞ്ഞു. വൈദ്യനെ വരുത്തി, പക്ഷെ അവളുടെ രോഗം അനുദിനം വർദ്ധിച്ചുവന്നു.

പനി പിടിപെട്ടതിന്റെ നാലാംദിവസം രാത്രി, ചന്ദ്രൻ എന്തോ ഭയന്നിട്ടെന്നപോലെ നീലാംബരത്തിൽ പ്രത്യക്ഷപ്പെട്ടുവാൻ മടിച്ചു. ബന്ധുജനങ്ങൾ ശാരദാമണിയുടെ രോഗശയ്യക്കരികിൽ ചുററിക്കൂടി. സ്വർഗ്ഗീയസൗന്ദര്യം ദർശിക്കുവാൻ വെമ്പൽകൊണ്ട അവളുടെ നീലനയനങ്ങൾ പകുതി അടഞ്ഞിരിക്കുന്നു. പെട്ടെന്നു ഞെട്ടി എന്തോ സംസാരിച്ചു "സ്വാമീ...യുടെ.. മതത്തിൽ..." ആ അന്ത്യവിനാഴികയിലും അവളുടെ ആത്മാവു് ജീവന്റെ ഉറവയ്ക്കായി ദാഹിക്കുന്നു!! അനുനിമിഷം അവളുടെ ശ്വാസം കുറഞ്ഞുവന്നു. കണ്ണുകൾ ചിമ്മിത്തുറന്നു; കാലുകൾ വിറച്ചു; കൈകൾ അല്പം ചലിച്ചു; ദേഹമാസകലം കോരിത്തരിച്ചു; കഴുത്തിലെ പ്രധാനഞരമ്പുകൾ പൊങ്ങിത്താണു; തണുപ്പു ദേഹമാസകലം വ്യാപിച്ചുവന്നു; നിശ്ശബ്ദത. പെട്ടെന്നു് ഒന്നുകൂടി ഞെട്ടി എന്തോ ഉച്ചരിച്ചു. അധരങ്ങളിൽനിന്നും പുറത്തുവരാത്ത ആ സ്വരം അവ്യക്തമായിരുന്നു. "ഈശോ" എന്നായിരുന്നുവെന്നു അടുത്തുനിന്ന ഒരു യുവതി തന്റെ സ്നേഹിതയോടു് അടക്കി പറഞ്ഞു. ശാരദാമണിയുടെ പാവനാത്മാവു് സ്വസ്രഷ്ടാവിങ്കലേക്കു് ചിറകുവിരിച്ചു പറന്നുപോയി. യഥാർത്ഥ രക്തസാക്ഷിത്വം!!

—o—

വിശുദ്ധ ഇഗ്നാഷിയോ ഡി ലാക്കോണിയുടെയും വി. പത്താം പീയൂസിന്റെയും മാദ്ധ്യസ്ഥത്താൽ പ്രസവം സുഖപ്രദമായി നടന്നതിനു കൃതജ്ഞത. തമസിച്ചുപോയതിനു മാപ്പപേക്ഷിക്കുന്നു.

T. P. P., Ernakulam




തിരുസഭാചരിത്രം 51

# കത്തോലിക്കാ പക്ഷത്തിന്റെ മുന്നേററം

## കപ്പദോച്യക്കാരായ 3 പിതാക്കന്മാർ

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

ബെയ്സിലിന്റെ ആപ്തമിത്രമായ നസിയാൻസസ്സിലെ ഗ്രിഗരി (Gregory of Nazianzus) ഏ. ഡി. 330-ൽ ജനിച്ചു. അദ്ദേഹം പ്രകൃത്യാ മൃദുഹൃദയനും ചിന്താശീലനുമായിരുന്നു. പ്രവൃത്തിയെക്കാൾ കൂടുതൽ ആദ്ധ്യാത്മികധ്യാനത്തെയാണു് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. ഐറിസ് നദിയുടെ തീരത്തു് ബെയ്സിലിനോടുകൂടി കുറേനാൾ അദ്ദേഹം സന്യാസനിഷ്ഠയിൽ കഴിച്ചുകൂട്ടിയതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ നസിയാൻസസിലെ മെത്രാനായിരുന്ന വയോധികനായ തന്റെ പിതാവിനെ രൂപതാഭരണത്തിൽ സഹായിക്കേണ്ടതിനായി അദ്ദേഹം ഏകാന്തവാസം ഉപേക്ഷിക്കുവാൻ നിർബന്ധിതനായി.

ഏ. ഡി. 372-ൽ ബെയ്സിൽ അദ്ദേഹത്തെ സാസിമായിലെ (Sasima) മെത്രാനായി വാഴിച്ചു എങ്കിലും രൂപതാഭരണം ഉടനെ ഏറെറടുക്കുവാൻ അദ്ദേഹം സന്നദ്ധനായില്ല. സ്വപിതാവിന്റെ മരണശേഷം ഏകാന്തജീവിതം നയിക്കുന്നതിനായി അദ്ദേഹം ഇസോറിസ് (Isauris) എന്ന സ്ഥലത്തേക്കു പോയി. ഒടുവിൽ കോൺസ്റ്റാന്റിനോപ്പിളിലെ കത്തോലിക്കരുടെ നിർബന്ധപൂർവ്വമായ അപേക്ഷയ്ക്കു വിധേയനായി അദ്ദേഹം അവിടത്തെ മെത്രാൻസ്ഥാനം കൈയേററു. ആരിയൻപാഷണ്ഡതയുടെ ശക്തികേന്ദ്രമായിരുന്ന ആ നഗരത്തിൽ അക്കാലത്തു് വളരെ കുറച്ചു കത്തോലിക്കർമാത്രമേ അവശേഷിച്ചിരുന്നുള്ളു. നഗരത്തിലുള്ള ഒരു ചെറിയ ഭവനത്തിൽ അദ്ദേഹം താമസമുറപ്പിച്ചുകൊണ്ടു് അവിടം ഒരു ആരാധനസ്ഥലമാക്കി മാററി. പുനരുത്ഥാനം എന്നർത്ഥം വരുന്ന അനാസ്റ്റേഷ്യാ (Anastatia—Resurrection) എന്നാണു് ആ ഭവനത്തെ അദ്ദേഹം വിളിച്ചിരുന്നതു്. അവിടെ കത്തോലിക്കാ വിശ്വാസത്തെ ആധാരമാക്കിയുള്ള പ്രസംഗങ്ങൾ തുടർച്ചയായി അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. വിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു് അദ്ദേഹം ചെയ്ത പ്രസംഗങ്ങളിൽ അതിഗഹനമായ ആ വിശ്വാസസത്യത്തിന്റെ വിദഗ്ദ്ധമായ വിശകലനം അടങ്ങിയിരുന്നു. ജന്മസിദ്ധമായ വാഗ്‌വിലാസവും അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ ഉടനീളം പ്രകടമായിരുന്നു. രണ്ടു വർഷക്കാലം ആരിയൻപക്ഷക്കാരായ നഗരവാസികളിൽ നിന്നുണ്ടായ രൂക്ഷമായ എതിർപ്പിനെ നേരിട്ടുകൊണ്ടു് അദ്ദേഹം ചെയ്ത പരിശ്രമത്തിന്റെ ഫലമായി കത്തോലിക്കാ വിശ്വാസത്തിന്റെ പ്രാബല്യം അവിടെ പുനഃസ്ഥാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ബെയ്സിലിന്റെ കനിഷ്ഠസഹോദരനായ നിസായിലെ ഗ്രിഗരി സർവ്വകലാശാലാവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത ആളായിരുന്നു എങ്കിലും തത്വശാസ്ത്രത്തിൽ ജ്യേഷ്ഠനേയും നസിയാൻസസിലെ ഗ്രിഗറിയേയും അതിശയിക്കുന്ന സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നു. സ്വതന്ത്രമായി ചിന്തിക്കുന്നതിലും അദ്ദേഹത്തിനു് അന്യാദൃശമായ കഴിവുകളുണ്ടായിരുന്നു. വിവാഹിതനായിരുന്ന അദ്ദേഹം ഭാര്യയുടെ മരണാനന്തരം വൈദികാന്തസ്സിൽ പ്രവേശിച്ചു. സഹോദരന്റെ ബുദ്ധിപരമായ കഴിവുകളെപ്പററി ബെയ്സിലിനു വലിയ മതിപ്പുണ്ടായിരുന്നു. അതുകൊണ്ടു് ബെയ്സിൽ സിസ്സേറിയായിലെ മെത്രാനായി ഉയർത്തപ്പെട്ടപ്പോൾ അദ്ദേഹം ഗ്രിഗറിയെ നിസ്സായിലെ മെത്രാനായി നിയമിച്ചു. അന്ത്യോക്യയിൽ സമ്മേളിച്ച സൂനഹദോസ് അറേബ്യയിലെ സഭകളെ ഉദ്ധരിക്കുന്നതിനുവേണ്ടി ഗ്രിഗരിയെ നിയോഗിക്കുകയുണ്ടായി. അവിടെനിന്നും മടങ്ങിയശേഷം അദ്ദേഹം തീർത്ഥാടനങ്ങ (Pilgrimages) ളെ സംബന്ധിച്ചുള്ള ഒരു പ്രബന്ധം പ്രസിദ്ധം ചെയ്തു. ഏ. ഡി. 374-ൽ വാലൻസ് ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി 378 വരെ സെലൂഷ്യയിൽ താമസിപ്പിച്ചു. ഒരു തത്വജ്ഞാനി എന്നും ദൈവശാസ്ത്രപണ്ഡിതൻ എന്നുമുള്ള അദ്ദേഹത്തിന്റെ കീർത്തിക്കു നിദാനമായി നിൽക്കുന്നതു് യൂനോമിയൂസിനെതിരായുള്ള പതിമൂന്നു പുസ്തകങ്ങൾ, (Thirteen books against Eunomius), വലിയ മതോപദേശം (Great Catechism) എന്ന രണ്ടു ഗ്രന്ഥങ്ങളാണു്. പാഷണ്ഡിയായ യൂനോമിയൂസ് ആരിയനിസത്തിനനുകൂലമായി അവതരിപ്പിച്ചിരുന്ന വാദമുഖങ്ങളുടെ വിശദമായ ഖണ്ഡനമാണു് ആദ്യത്തെ ഗ്രന്ഥം. രണ്ടാമത്തേതു് പാഷണ്ഡികളെയും നിരീശ്വരന്മാരെയും യഹൂദരെയും ബഹുദേവമതക്കാരെയും ഉദ്ദേശിച്ചു് എഴുതപ്പെട്ടിട്ടുള്ള ക്രിസ്തുമത തത്വവിശകലനമാണു്.

കപ്പദോച്യക്കാരായ പിതാക്കന്മാർ മൂന്നുപേരും ആരിയൻ പക്ഷത്തേയും കത്തോലിക്കാപക്ഷ

(ശേഷം 9-ാംപേജിൽ)

വിമർശനവീഥി

# സഹവർത്തിത്വം സാദ്ധ്യമോ ഇരുചേരിരാഷ്ട്രങ്ങൾ തമ്മിൽ?

ലെനിൻ പ്രഖ്യാപിച്ചിട്ടുണ്ടു് മുതലാളിത്തരാഷ്ട്രങ്ങളും കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും ഒരുമിച്ചുജീവിക്കുക അസാദ്ധ്യമെന്നു്; രണ്ടും തമ്മിൽ ഭയങ്കരതരമായ സംഘട്ടനങ്ങൾ അനിവാര്യങ്ങളാണെന്നു്; അവസാനം ഒന്നല്ലെങ്കിൽ മറേറതു് തീർച്ചയായും വിജയിക്കുമെന്നു്; ആ സമരത്തിനുവേണ്ടി മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിച്ചു് സായുധരാക്കി മുമ്പോട്ടു കൊണ്ടുവരണമെന്നു്; ആ സമരപ്രസ്ഥാനത്തിന്റെ വിജയത്തിനു സഹായകമാകുന്നതെല്ലാം സന്മാർഗ്ഗവും പ്രതിബന്ധമാകുന്നതെല്ലാം ദുർമ്മാർഗ്ഗവുമാണെന്നു്.

സ്റ്റാലിൻ ഈ ഉദ്ബോധനങ്ങൾ ശിരസാ വഹിച്ചു; അവ പ്രാവർത്തികമാക്കിക്കൊള്ളാമെന്നു് ലെനിന്റെ മൃതശരീരത്തെ നോക്കിക്കൊണ്ടു സത്യപ്രതിജ്ഞചെയ്തു. ഈ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും കമ്മ്യൂണിസ്റ്റല്ലാത്ത രാഷ്ട്രങ്ങളും തമ്മിൽ സഹവർത്തിത്വം അസാദ്ധ്യമല്ലേ?

സ്വേച്ഛാധിപത്യം നിലവിലിരിക്കുന്ന കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളും പ്രജാധിപത്യം നിലവിലിരിക്കുന്ന സ്വതന്ത്രരാഷ്ട്രങ്ങളും തമ്മിൽ സഹവർത്തിത്വം സാദ്ധ്യമല്ലെന്നു് ലെനിനും സ്റ്റാലിനും പണ്ടുമുതൽ പ്രഖ്യാപിച്ചിട്ടുള്ള തത്വങ്ങൾ പ്രസ്പഷ്ടം തെളിയിക്കുന്നു.

## ലെനിന്റെ പ്രഖ്യാപനം

"നാം ഒരു രാഷ്ട്രത്തിൽമാത്രം വസിക്കുന്നവരല്ല, രാഷ്ട്രങ്ങളുടെ ഒരു ശേഖരത്തിലത്രെ നാം വസിക്കുന്നതു്. മുതലാളിത്തരാഷ്ട്രങ്ങളുടെ സമീപത്തു് സോവ്യററു് റിപ്പബ്ളിക്കു് (റഷ്യയിലെ കമ്മ്യൂണിസ്റ്റു രാഷ്ട്രം) ദീർഘകാലം ജീവിച്ചിരിക്കുകയെന്നതു് അചിന്ത്യമാണു്. അവസാനം ഒന്നല്ലെങ്കിൽ മറേറതു വിജയിക്കുമെന്നതു തീർച്ച. പ്രസ്തുത അന്ത്യം വന്നുഭവിക്കുന്നതിനുമുൻപു് ഈ രണ്ടുതരം രാഷ്ട്രങ്ങളും തമ്മിൽ ഭയങ്കരതരമായ സംഘട്ടനങ്ങൾ തുടന്നുണ്ടാകുകയെന്നതു് അനിവാര്യമാകുന്നു. ഇതിന്റെ സാരം, പ്രോലിറേററിയൻ (കൂലിവേലക്കാരുടെ) രാഷ്ട്രീയമേധാവിത്വം പാലിച്ചുകൊണ്ടു പോകണമെങ്കിൽ സമരതന്ത്രപരമായി സംഘടിക്കാൻ അവർ പ്രാപ്തരാകണം എന്നാണു്."

"(റഷ്യയിലെ) വിജയലബ്ധിതരായ പ്രോലിറേററിയന്മാർ മുതലാളികളുടെ സ്വത്തെല്ലാം പിടിച്ചുപററുകയും തങ്ങളുടെ സ്വന്തമായി സോഷ്യലിസ്റ്റു പ്ലാനം സംഘടിപ്പിക്കുകയും ചെയ്തതിന്റെ ശേഷം ലോകത്തിലെ ഇതരഭാഗങ്ങളിലുള്ള മുതലാളികൾക്കെതിരായി, മുതലാളിത്തലോകത്തിനെതിരായി, എഴുന്നേററുനിൽക്കണം, ആ രാജ്യങ്ങളിൽ വിപ്ലവമുണ്ടാക്കണം, ആവശ്യം വന്നാൽ സായുധരായി മുമ്പോട്ടുവന്നു് ചൂഷണംചെയ്യുന്ന വർഗ്ഗങ്ങളേയും അവരുടെ രാഷ്ട്രങ്ങളേയും ആക്രമിക്കണം."

## കൊമിൻേറണിന്റെ സമരപ്രഖ്യാപനം

1919-ൽ അന്തർദേശീയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ലെനിൻ ആരംഭിക്കുന്നു. "കൊമിൻേറൺ" എന്നു വിളിക്കപ്പെട്ടിരുന്ന വിശ്വവ്യാപകമായ ഈ കൂട്ടുകെട്ടിന്റെ ദ്വിതീയ കോൺഗ്രസ്സു് 1920-ൽ മോസ്കോവിൽ കൂടുന്നു. കൊമിൻേറണിന്റെ ഭരണഘടനയും നടപടിക്രമങ്ങളും മററും നിശ്ചയിച്ചതു് ഈ കോൺഗ്രസിൽ വച്ചാണു്. അതിലെ ഒന്നാമത്തെ നിയമം കേട്ടാലും:-

"വർഗ്ഗവ്യത്യാസം പാടെ ഇല്ലാതെയാക്കി സോഷ്യലിസം കൈവരുത്തുവാൻവേണ്ടി; മുതലാളിത്തത്തെ നശിപ്പിക്കുക, പ്രോലിറേററിയൻ സ്വേച്ഛാധിപത്യം സ്ഥാപിക്കുക, അന്തർദേശീയ സോഷ്യലിസ്റ്റു് റിപ്പബ്ളിക്കു് ഏർപ്പെടുത്തുക എന്ന ഏകലക്ഷ്യപ്രാപ്തിക്കുവേണ്ടി; പരിശ്രമിക്കുന്ന വിവിധരാജ്യങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിക്കുവാനായി തൊഴിലാളികളുടെ ഈ അന്തർദേശീയസംഘം സ്ഥാപിതമായിരിക്കുന്നു." രണ്ടാംലോകമഹായുദ്ധകാലത്തു് ഐക്യകക്ഷികളെ ശാന്തമാക്കാൻ 1943-ൽ സ്റ്റാലിൻ കൊമിൻേറണിനെ പിരിച്ചുവിട്ടു. യുദ്ധം ജയിച്ചു് കൈയുറച്ചു എന്നു കണ്ടപ്പോൾ 1947-ൽ "കൊമിൻഫോം" എന്ന പേരിൽ ഈ വിശ്വവ്യാപകസംഘടനയെ പുനരുദ്ധരിച്ചു. തത്വവും, ലക്ഷ്യവും നടപടിക്രമവും, നയവും, തന്ത്രവുമെല്ലാം പഴയതുതന്നെ.

## സന്മാർഗ്ഗനിയമം ലെനിൻ സ്വീകരിക്കുന്നില്ല

കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിന്റെയും രാഷ്ട്രങ്ങളുടെയും ഉദ്ദേശ്യങ്ങൾ സാധിക്കുവാൻ ലെനിൻ തന്റെ അനുയായികൾക്കു് ഉപദേശിച്ചുകൊടുത്തിട്ടുള്ള മാർഗ്ഗങ്ങളിൽ ലോകത്തിലെ സ്വതന്ത്രരാഷ്ട്രങ്ങൾ അംഗീകരിച്ചിട്ടുള്ള സദാചാരനടപടികൾക്കു് ഒരു സ്ഥാനവുമില്ല. 1920-ൽ റഷ്യയിലെ യുവകമ്മ്യൂണിസ്റ്റു് ലീഗുകാരുടെ കോൺഗ്രസിനെ ലെനിൻ ഉൽബോധിപ്പിച്ചതു് ഇങ്ങനെയാണു്:-

"മനുഷ്യസമുദായത്തിൽനിന്നും വർഗ്ഗങ്ങളിൽനിന്നും ഉടലെടുക്കാത്ത എല്ലാ സാന്മാർഗ്ഗികതത്വങ്ങളെയും ഞങ്ങൾ നിരാകരിക്കുന്നു. (ദൈവശാസിതമായ സാന്മാർഗ്ഗികതത്വത്തെ നിരാകരിക്കുന്നു എന്നു സാരം) അതൊരു കാപട്യമാകുന്നു, ഒരു വഞ്ചനയാകുന്നു. പ്രഭുക്കന്മാരുടെയും, മുതലാളിമാരുടെയും താല്പര്യങ്ങൾക്കുവേണ്ടി കൂലിവേലക്കാരുടെ മനസ്സിന്റെ കൺമറയ്ക്കുന്ന ഒരു മൂടുപടമാണതു്. പ്രോലിറേററിയൻമാരുടെ വർഗ്ഗസമരത്തിനു മുഴുവനും വിധേയമായുള്ളതാണു് നമ്മുടെ സാന്മാർഗ്ഗികപ്രമാണങ്ങളെന്നു നാം പറയുന്നു. പ്രോലിറേററിയൻ വർഗ്ഗസമരത്തിന്റെ താല്പര്യങ്ങളാണു് നമ്മുടെ സദാചാരം."

## ലെനിന്റെ നയതന്ത്രങ്ങൾ

ഇത്തരുണത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ നയതന്ത്രങ്ങൾ എന്തായിരിക്കുന്നുവെന്നു് ലെനിൻ നിർദ്ദേശിച്ചിട്ടുള്ളതും അറിഞ്ഞിരിക്കേണ്ടതാകുന്നു:

"പലതരം തന്ത്രങ്ങളും സൂത്രങ്ങളും നിയമവിരുദ്ധനടപടികളും സ്വീകരിക്കുക, ഒഴിഞ്ഞുമാറലും അടവുകളും പ്രയോഗിക്കുക, അങ്ങനെ ട്രേഡ്‌യൂണിയനുകളിൽ കയറിപ്പററിയിരിക്കുക, തദനന്തരം കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങൾ അവയ്ക്കുള്ളിൽ എന്തും സഹിച്ചു നടത്തുക"

"to resort to various stratagems, artifices, illegal methods, to evasions and subterfuges, only so as to get into the trade unions, to remain in them, and to carry on Communist work within them at all costs"

## വിപ്ലവം സംക്രമിപ്പിക്കണമെന്നു് സ്റ്റാലിൻ

"Problems of Leninism" "ലെനിനിസത്തിലെ പ്രശ്നങ്ങൾ" എന്നൊരു ഗ്രന്ഥം സ്റ്റാലിൻ രചിച്ചിട്ടുണ്ടു്. ഒററതിരിഞ്ഞു് ഒരു രാജ്യത്തുമാത്രം കമ്മ്യൂണിസ്റ്റു വിപ്ലവം വിജയിക്കുവാനും കമ്മ്യൂണിസ്റ്റു്‌വ്യവസ്ഥിതിപുലരുവാനും സാദ്ധ്യമല്ലെന്നായിരുന്നു ട്രോട്സ്കിയുടെ വാദം. സാർവ്വലൗകികമായ കമ്മ്യൂണിസ്റ്റു് വിപ്ലവത്തിനു് ആദ്യമേ പുറപ്പെടാതെ, ഒരു രാജ്യത്തു് ആദ്യം വിജയിപ്പിക്കുക, ആ വിജയത്തെ ദൃഢബദ്ധമാക്കുക, അതിൽ ഊന്നിനിന്നുകൊണ്ടു് അയൽരാജ്യങ്ങളിലേക്കു് വിപ്ലവം പരത്തുക എന്നായിരുന്നു സ്റ്റാലിന്റെ പരിപാടി. "ഒരു രാജ്യത്തെ വിജയത്തിലെത്തിയ വിപ്ലവം സ്വയം പര്യാപ്തമെന്നു് കരുതപ്പെടരുതു്, പിന്നെയോ സർവ്വരാജ്യങ്ങളിലെയും പ്രോലിറേററിയന്മാരെ വിജയിപ്പിക്കുവാൻ ഒരു സഹായമായിട്ടും വിജയത്ത്വരിതപ്പെടുത്തുവാൻ ഒരു മാർഗ്ഗമായിട്ടും അതു കരുതപ്പെടണം;... ലോകവിപ്ലവത്തിന്റെ ആരംഭമായിട്ടും അടിത്തറയായിട്ടും അതിരിക്കണം" എന്നത്രെ സ്റ്റാലിൻ പറയുന്നതു്. ഒരു സ്ഥലത്തു് ഒതുങ്ങിനില്ക്കാതെ ഒന്നിനു പത്തായി പ്രചരിക്കുകയെന്നതു്, സാംക്രമിക രോഗങ്ങളെപ്പോലെ കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിന്റെയും അന്തസത്തയായ ചൈതന്യവിശേഷമാണു്.

ലെനിൻ നിര്യാതനായപ്പോൾ ചരമപ്രസംഗം നടത്തിയതു് സ്റ്റാലിനായിരുന്നു. ലെനിന്റെ മൃതശരീരത്തെ നോക്കിക്കൊണ്ടും സോവ്യററു് റഷ്യയേയും അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തേയും പ്രതിനിധാനം ചെയ്തും അവയുടെ നാമത്തിലും സ്റ്റാലിൻ ചില സത്യപ്രതിജ്ഞകൾ ചെയ്തു.

"സോവിയററു് റിപ്പബ്ളിക്കിനെ ഒരന്തിമലക്ഷ്യമായി ലെനിൻ ഒരിക്കലും കരുതിയിരുന്നില്ല; അഷ്ടദിക്കുകളിലുമുള്ള എല്ലാ രാജ്യങ്ങളിലും വിപ്ലവപ്രസ്ഥാനത്തെ ബലപ്പെടുത്തുവാനും മുതലാളിമാരുടെമേലുള്ള കൂലിവേലക്കാരുടെ വിജയം എളുപ്പമാക്കുവാനുമുള്ള ഒരാവശ്യ കണ്ണിയായിട്ടേ ലെനിൻ ഇതിനെ കരുതിയിരുന്നുള്ളു;...... വിമോചനം പ്രാപിക്കുവാനുള്ള നിർണ്ണായകയുദ്ധങ്ങളിൽ എല്ലാ രാജ്യങ്ങളിലേയും കൂലിവേലക്കാരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുവാൻ ഇതാവശ്യകമാണെന്നു് ലെനിനു അറിയാമായിരുന്നു. അതുകൊണ്ടാണു് ഈ മഹാബുദ്ധിമാൻ, റഷ്യയിൽ കൂലിവേലക്കാരുടെ സ്വേച്ഛാധിപത്യം സ്ഥാപിച്ചതിന്റെ പിറേറദിവസം വേലക്കാരുടെ വക അന്തർദേശീയ സംഘടന രൂപവൽക്കരിച്ചതു്. കമ്മ്യൂണിസ്റ്റു് ഇൻറർനാഷണൽ എന്ന ഈ സംഘടനയെ ദൃഢതരമാക്കുവാനും വികസിപ്പിക്കുവാനും അശ്രാന്തപരിശ്രമം ലെനിൻ ചെയ്തിരുന്നതും അതുകൊണ്ടത്രെ. ലെനിൻ നമ്മെ വിട്ടുപോകുമ്പോൾ, അവകാശവഴി നമുക്കു് ലഭിച്ചിട്ടുള്ള കർത്തവ്യമാത്ര കമ്മ്യൂണിസ്റ്റു് ഇൻറർനാഷണലിന്റെ തത്വങ്ങളോടുള്ള ഭക്തി അല്ലയോ, സഖാവായ ലെനിൻ, ഞങ്ങൾ ഇതാ സത്യപ്രതിജ്ഞചെയ്യുന്നു. ലോകമാസകലമുള്ള കൂലിവേലക്കാരുടെ ഐക്യത്തെ, കമ്മ്യൂണിസ്റ്റു് ഇൻറർനാഷണലിനെ, സംഘടിപ്പിക്കുക, വികസിപ്പിക്കുക എന്ന കർത്തവ്യനിർവ്വഹണത്തിൽ ഞങ്ങളുടെ ജീവനെപ്പോലും ഞങ്ങൾ ബലികഴിച്ചുകൊള്ളാം."

സ്റ്റാലിൻ ചെയ്ത ഈ പ്രതിജ്ഞയെ ശിരസാവഹിക്കുന്നവരാണു് ലോകമാകെയുള്ള കമ്മ്യൂണിസ്റ്റു്കാർ. ആകയാൽ മുതലാളിത്തവ്യവസ്ഥിതിയെയും അതിനെ പാലിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളെയും ബലം പ്രയോഗിച്ചുതന്നെ നശിപ്പിക്കുകയാണു് കമ്മ്യൂണിസത്തിന്റെ ലക്ഷ്യമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ ലക്ഷ്യം പ്രാപിക്കുവാൻ ആവശ്യകമെന്നു കാണുന്ന സന്ദർഭങ്ങളിൽ സമരഭാവം തൽക്കാലത്തേക്കു് മറച്ചുവച്ചുകൊണ്ടു് സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും ഭാവം കമ്മ്യൂണിസം നടിക്കും. ആ നാട്യമാണു് കമ്മ്യൂണിസ്റ്റു് റഷ്യയിലും കമ്മ്യൂണിസ്റ്റു് ചൈനയിലും കുറേനാളായി നാം കേൾക്കുന്ന സഹവർത്തിത്വത്തിനായുള്ള ആഹ്വാനം. അക്കാര്യത്തിൽ വല്ല സംശയവുമുണ്ടെങ്കിൽ അതു നീങ്ങുവാൻ കമ്മ്യൂണിസം നടത്തിയിട്ടുള്ള ആക്രമണങ്ങളുടെ കഥ ഏററവുമധികം ഉപകരിക്കും. അതിനെപ്പററി അടുത്തതിൽ.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ 8—12—0



മഞ്ഞപ്ര വടക്കുഞ്ചേരി ശ്രീ വി. പി. ആൻറണിയും, എടാട്ടു പുതുശ്ശേരി ശ്രീമതി യവുപ്രാസ്യായും തമ്മിലുള്ള വിവാഹം നവംബർ 8-ാംനു നടന്നു. വെരി റവ. മോൺ: വറുഗീസു് പുതുശ്ശേരി എം. ഏ. അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

Reg. M. No 2293

# Sathya Deepam

Vol. 28 Ernakulam, November 24, 1954 No. 15

## ചൈനയിൽ മതസ്വാതന്ത്ര്യമില്ലെന്നു ഫാ. മാക്ക് ഗ്രാത്ത്

ചൈനയിൽ കൊളമ്പൻ മിഷ്യനിലെ ഒരംഗമായിരുന്ന ഫാദർ ഏയ്ഡൻ മാക്ക് ഗ്രാത്ത് ബെൽഫാസ്റ്റ് എന്ന സ്ഥലത്തുവച്ച് അനേകായിരം വരുന്ന ഒരു ജനക്കൂട്ടത്തോട്, ബ്രിട്ടീഷ് ലേബർ പാർട്ടി പ്രതിനിധികൾ ചൈന സന്ദർശിച്ചതിനേയും അവരുടെ ചില നേതാക്കന്മാർ അവിടത്തെ മതസ്വാതന്ത്ര്യത്തെപ്പററി പ്രകടിപ്പിച്ച അഭിപ്രായങ്ങളേയും സംബന്ധിച്ച ഇപ്രകാരം പ്രസ്താവിച്ചു: "കമ്മ്യൂണിസ്റ്റുകളുടെ കീഴിൽ അവിടെ യഥാർത്ഥ മതസ്വാതന്ത്ര്യവുമില്ല. പീക്കിംഗിലും ഷാങ്കയിലും മാത്രമാണ് ദേവാലയങ്ങൾ തുറക്കപ്പെട്ടിട്ടുള്ളതും അതിൽ നിറയെ ആളുകൾ കൂടുന്നതും. ഉൾഭാഗങ്ങളിൽ ദേവാലയങ്ങൾ മിക്കവാറും എല്ലാംതന്നെ കണ്ടുകെട്ടപ്പെട്ടുകഴിഞ്ഞു. എവിടെയെങ്കിലും വൈദികർ അവശേഷിച്ചിട്ടുണ്ടെങ്കിൽ അവർ അവരുടെ ഭവനങ്ങളിൽ താമസിക്കുന്നവരാണ്." ചൈനയിലെ മതമർദ്ദനത്തെപ്പററി അദ്ദേഹം വിശദമാക്കിയ കണക്കനുസരിച്ച്, കഴിഞ്ഞ പത്തുവർഷത്തിനിടയിൽ 120 ചൈനീസ് വൈദികർ കൊല്ലപ്പെടുകയോ കാരാഗൃഹങ്ങളിൽ മൃതിപ്പെടുകയോ ചെയ്തിട്ടുണ്ട്; 1949-നു ശേഷം രണ്ടു കോടി ചൈനാക്കാർ കമ്മ്യൂണിസ്റ്റുകളാൽ വധിക്കപ്പെട്ടിരിക്കുന്നു; കിടങ്ങു കുഴിക്കുക മുതലായ ജോലികളിൽ തടവുകാരാകി 8 കോടി ജനങ്ങളെക്കൊണ്ടു അവർ അടിമവേല എടുപ്പിക്കുന്നുണ്ട്."

# —വിവിധവൃത്താന്തങ്ങൾ—

## വിയററ്നാം അഭയാർത്ഥികളെ കമ്മ്യൂണിസ്റ്റുകാർ തടയുന്നു

വിയററ്നാം പ്രശ്നത്തെ പരിഹരിക്കുന്നതിനു പാസാക്കപ്പെട്ട ജനീവാ ഉടമ്പടി അനുസരിച്ച വിഭജനമേഖലകളിൽ താമസിക്കുന്നവർ അവരവരുടെ ഇഷ്ടംപോലെ ദക്ഷിണമേഖലയിലേക്കോ ഉത്തരമേഖലയിലേക്കോ പോകുന്നതിനുള്ള അനുമതിയുണ്ട്; അതതു സ്ഥലത്തെ ഗവമ്മെണ്ടുകൾ അതിനു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമെന്നുമുണ്ട്. ഉത്തരമേഖലയിലെ കമ്മ്യൂണിസ്റ്റ് ഭരണത്തിൽനിന്നു കത്തോലിക്കരായ അഭയാർത്ഥികൾ കൂട്ടംകൂട്ടമായി തെക്കേ മേഖലയിലേക്കു രക്ഷപെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ അവരെ തടയുന്നതിനു കമ്മ്യൂണിസ്റ്റുകൾ ചതുരുപായങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കന്മാർ കടന്നുപോകുമ്പോൾ അവരെ തടയുന്നതിനു കുട്ടികളെ കമ്മ്യൂണിസ്റ്റുകൾ തട്ടിപ്പറിക്കുന്നു. ഒരു കുടുംബം രക്ഷപെടുന്നതിനു ഒരു വള്ളത്തിൽ കയറുന്നതുകണ്ടു കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥന്മാർ ഓടിയെത്തി അമ്മയുടെ കൈയിലിരുന്ന ചോരക്കുഞ്ഞിനു പിടുത്തമിട്ടു. കുട്ടിയുടെ അമ്മയും അപ്പനും ഒരുവശത്തും കമ്മ്യൂണിസ്റ്റുകൾ മറുവശത്തുമായി പിടിവലി നടന്നു. കുറെ പരുക്കുകളോടെയെങ്കിലു കുഞ്ഞിനേയുംകൊണ്ടു മാതാപിതാക്കൾ കടന്നുപോയി. ഒരു കടൽത്തീരഗ്രാമത്തിലുള്ള മത്സ്യത്തൊഴിലാളികളെല്ലാം പല വള്ളങ്ങളിലായി സ്ഥലം വിടുന്നു എന്നു കണ്ടു് കമ്മ്യൂണിസ്റ്റുകൾ അവർക്കെതിരായി വെടിവയ്ക്കുകയും തിരിച്ചുപോരുന്നതിനു അവർ നിർബന്ധിക്കപ്പെടുകയും ചെയ്തു. മന്നൂറുപേരോളം വരുന്ന ഒരു ഗണത്തിനു വള്ളങ്ങൾ തടസ്സപ്പെടുത്തുകയാൽ രക്ഷപെടാൻ സാധിച്ചില്ല. ഉത്തരവിയററ്നാമിൽ 14 ലക്ഷം കത്തോലിക്കർ കമ്മ്യൂണിസ്റ്റധീനതയിൽനിന്നു രക്ഷപെടുവാൻ തയാറായി നില്പുണ്ട്. ഏകദേശം 3 ലക്ഷത്തോളം കത്തോലിക്കർ ഇതിനകം നിരവധി കഷ്ടതകൾ സഹിച്ചു ദക്ഷിണമേഖലയിൽ എത്തിയിട്ടുണ്ട്.

## സലേർണോയിലെ വെള്ളപ്പൊക്കത്തിൽ ധീരസേവനം

ഇററലിയുടെ തെക്കുപടിഞ്ഞാറെ തീരപ്രദേശത്തുള്ള ബൊണെയോ നദിയിൽ ഈയിടെയുണ്ടായ വെള്ളപ്പൊക്കം അതിഭയങ്കരമായ നാശനഷ്ടങ്ങൾക്കിടയാക്കി. 299 പേർ മുങ്ങിമരിച്ചിട്ടുള്ളതായും 6000 ത്തിൽപ്പരം പേർ ഭവനരഹിതരാക്കപ്പെട്ടിട്ടുള്ളതായുംകണക്കാക്കപ്പെട്ടിരിക്കുന്നു. പെട്ടെന്നുണ്ടായ ഈ വെള്ളപ്പൊക്കത്തിൽപ്പെട്ട നിരാശ്രയരെ രക്ഷിക്കുന്നതിൽ ധീരമായ സേവനമനുഷ്ഠിച്ച ഒരു പ്രമുഖവ്യക്തിയാണ് പലേഷ്യൻ സുപ്പീരിയറായ ഫാദർ കാർമിൻ ഷിയുള്ളോ. പലതവണയും അദ്ദേഹത്തിന്റെ ജീവൻപോലും അപകടത്തിലായി. എങ്കിലും ശക്തിയായ ഒഴുക്കിനെതിരെ പല മണിക്കൂറുകൾ നീന്തി അനേകംപേരെ അദ്ദേഹം അപകടത്തിൽനിന്നും രക്ഷപെടുത്തി. വിയെട്രി എന്ന സ്ഥലത്തുകൂടി ഇടിഞ്ഞുവീണ വീട്ടിൽനിന്നും 20 പേരെ അദ്ദേഹം അത്യദ്ധ്വാനംചെയ്തു പുറത്തെടുത്തു. മോളീനാ എന്ന സ്ഥലത്തുവച്ച് ഒരു കുടുംബം മുഴുവനായി അദ്ദേഹത്താൽ രക്ഷിക്കപ്പെട്ടു. നിരാധാരരായ ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. പേപ്പൽ സഹായസംഘടനയുടെ പ്രസിഡൻറ് മോൺ ബാർഡെല്ലിയും അത്യുന്നതകർദ്ദിനാൾ മിമ്മിയും സംഭവസ്ഥലത്തെത്തി സമാശ്വാസകരമായ ഏർപ്പാടുകളിൽ വ്യാപൃതരായിരിക്കുന്നു ഏററവും വേഗത്തിൽ 5000 ഭക്ഷണപ്പൊതികളും 500 പുതപ്പുകളും 550 കിടക്കകളും ഭക്ഷണം പാകംചെയ്യുന്നതിനുള്ള ധാരാളം ഉപകരണങ്ങളും സ്ഥലത്തെത്തിച്ചു. അവരുടെ സംരക്ഷണത്തിനായി പരിശുദ്ധ പിതാവു 6000 പവൻ എത്തിച്ചുകൊടുത്തിട്ടുണ്ട്.

## സൈന്യാധിപൻ മിഷനറിയായി തിരിച്ചുവരുന്നു

റവ ഫാദർ ഫ്റാൻസിസ് കേവ് ഒ ബി ഇ. അവർകൾ മിഷൻപ്രവർത്തനങ്ങൾക്കായിട്ടു ഈയിടെ സുഡാനിലേക്കു പോയിരിക്കുന്നു. കഴിഞ്ഞ മഹായുദ്ധകാലത്തു അബിസീനിയൻ അതിർത്തികളിൽ ഇററാലിയൻ സൈന്യത്തെ നേരിടുന്നതിനു ദക്ഷിണസുഡാൻ കമാൻറിലെ സൈന്യാധിപനായിട്ടാണ് അദ്ദേഹം അങ്ങോട്ടു പോയിരുന്നതു്. ഒന്നാംലോകമഹായുദ്ധത്തിൽ ഒരു പൈലററായി അദ്ദേഹം സേവനമനുഷ്ഠിച്ചു. സുഡാൻസൈന്യത്തിൽ ഏർപ്പെടുന്നതിനുമുമ്പു അദ്ദേഹം ഇന്ത്യയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1950-ൽ ദക്ഷിണസുഡാനിലെ ക്രൂബാ പോലീസ് മേധാവി എന്ന സ്ഥാനം രാജിവച്ചു റോമിലെ ബേഡാകോളേജിൽ വൈദികപഠനം ആരംഭിക്കുകയും കഴിഞ്ഞ വലിയ ശനിയാഴ്ച വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ രാജ്യരക്ഷയ്ക്കുവേണ്ടി സൈന്യങ്ങളെ നയിച്ച അദ്ദേഹം ഇപ്പോൾ ആത്മാക്കളെ രക്ഷിക്കുന്നതിനു മിഷനറിയായി സേവനത്തിനിറങ്ങിയിരിക്കുന്നു.

## 30 ലക്ഷം കുട്ടികൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നു

അമേരിക്കൻ ഐക്യനാടുകളിൽ ക്രിസ്തുരാജത്തിരുനാൾ കത്തോലിക്കാ യുവാക്കന്മാരുടെ ദേശീയ പൊതുദിവ്യകാരുണ്യസ്വീകരണദിനമായി പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് യുവതീയുവാക്കന്മാരും ബാലികാബാലന്മാരുമായി അന്നു 30 ലക്ഷത്തിൽപ്പരം കുട്ടികൾ പരിശുദ്ധ കുർബാന സ്വീകരിച്ചിട്ടുള്ളതായി കണക്കുകൾ ശേഖരിച്ചിരിക്കുന്നു.

## മാതാവിന്റെ സ്വരൂപത്തിൽപിടിച്ചു രക്ഷപെട്ടു

ബൊണെയോ നദിയിലെ വെള്ളപ്പൊക്കത്തിനിടയിൽ നടന്ന ഒരു സംഭവമാണിതു്. മോളീനാ എന്ന നഗരത്തിൽ ഒരു ഭവനത്തിൽ വെള്ളപ്പൊക്കംമൂലം അടിഞ്ഞുകയറിയ ചളിനീക്കി കാണാതായ തന്റെ ഭാര്യയേയും രണ്ടു കുട്ടികളേയും ആരാഞ്ഞുകൊണ്ടിരിക്കുകയായിരുന്നു അൽഫോൻസോ സ്ട്രിയാനി എന്നയാൾ. പെട്ടെന്നുണ്ടായ ഒരു ജലപ്രവാഹത്തിൽ അയാൾ ഒഴുകിപ്പോയി. ഒരു പള്ളിയിലേക്കാണ് അയാൾ ഒഴുകിയതു്. മേൽക്കൂരവരെ വെള്ളം പൊങ്ങിയിരുന്നു. അശരണനായ അയാൾക്കു പിടികിട്ടിയതു് ഒഴുകിക്കൊണ്ടിരുന്ന ഒരു ദൈവമാതാവിന്റെ പ്രതിമയാണ്. അങ്ങുമിങ്ങും ഒഴുകി ഒടുവിൽ അൾത്താരയുടെ മുകളിലുണ്ടായിരുന്നതും പ്രസ്തുത സ്വരൂപം സൂക്ഷിക്കപ്പെട്ടിരുന്നതുമായ രൂപക്കൂട്ടിൽതന്നെ അവർ ചെന്നുചേർന്നു. പിറേറദിവസം വെള്ളം ഇറങ്ങിയശേഷം നടത്തപ്പെട്ട പരിശോധനയിൽ അയാൾ അവശനും ബോധരഹിതനുമായി ആ രൂപക്കൂട്ടിൽനിന്നു കണ്ടെടുക്കപ്പെട്ടു

## മി. ആററ്ലി തെററുതിരുത്തുന്നു

ബ്രിട്ടീഷ് പ്രതിനിധിസംഘം മി. ആററ്ലിയുടെ നേതൃത്വത്തിൽ ചൈനാ സന്ദർശിച്ചു മടങ്ങിയെത്തിയശേഷം അവിടത്തെ മതസ്വാതന്ത്ര്യത്തെപ്പററി അവാസ്തവമായ ചില പ്രസ്താവനകൾ പുറപ്പെടുവിച്ചുവെന്നുള്ള പത്രറിപ്പോർട്ടുകൾ ഉണ്ടായിരുന്നല്ലോ. ഇംഗ്ലണ്ടിലെ കത്തോലിക്കാ തൊഴിലാളിസംഘടന അതിന്റെ വാസ്തവികതയെ ചോദ്യംചെയ്തുകൊണ്ടു് ആററ്ലിക്കയച്ച ഒരെഴുത്തിനു മറുപടിയായി അദ്ദേഹം തന്റെ പ്രസ്താവനകളെപ്പററി ഇപ്രകാരം മറുപടി നൽകിയിരിക്കുന്നു:– "അവിടെ മതമർദ്ദനം നടക്കുന്നുണ്ട്" എന്നുള്ളതിനെ ഞാൻ ഒരിക്കലും നിഷേധിക്കുകയുണ്ടായിട്ടില്ല. ചൈനാക്കാർ വിദേശമിഷനറിമാരെ നിരോധിച്ചിരിക്കയാണെങ്കിലും ചൈനീസ് വൈദികരെ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു ബാഹ്യമായിട്ടെങ്കിലും അനുവദിച്ചിട്ടുണ്ടെന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. യഥാർത്ഥത്തിൽ എന്റെ ചില കൂട്ടുകാർ ഒരു കത്തോലിക്കാ വൈദികനോടു് അദ്ദേഹത്തിന്റെ മതകർമ്മങ്ങൾക്കുശേഷം സംസാരിക്കുകയുണ്ടായി. അന്നു രാവിലെ കുർബാനയിൽ 100 പേർ സംബന്ധിച്ചിരുന്നതായി അദ്ദേഹം പറഞ്ഞു. പരിശുദ്ധ മറിയത്തിന്റെ കാശുരൂപങ്ങൾ ധരിച്ചിരുന്ന സ്ത്രീകളെ അവർ കാണുകയുംചെയ്തു. ശരിയല്ലാത്ത പത്രറിപ്പോർട്ടുകൾമൂലമാണ് തീർച്ചയായിട്ടും നിങ്ങൾക്കും മററനിസ്സ് മെത്രാപ്പോലീത്തായ്ക്കും എന്റെ പ്രസ്താവനയെ സംബന്ധിച്ച തെററിദ്ധാരണയുണ്ടായതു്."

—o—

## ചൈനീസ് രാജ്യകാര്യപ്രതിനിധി മാമ്മോദീസാ സ്വീകരിച്ചു

പരിശുദ്ധ സിംഹാസനത്തിലേക്കുള്ള ചൈനീസ് ഡലിഗേഷനിലെ ചാർജ് ഡി അഫേഴ്സായ ഡോക്ടർ ചൗയിൻ കഴിഞ്ഞ മാസത്തിൽ മാമ്മോദീസാ സ്വീകരിച്ചു് കത്തോലിക്കാ സഭാംഗമായിരിക്കുന്നു റോമിലുള്ള മറിയത്തിന്റെ ഫ്റാൻസിസ്കൻ മിഷനറി സഭക്കാരുടെ കപ്പേളയിൽവച്ചു ലെഗേഷൻ കൗൺസിലറായ മോൺ. ലൊക്കു് ആംഗ് അവർകളാണ് രഹസ്യമായി പ്രസ്തുതകർമ്മം നിർവ്വഹിച്ചതു്. പരിശുദ്ധ മാർപ്പാപ്പാ ഡോക്ടർ ചൗയിനു പ്രത്യേകാശിർവ്വാദസന്ദേശം അയച്ചുകൊടുത്തു. വേദപ്രചാരത്തിന്റെ തിരുസംഘം പ്രീഫെക്ടായ കർദ്ദിനാൾ ഫുമസോണി ബിയോണ്ടി തിരുമനസ്സുകൊണ്ടും ഒരനുമോദനക്കത്തു അദ്ദേഹത്തിനെത്തിച്ചുകൊടുക്കുകയുണ്ടായി.

അത്ഭുതങ്ങളുടെ മദ്ധ്യേ

**വി. ജെറാഡ്**

മാതാക്കളുടേയും ഗർഭിണികളുടേയും മദ്ധ്യസ്ഥൻ

പ്രതിമാസഗ്രന്ഥക്ലബ്ബ്

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

